34th Year of Service 2026

# കേരളാ എക്സ്പ്രസ്


# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 22, 2026 Vol. XXXIV No. 25




SUNNY
FINANCIAL STRATEGIES
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
401(k) & IRA Investment Optimization
Risk Management & Insurance
Business & Employee Benefits
Retirement Income Strategy
Estate Planning & Trusts
Tax Planning Strategies
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB ACCREDITED BUSINESS
Better Business Bureau

34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

8 മുൻ ഡിഎച്ച്എസിന് സ്ഥാനമേറ്റെടുക്കാനായില്ല

12 ഐപിസി എൻആർഐ ഗ്ലോബൽ കോൺഫറൻസ്


16 നേഴ്സിന്റെ യൂണിഫോമിന്റെ മഹത്വം

17 പിസിനാക് കോൺഫറൻസ് ജൂലൈ രണ്ടിന്

35 ഡബ്ല്യു.എം.സി വാൻകൂവർ പ്രൊവിൻസ്

### പുതിയ സർക്കാരിന്റെ ആദ്യ ബജറ്റ്

## മുൻസർക്കാരിന്റെ ബാധ്യത തീർക്കാൻ 87,012 കോടി




തിരുവനന്തപുരം: സാമ്പത്തിക പ്രതിസന്ധി മൂലം വൻകിട പദ്ധതികൾക്കു പോലും കേരള ബജറ്റിൽ വളരെക്കുറച്ചു പണമാണു വകയിരുത്തിയിട്ടുള്ളത്. പ്രഖ്യാപിച്ച പല പദ്ധതികളുടെയും പ്രാരംഭ പ്രവർത്തനങ്ങൾ മാത്രം ഈ വർഷം പ്രതീക്ഷിച്ചാൽ മതി. എൽഡിഎഫ് സർക്കാർ പാസാക്കിയ ബജറ്റ് പുതുക്കുകയെന്ന പരിമിത സ്വാതന്ത്ര്യമേയുള്ളൂ എന്നതിനാൽ, യുഡിഎഫിന്റെ പ്രകടനപത്രികയിലെ ഇന്ദിരാ ഗാരന്റികൾ പോലും അടുത്ത വർഷമേ നടപ്പാക്കാൻ കഴിയൂ.

ഒരു കുടുംബത്തിന് 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നൽകുന്ന ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്കു പോലും 10 കോടി രൂപ മാത്രമാണ് ബജറ്റിലുള്ളത്. അതിനാൽ പദ്ധതി പൂർണതോതിൽ നടപ്പാക്കാൻ അടുത്തവർഷം വരെ കാത്തിരിക്കേണ്ടിവരും. കേരള സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിൽ കഴിഞ്ഞ സർക്കാർ വരുത്തിവെച്ച ബാധ്യത 48,733 കോടി രൂപയെന്നാണു ചൂണ്ടിക്കാട്ടിയിരുന്നത്. എന്നാൽ, ബജറ്റ് പ്രസംഗത്തിൽ മുഖ്യമന്ത്രി വെളിപ്പെടുത്തിയ പെൻഷൻ കമ്പനിയുടെ ബാധ്യതകൂടി ചേർക്കുമ്പോൾ അത് 87,012 കോടി രൂപയിലെത്തും. ഇതിനു പുറമെ, ഏകദേശം 35,000 കോടി രൂപ കിഫ്ബി പദ്ധതികൾ നടപ്പാക്കാനും പണം കണ്ടെത്തണം.

കഴിഞ്ഞ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന വരുമാനത്തിൽനിന്ന് നികുതി വിഹിത, റവന്യൂ കമ്മി ഗ്രാന്റ് ഇനങ്ങൾ കുറയുന്നതിനാൽ സർക്കാരിനു വരുമാനനഷ്ടം 20,500 കോടി രൂപയാണ്. ഈ പ്രതിസന്ധി മറികടക്കുന്നതിനായി വികസന പദ്ധതികൾക്കുള്ള വകയിരുത്തൽ 35,750 കോടി രൂപയിൽ നിന്നു 30,370 കോടിയായി കുറച്ചു.

ഇതുമൂലം പട്ടികവിഭാഗങ്ങൾക്കു ഫണ്ട് കുറയാതിരിക്കാൻ 680 കോടി രൂപ പ്രത്യേകം അനുവദിച്ചു. മത്സ്യബന്ധനമേഖലയ്ക്കും 50 കോടി രൂപ അധികം വകയിരുത്തി.

(ശേഷം 34-ാം പേജിൽ)

## ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്ർ സ്റ്റാർമർ രാജിവെച്ചു

ലണ്ടൻ: ബ്രിട്ടീഷ് പ്രധാനമന്ത്രി സ്ഥാനത്തുനിന്ന് കെയ്ർ സ്റ്റാർമർ രാജിവെച്ചു. ലേബർ പാർട്ടി ലീഡർ സ്ഥാനവും ഒഴിയുകയാണെന്ന് സ്റ്റാർമർ അറിയിച്ചു. പാർട്ടിക്കുള്ളിലെ ഭിന്നതയും തെരഞ്ഞെടുപ്പുകളിലെ കനത്ത തിരിച്ചടി, നയപരമായ പരാജയങ്ങൾ, ജനപ്രീതിയിലുണ്ടായ ഇടിവ് എന്നിവയെ തുടർന്ന് പാർട്ടിയിലെ നൂറിലധികം എംപിമാരും മുതിർന്ന കാബിനറ്റ് മന്ത്രിമാരും അദ്ദേഹത്തിന്റെ രാജി ആവശ്യപ്പെട്ടിരുന്നു.

ഇന്നു രാവിലെയാണ് പ്രധാനമന്ത്രിസ്ഥാനമൊഴിയുന്നതായി സ്റ്റാർമർ ബ്രിട്ടണിലെ രാജാവിനെ അറിയിച്ചത്. ലേബർ പാർട്ടിയിലെ അദ്ദേഹത്തിന്റെ പ്രധാന എതിരാളിയും മുൻ ഗ്രേറ്റർ മാഞ്ചസ്റ്റർ മേയറുമായ ആൻഡി ബേൺഹാം ഉപതെരഞ്ഞെടുപ്പിൽ ജയിച്ച് പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് സ്റ്റാർമറുടെ രാജിയിലേക്കുള്ള വഴി വേഗത്തിലായത്. അടുത്ത പ്രധാനമന്ത്രി ആരായാലും തന്റെ പരിപൂർണ്ണ പിന്തുണ അദ്ദേഹത്തിനു നല്കുമെന്ന് സ്റ്റാർമർ പ്രഖ്യാപിച്ചു. കഴിഞ്ഞ ആറു വർഷമായി തന്നെ പിന്തുണച്ച് ഒപ്പംനിന്ന എല്ലാവരോടും നന്ദി അറിയിക്കുന്നതായും അദ്ദേഹം പ്രതികരിച്ചു.

പുതിയ പ്രധാനമന്ത്രി സ്ഥാനത്തേക്കുള്ള നാമനിർദ്ദേശങ്ങൾ ക്ഷണിക്കാ



ൻ ലേബർ പാർട്ടി എക്സിക്യൂട്ടീവ് കമ്മിറ്റിയോട് അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്. സെപ്റ്റംബറിനുള്ളിൽ അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതുവരെ ഇടക്കാല പ്രധാനമന്ത്രിയായി സ്റ്റാർമർ തന്നെ തുടരും.

## 'അമ്മ'യിൽ കൂട്ടരാജി

കൊച്ചി: താരസംഘടനയായ 'അമ്മ'യുടെ ചരിത്രം തിരുത്തി താക്കോൽ സ്ഥാനങ്ങളിലേക്കു വനിതകളുമായി എത്തിയ ഭരണസമിതി, ഒരു വർഷമെത്തും മുൻപ് കൂട്ടമായി രാജിവെച്ചു.

പാവയാകാൻ പറ്റിയാലേ ഭാരവാഹിയായിരിക്കാനാകൂ എന്നും തന്നെ അതിനു കിട്ടില്ലെന്നും തുറന്നടിച്ച പ്രസിഡന്റ് ശ്വേത മേനോൻ, ആ സ്ഥാനം മാത്രമല്ല, പ്രാഥമികാംഗത്വവും രാജിവെച്ചു. തുടർന്ന് 17 അംഗ എക്സിക്യൂട്ടീവും ഒഴിഞ്ഞു.

ഇതിൽ വൈസ് പ്രസിഡന്റും നിലവിലെ തർക്കങ്ങളിൽ പരാതിക്കാരിയുമായ നടി ലക്ഷ്മിപ്രിയയും പ്രാഥമികാംഗത്വം രാജിവെച്ചു. മുൻപ്, മോഹൻലാൽ പ്രസിഡന്റായിരുന്ന സമിതിയും ഹേമ കമ്മിറ്റി റിപ്പോർട്ട് വിവാദത്തിനു പിന്നാലെ കൂട്ടമായി സ്ഥാനമൊഴിയുകയായിരുന്നു.

ജനറൽ ബോഡിയോഗം തുടങ്ങും മുൻപു തന്നെ ഭരണസമിതിക്കെതിരെ ചിലർ അവിശ്വാസ പ്രമേയത്തിൽ ഒപ്പുശേഖരിച്ചു തുടങ്ങിയിരുന്നു. യോഗത്തിൽ, ജനറൽ സെക്രട്ടറി കുക്കു പരമേശ്വരൻ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചതിനു പിന്നാലെ തർക്കം മൂത്തു. ട്രഷറർ ഉണ്ണി ശിവപാലിനെ



ഈ യോഗം വരെ മാറ്റി നിർത്തിയതിനാലാണു കുക്കു കണക്കും അവതരിപ്പിച്ചത്. കണക്കിൽ വ്യക്തതയില്ലെന്ന് സിദ്ദിഖ്, ബാബുരാജ്, ഇടവേള ബാബു എന്നിവർ ആരോപിച്ചു.

കണക്കുകളെപ്പറ്റി അറിയില്ലെന്ന് ഉണ്ണി ശിവപാലും പൊരുത്തക്കേടുകൾ ഓഡിറ്ററും ചൂണ്ടിക്കാട്ടിയതോടെ റിപ്പോർട്ട് അംഗീകരിക്കില്ലെന്ന് അഭിപ്രായം ഉയർന്നു. പിഴവുതിരുത്താൻ ശ്വേത മേനോൻ 45 ദിവസം ആവശ്യപ്പെട്ടെങ്കിലും എതിർവിഭാഗം തയാറായില്ല.

കെ.ബി. ഗണേഷ് കുമാർ മോഹൻലാലിനോട് ഇടപെടാൻ അഭ്യർത്ഥിച്ചെങ്കിലും യോഗതീരുമാനം അംഗീകരിക്കാമെന്നായിരുന്നു നിലപാട്. ഇതിനിടെ വേദിയിലെത്തിയ ബാബുരാജ്, ബിജെപിക്കു സ്ഥാനാർത്ഥികളെ നൽകാൻ ശ്വേത കോടികൾ വാങ്ങിയെന്നും ആരോപിച്ചു. ഇതോടെ, പ്രകോപിതയായ ശ്വേത വൈകാരികമായി രാജി പ്രഖ്യാപിച്ചു വേദിവിട്ടു.

കണക്കുപോലും കൃത്യമായി അവതരിപ്പിക്കാത്ത ഭരണസമിതി രാജിവെച്ചതു ചരിത്രപരമായ തീരുമാനമെന്നു നടി അൻസിബ ഹസൻ പ്രതികരിച്ചു. യോഗത്തിൽ തന്റെ പരാതികൾ അവതരിപ്പിക്കാൻ സാധിച്ചെന്നും നീതി കിട്ടിയെന്നും അവർ പറഞ്ഞു.

## മുല്ലപ്പെരിയാർ: സമിതിയിൽ കേരളത്തിന് തിരിച്ചടി

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്രസുരക്ഷാ പരിശോധനയ്ക്കായി രൂപീകരിച്ച വിദഗ്ധ സമിതിയിലെ കേരളം നിർദേശിച്ച വിദഗ്ധനെ കേന്ദ്രസർക്കാർ നീക്കി. സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സമിതിയിൽ നിന്നാണു കേരളം നിർദേശിച്ച കേന്ദ്ര ജലകമ്മിഷൻ മുൻ ചീഫ് എഞ്ചിനീയർ ടി.കെ.ശിവരാജനെ നീക്കി ഈ മാസം 16-ന് ഉത്തരവിട്ടത്. ഐഐടി റൂർക്കിയിലെ ഇന്റർനാഷണൽ സെന്റർ ഓഫ് എക്സലൻസ് ഫോർ ഡാംസ് മേധാവി പ്രഫ. എം.എൽ. ശർമയെയാണു പകരം നിയമിച്ചത്.

വ്യക്തിപരമായ കാരണങ്ങളാൽ ശിവരാജനെ ലഭിക്കുന്നില്ലെന്നാണ് ഉത്തരവിൽ പറയുന്നത്. വിദഗ്ധസമിതി അദ്ധ്യക്ഷൻ, നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപറേഷൻ മുൻ ചെയർമാൻ ബൽരാജ് ജോഷി ഉൾപ്പെടെയുള്ളവർക്കു മാറ്റമില്ല. ആകെ അഞ്ച് അംഗങ്ങളാണു സമിതിയിലുള്ളത്.

2022-ലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2025 നവംബറിൽ ചേർന്ന മുല്ലപ്പെരിയാർ മേൽനോട്ടസമിതിയാണ് തമിഴ്നാടും കേരളവും നിർദേശിച്ച അണക്കെട്ട് വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി സ്വതന്ത്ര സമിതി രൂപീകരിക്കാൻ തീരുമാനിച്ചത്. ജനുവരി ആറിന് ഇറക്കിയ ഉത്തരവിൽ ടി.കെ. ശിവരാജന്റെ പേരുണ്ടായിരുന്നു. സമിതി നേരിട്ട് അണക്കെട്ടും പരിസരപ്രദേശങ്ങളും പരിശോധിച്ച് നാല് മാസത്തിനകം റിപ്പോർട്ട് നൽകാനായിരുന്നു നിർദേശം. എന്നാൽ നടപടികൾ ആരംഭിച്ചിട്ടില്ല.

# ഐഎസ്ആർഒ: ഗ്രൗണ്ട് സ്റ്റേഷനുകൾ സ്വകാര്യമേഖലയ്ക്ക്

തിരുവനന്തപുരം: വിക്ഷേപിച്ച ഉപഗ്രഹങ്ങളെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും വിവരങ്ങൾ ശേഖരിക്കാനുമുള്ള ഗ്രൗണ്ട് സ്റ്റേഷനുകൾ സ്വകാര്യമേഖലയ്ക്കു തുറന്നുകൊടുക്കാൻ ഒരുങ്ങി ഐഎസ്ആർഒ. ഉപഗ്രഹ സാങ്കേതിക വിദ്യകളും കൈമാറും.

തെലങ്കാനയിലെ ഷാദ് നഗറിൽ ഐഎസ്ആർഒയുടെ നാഷണൽ റിമോട്ട് സെൻസിങ് സെന്റർ (എൻആർഎസ്സി) ക്യാംപസിലെ 9.15 ഏക്കറിലാണ് മൂന്ന് സ്വകാര്യ കമ്പനികൾക്കു ഗ്രൗണ്ട് സ്റ്റേഷൻ നൽകുക. സ്വന്തം ആവശ്യത്തിനോ വാണിജ്യാടിസ്ഥാനത്തിൽ സേവനം നൽകാനോ ഗ്രൗണ്ട് സ്റ്റേഷൻ ഉപയോഗിക്കാം.

ഐഎസ്ആർഒയുടെ ടെലിമെട്രി ട്രാക്കിങ് ആൻഡ് കമാൻഡ് നെറ്റ്‌വർക് (ഇസ്ട്രാക്) ആണ് നിലവിലെ പ്രധാന ട്രാക്കിങ്. കമാൻഡ് ശൃംഖല, റോക്കറ്റ്, ഉപഗ്രഹ നിർമാണം, വിക്ഷേപണ സേവനങ്ങൾ എന്നിവയ്ക്കുശേഷം ഗ്രൗണ്ട് സ്റ്റേഷൻ കൂടി സ്വകാര്യമേഖലയ്ക്കു കൈമാറുന്നതോടെ ഗവേഷണ പ്രവർത്തനങ്ങളിൽ ഐഎസ്ആർഒ ശ്രദ്ധ കേന്ദ്രീകരിക്കും. സ്വകാര്യ ഗ്രൗണ്ട് സ്റ്റേഷൻ ശൃംഖല വളരുന്നതോടെ വിദേശസ്ഥാപനങ്ങളെ ആശ്രയിക്കുന്നതു കുറയ്ക്കാം.

ഇന്ത്യൻ ഉപഗ്രഹ കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും പുതിയ അവസരങ്ങൾ തുറന്നുകിട്ടുമെന്നതാണു നേട്ടം. ഗ്രൗണ്ട് സ്റ്റേഷനു വലിയ നിക്ഷേപം വേണ്ടതിനാൽ വരുമാനസാധ്യതയ്ക്കു സമയമെടുക്കും. സ്പെക്ട്രം അനുവദിക്കൽ, സുരക്ഷാ അനുമതികൾ തുടങ്ങിയവയ്ക്കും സമയം വേണ്ടിവരും.

ഭ്രമണപഥത്തിലെ ഉപഗ്രഹങ്ങൾ ശേഖരിക്കുന്ന ചിത്രങ്ങളും വിവരങ്ങളും ഭൂമിയിലേക്കു സ്വീകരിക്കുക, ഉപഗ്രഹങ്ങളുടെ നില നിരീക്ഷിക്കുക, നിർദേശങ്ങൾ അയയ്ക്കുക, ഡേറ്റ സ്വീകരിക്കുക തുടങ്ങിയവയാണ് ഗ്രൗണ്ട് സ്റ്റേഷനുകളിൽ ചെയ്യുന്നത്.

കാലാവസ്ഥാ നിരീക്ഷണം, കൃഷി പഠനങ്ങൾ, ദുരന്തനിവാരണം, മാപ്പിങ്, പ്രതിരോധ ആവശ്യങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകളിൽ ഇവ നിർണായകമാണ്. 5 ജി മൊബൈൽ നെറ്റ്‌വർക്കിനു നിയന്ത്രണമുള്ളതിനാൽ ഷാദ് നഗറിൽ ഉയർന്ന ഫ്രീക്വൻസി ബാൻഡിലെ സിഗ്നൽ സ്വീകരിക്കാനാകും.

## ‘അമ്മ’യെ നയിക്കാൻ അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു



കൊച്ചി: താരസംഘടനയായ ‘അമ്മ’യിൽ പ്രസിഡന്റ് ശ്വേതാ മേനോനും ഭരണസമിതിയും ഒന്നടങ്കം രാജിവെച്ചതിന് പിന്നാലെ സംഘടനെ നയിക്കാൻ അടിയന്തരമായി അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു. നടനും പാലക്കാട് എംഎൽഎയുമായ രമേഷ് പിഷാരടിയുടെ നേതൃത്വത്തിലുള്ള ഒൻപതംഗ കമ്മിറ്റിയാണ് താൽക്കാലികമായി ചുമതലയേറ്റിരിക്കുന്നത്. നാല് മാസമാണ് അഡ്ഹോക്ക് കമ്മിറ്റിയുടെ കാലാവധി. ഈ കാലയളവിനുള്ളിൽ പുതിയ ഭരണസമിതിയെ കണ്ടെത്താനുള്ള പൊതുതെരഞ്ഞെടുപ്പ് നടപടികളിലേക്ക് സംഘടന കടക്കും. ജഗദീഷിന്റെ നേതൃത്വത്തിൽ നടന്ന ദ്രുതഗതിയിലുള്ള ചർച്ചകൾക്കൊടുവിലാണ് രമേഷ് പിഷാരടിയെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തത്. കെ.ബി. ഗണേഷ് കുമാർ, സാദിഖ്, കലാഭവൻ ഷാജോൺ, സുരേഷ് കൃഷ്ണ, ഡോ. റോണി ഡേവിഡ്, ആശ അരവിന്ദ്, കൃഷ്ണപ്രഭ, ദേവി ചന്ദന എന്നിവരാണ് അംഗങ്ങൾ. കാലാവധി നാല് മാസമാണെന്ന് പറഞ്ഞിരിക്കുന്നതെങ്കിലും ഒരു വർഷത്തിനു ശേഷം നടക്കുന്ന അടുത്ത ജനറൽ ബോഡി വരെ തുടരാമെന്നാണു ധാരണയെന്നാണു സൂചന.

## ഖത്തറിൽ പ്രകൃതിവാതക പ്ലാന്റിൽ വൻ സ്ഫോടനം 18 പേരെ കാണാനില്ല; 54 പേർക്ക് പരുക്ക്

ദുബായ്: ഖത്തറിലെ പ്രധാന പ്രകൃതിവാതക പ്ലാന്റിൽ വൻ സ്ഫോടനം. ഇറാൻ ആക്രമണത്തിനു പിന്നാലെ അടച്ചിട്ട പ്ലാന്റിൽ ഞായറാഴ്ച രാ




ത്രി വൻസ്ഫോടനം. പ്രവർത്തനം പുനരാരംഭിക്കാനുള്ള തൊഴിലാളികളുടെ ശ്രമത്തിനിടെയാണ് ദുരന്തമുണ്ടായത്. ലോകത്തിലെ ഏറ്റവും വലിയ എൽഎൻജി പ്ലാന്റാണിത്. സ്ഫോടനത്തെത്തുടർന്നുണ്ടായ തീപിടിത്തത്തിൽ കുറഞ്ഞത് 54 പേർക്കു പരുക്കേൽക്കുകയും 18 പേരെ കാണാതാകുകയും ചെയ്തു. റാസ് ലഫാൻ വ്യാവസായിക മേഖലയിലുണ്ടായ സ്ഫോടനം ആഗോള ഊർജവിപണിയെ വീണ്ടും പ്രതിസന്ധിയിലാക്കിയേക്കും.

മണിക്കൂറുകൾ കഴിഞ്ഞിട്ടും കാണാതായവർക്കായുള്ള തെരച്ചിൽ തുടരുകയാണ്. ഹോർമുസ് കടലിടുക്കിൽ ഇറാൻ നിയന്ത്രണം കടുപ്പിച്ചതോടെ ഉപഭോക്താക്കൾക്ക് ഇന്ധനം എത്തിക്കാൻ കഴിയാതെ ഖത്തർ ഉൽപാദനം നിർത്തിവെച്ചിരിക്കുകയായിരുന്നു.

യുദ്ധം ശാശ്വതമായി അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്ന പശ്ചാത്തലത്തിൽ ഹോർമുസ് കടലിടുക്കിലെ നിയന്ത്രണങ്ങളിൽ ഇറാൻ ഇളവ് വരുത്തിയിരുന്നു. ഇതേത്തുടർന്നാണ് പ്ലാന്റ് വീണ്ടും പ്രവർത്തനക്ഷമമാക്കാൻ ഖത്തർ ശ്രമം തുടങ്ങിയത്.

# കോൺഗ്രസുകാരെ ശാസിച്ച് മല്ലികാർജുൻ ഖാർഗെ



ബെംഗ്ളൂരു: പൊതുയോഗത്തിൽ ബഹളമുണ്ടാക്കിയ പാർട്ടി പ്രവർത്തകരെ ‘ഒന്നിനും കൊള്ളാത്തവർ’ എന്നു വിളിച്ചു കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. ബി.കെ. ഹരിപ്രസാദ് കർണാടക കോൺഗ്രസ് അദ്ധ്യക്ഷനായി ചുമതലയേൽക്കുന്ന ചടങ്ങിലായിരുന്നു രോഷപ്രകടനം. ഖാർഗെ പ്രസംഗിക്കാൻ തുടങ്ങുന്നതിനിടെ അണികൾ മുഖ്യമന്ത്രി ഡി.കെ. ശിവകുമാറിനു വേണ്ടി മുദ്രാവാക്യം വിളിച്ചു. എഴുന്നേറ്റു നിന്നു മുദ്രാവാക്യം വിളിച്ചവരെ നിയന്ത്രിക്കാൻ ശിവകുമാറും ശ്രമിക്കുന്നുണ്ടായിരുന്നു. മുദ്രാവാക്യം വിളിച്ചു കഴിഞ്ഞോ എന്നു ചോദിച്ച ഖാർഗെ ഇങ്ങനെ വിളിച്ചു കൂവിയാൽ രാജ്യം മുഴുവൻ കേൾക്കുമോ എന്നും ആരാഞ്ഞു. തുടർന്നാണ് യൂസ്‌ലെസ് ഫെലോസ് എന്നു വിളിച്ചത്. മോദി ഇന്ത്യയും ട്രംപ് ലോകവും നശിപ്പിക്കുന്നു എന്നുപറഞ്ഞ ഖാർഗെ, പരസ്പരം നല്ല സുഹൃത്തുക്കളെന്നു വിശേഷിപ്പിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയും യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപും അവരവരുടെ അധികാര മേഖലകളിൽ നാശം വിതയ്ക്കുകയാണെന്ന് മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. മോദി ഇന്ത്യയെയും ട്രംപ് ലോകത്തെയൊന്നാകെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അയോധ്യ രാമക്ഷേത്ര ട്രസ്റ്റിന്റെ പേരിലുള്ള ഫണ്ട് തിരിമറി മതത്തിന്റെയും രാമന്റെയും പേരിൽ നടന്ന കൊള്ളയാണ്. 5,000 കോടി രൂപയുടെയെങ്കിലും തിരുമറി നടന്നിട്ടുണ്ട്. അദ്ധ്വാനിയുടെ രഥയാത്രയിൽ പിരിച്ച പണത്തിന്റെ പേരിൽ ഒരു അക്കൗണ്ടും സൂക്ഷിച്ചിട്ടില്ല. രാമക്ഷേത്രം നിർമ്മിച്ചത് തിരിമറിക്കായാണെന്നും അദ്ദേഹം ആരോപിച്ചു. സാധാരണ ക്ഷേത്രങ്ങൾ ഉദ്ഘാടനം ചെയ്യുന്നത് സ്വാമിജിമാരും മഠാധിപതികളുമൊക്കെയാണ്. എന്നാൽ, രാമക്ഷേത്രം ഉദ്ഘാടനം ചെയ്തത് മോദി തന്നെയാണ്. ക്ഷേത്രത്തിന്റെ പണം എവിടെ പോകുന്നുവെന്ന് അന്വേഷിക്കണമെന്നും ഖാർഗെ ആവശ്യപ്പെട്ടു.

## ഇന്ത്യക്കെതിരെ ഭീഷണിയുമായി പാക് പ്രതിരോധമന്ത്രി

ന്യൂഡൽഹി: സിന്ധു നദീജല കരാർ നിർത്തിവെക്കാനുള്ള തീരുമാനം മാറ്റമില്ലാതെ തുടരുമെന്ന് ഇന്ത്യ വ്യക്തമാക്കിയതിനു പിന്നാലെ, ഇന്ത്യക്കെതിരെ പരസ്യ യുദ്ധഭീഷണിയുമായി പാക്കിസ്ഥാൻ പ്രതിരോധമന്ത്രി ഖ്വാജ ആസിഫ്. പാക്കിസ്ഥാൻ നേരിടുന്ന രൂക്ഷമായ ആഭ്യന്തര പ്രതിസന്ധികൾക്കും ജലക്ഷാമത്തിനും ഇടയിലാണ് ഇന്ത്യക്കെതിരേയുള്ള കടുത്ത പരാമർശം. എആർവൈ ന്യൂസിനു നല്കിയ അഭിമുഖത്തിലാണ് ഖ്വാജ ആസിഫ് ഭീഷണി മുഴക്കിയത്.

നമ്മുടെ ദേശീയ സുരക്ഷയും അതിന്റെ ഭാഗമായ ജലസുരക്ഷയും ഭീഷണിയിലാണെന്ന് ബോദ്ധ്യപ്പെടുന്ന നിമിഷം നമ്മൾ ഇന്ത്യക്കെതിരെ യുദ്ധത്തിന് ഇറങ്ങുമെന്നും അതിൽ യാതൊരു സംശയവുമില്ലെന്നും ഖ്വാജ ആസിഫ് പറഞ്ഞു. ജലവിതരണം തടസ്സപ്പെടുത്താൻ ഇന്ത്യ അസാധാരണ വേഗത്തിൽ നീങ്ങുന്നുവെന്ന് പാക്കിസ്ഥാന് തെളിവ് ലഭിച്ചാൽ സൈനിക നടപടിയെക്കുറിച്ച് ആലോചിക്കുമെന്നും അദ്ദേഹം പറഞ്ഞു.

2025 ഏപ്രിലിൽ പഹൽഗാമിൽ 26 പേരുടെ മരണത്തിനിടയാക്കിയ പാക് ഭീകരാക്രമണത്തെ തുടർന്നാണ് 1960-ലെ സിന്ധു നദീജല കരാർ താൽക്കാലികമായി നിർത്തിവെക്കാൻ ഇന്ത്യ തീരുമാനിച്ചത്. അതിർത്തി കടന്നുള്ള ഭീകരവാദത്തിനെതിരെ പാക്കിസ്ഥാൻ വിശ്വസനീയവും ശക്തവുമായ നടപടികൾ സ്വീകരിക്കുന്നതുവരെ കരാർ പുനഃസ്ഥാപിക്കില്ലെന്ന നിലപാടിൽ ഇന്ത്യ ഉറച്ചുനിൽക്കുകയാണ്. ലോക ബാങ്കിന്റെ മദ്ധ്യസ്ഥതയിലുണ്ടാക്കിയ കരാർ പ്രകാരം 80 ശതമാനം വെള്ളവും കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാക്കിസ്ഥാന് അനുമതിയുണ്ട്. വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലെ പാക് സർക്കാരിന്റെ കടുത്ത പരാജയമാണ് നിലവിലെ ജലക്ഷാമത്തിനു കാരണമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. ആഭ്യന്തര പരാജയം മറച്ചുവെക്കാനാണ് പാക്കിസ്ഥാൻ പ്രതിരോധ മന്ത്രിയുടെ ശ്രമമെന്നും ഇവർ പറയുന്നു. ആഭ്യന്തര തർക്കങ്ങൾ പരിഹരിക്കാൻ സർക്കാരിനു കഴിയാത്തത് വലിയ സാമ്പത്തിക തകർച്ചയ്ക്ക് കാരണമാകുമെന്ന് പ്രാദേശിക നേതാക്കൾ മുന്നറിയിപ്പ് നല്കുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 25
June 22, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്‌വചനം

നേതൃത്വമെന്നാൽ പ്രവർത്തനമാണ്, പദവിയല്ല.

**ഡൊനാൾഡ് എച്ച്. മഗ്നോൻ**

വിമർശനം അക്ഷോഭ്യനായി സ്വീകരിക്കുന്നതാണ് മഹത്വത്തിന്റെ ആദ്യലക്ഷണം.

**വിക്ടർ ഹ്യൂഗോ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE
PLANNING
Wills • Revocable Living Trust • Incapacity Planning
Signature
Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago


## കേരള ബജറ്റ് 2026–27: പ്രതീക്ഷയും ആശങ്കയും

കേരളത്തിൽ ഭരണം മാറിവന്നതിനു ശേഷമുള്ള ആദ്യത്തെ സമഗ്ര ധനകാര്യ നയപ്രഖ്യാപനത്തിന് നിയമസഭ സാക്ഷ്യം വഹിച്ചു. മുഖ്യമന്ത്രി പദത്തിനൊപ്പം ധനകാര്യ വകുപ്പും കൈകാര്യം ചെയ്യുന്ന വി.ഡി. സതീശൻ അവതരിപ്പിച്ച 2026-27 വർഷത്തെ പുതുക്കിയ ബജറ്റ്, യുഡിഎഫ് സർക്കാരിന്റെ വരാനിരിക്കുന്ന അഞ്ച് വർഷത്തെ വികസന വീക്ഷണത്തിന്റെ കൃത്യമായ ദിശാസൂചികയാണ്. ജനപ്രിയ പ്രഖ്യാപനങ്ങളിലൂടെയും ഘടനാപരമായ പരിഷ്കാരങ്ങളിലൂടെയും ഒരു 'പുതിയ കേരളം' കെട്ടിപ്പടുക്കുമെന്ന വാഗ്ദാനമാണ് ബജറ്റിന്റെ കാതൽ. പ്രതിപക്ഷ നേതാവെന്ന നിലയിൽ മുൻപ് സാമ്പത്തിക അച്ചടക്കത്തെക്കുറിച്ച് വാചാലനായ അദ്ദേഹം, ഭരണാധികാരിയുടെ കസേരയിലിരുന്ന് യാഥാർത്ഥ്യങ്ങളോട് പൊരുതുന്ന കാഴ്ചയാണ് ഈ ബജറ്റ് തരുന്നത്. അധികാരമേറ്റ ഉടൻ തന്നെ ജനങ്ങളെ ആകർഷിക്കുന്ന പ്രഖ്യാപനങ്ങൾ മാത്രം നടത്താതെ, സംസ്ഥാനത്തിന്റെ സാമ്പത്തിക യാഥാർത്ഥ്യങ്ങൾ തുറന്നുപറയാൻ സർക്കാർ തയ്യാറായത് ശ്രദ്ധേയമാണ്.

ക്ഷേമപ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും തുല്യ പ്രാധാന്യം നൽകാൻ ധനമന്ത്രി ശ്രമിച്ചിട്ടുണ്ട് എന്നത് ഈ ബജറ്റിന്റെ വലിയൊരു മേന്മയായി കാണാം. സ്ത്രീകൾക്ക് കെഎസ്ആർടിസി യാത്രാ ആനുകൂല്യം, ആശാപ്രവർത്തരുടെ വേതനവർധന, വയോജനക്ഷേമത്തിനായി പ്രത്യേക വകുപ്പ്, വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ, യുവാക്കൾക്കുള്ള തൊഴിലവസരങ്ങൾ, ആരോഗ്യ മേഖലയിലെ നിക്ഷേപങ്ങൾ തുടങ്ങിയ പ്രഖ്യാപനങ്ങൾ ജനങ്ങളുടെ പ്രതീക്ഷ വർധിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ സാധാരണ കുടുംബങ്ങളുടെ ജീവിതച്ചെലവ് കുതിച്ചുയരുന്ന സാഹചര്യത്തിൽ ഇത്തരം പദ്ധതികൾക്ക് വലിയ സാമൂഹിക പ്രസക്തിയുണ്ട്. സാമൂഹ്യനീതിയും ക്ഷേമവും കേരളത്തിന്റെ രാഷ്ട്രീയ സംസ്കാരത്തിന്റെ ഭാഗമാണ്. അതിനെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഏത് സർക്കാരിനുമുണ്ട്. പക്ഷേ ചോദ്യം ഇതാണ്: പണം എവിടെ നിന്നാണ് വരുന്നത്? ഈ ചോദ്യത്തിനാണ് ബജറ്റിന്റെ യഥാർത്ഥ പരീക്ഷ. കേരളത്തിന്റെ സാമ്പത്തിക ചർച്ചകളിൽ വർഷങ്ങളായി ഒഴിവാക്കപ്പെട്ട ഒരു സത്യമുണ്ട്. ക്ഷേമപദ്ധതികൾ ജനങ്ങൾക്ക് ആവശ്യമാണ്. എന്നാൽ അവ നിലനിൽക്കണമെങ്കിൽ സമ്പദ്‌വ്യവസ്ഥ ശക്തമാകണം. സമ്പത്ത് സൃഷ്ടിക്കാതെ സമ്പത്ത് വിതരണം ചെയ്യാൻ സാധിക്കില്ല. കേരളം കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കണം. വ്യവസായങ്ങൾ വളരണം. യുവാക്കൾക്ക് കേരളത്തിനകത്ത് തൊഴിൽ ലഭിക്കണം. പ്രവാസികൾ മടങ്ങി വന്ന് നിക്ഷേപിക്കാൻ താൽപര്യപ്പെടണം. സർക്കാർ വകുപ്പുകളിൽ ഡിജിറ്റൽ പരിഷ്കാരങ്ങൾ വേണം. നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ രാഷ്ട്രീയ സംരക്ഷണത്തിന്റെ പേരിൽ നിലനിർത്തുന്നത് അവസാനിപ്പിക്കണം. സാമ്പത്തിക അച്ചടക്കമില്ലാതെ ജനക്ഷേമ പദ്ധതികൾ പ്രഖ്യാപിക്കുന്നത് ഭാവിതലമുറകളുടെ പേരിൽ കടം വാങ്ങുന്നതിന് തുല്യമാണ്.

അഞ്ച് ലക്ഷം കോടി രൂപയിലധികം പൊതുകടമുള്ള ഒരു സംസ്ഥാനത്ത്, പ്രഖ്യാപിച്ച വൻകിട പദ്ധതികൾക്കുള്ള വിഭവസമാഹരണം എവിടെനിന്ന് നടത്തുമെന്നത് ആശയക്കുഴപ്പമുണ്ടാക്കുന്നു. കേന്ദ്രത്തിന്റെ കടമെടുപ്പ് പരിധിയിലെ കർശന നിയന്ത്രണങ്ങൾ നിലനിൽക്കെ, കടുത്ത സാമ്പത്തിക അച്ചടക്കത്തെക്കുറിച്ച് ബജറ്റിൽ വ്യക്തമായ റോഡ് മാപ്പില്ല. കേരളത്തിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി ചെലവഴിക്കുമ്പോൾ, പുതിയ ക്ഷേമപദ്ധതികൾ ഖജനാവിന് മേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കും.

വ്യവസായ-ആരോഗ്യ മേഖലകളിലെ വലിയ നീക്കിവെപ്പുകൾ ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന് ഗുണം ചെയ്യുമെങ്കിലും അടിയന്തരമായി വിലക്കയറ്റം തടയുന്നതിനോ ആഭ്യന്തര വരുമാനം ഗണ്യമായി വർധിപ്പിക്കുന്നതിനോ ഉള്ള പദ്ധതിയോ ഈ ബജറ്റിലില്ല. കടമെടുപ്പ് മാത്രം ലക്ഷ്യമിട്ടുള്ള മുന്നേറ്റം സംസ്ഥാനത്തെ കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചേക്കാം. കേരളം തെരഞ്ഞെടുക്കേണ്ട വഴി വ്യക്തമാണ്. ക്ഷേമപദ്ധതികൾ ഉപേക്ഷിക്കേണ്ടതില്ല. പക്ഷേ, അവ നിലനിർത്താൻ സാമ്പത്തിക വളർച്ച അനിവാര്യമാണ്. സാമൂഹ്യനീതി നിലനിർത്തണം. അതോടൊപ്പം നിക്ഷേപങ്ങളും വ്യവസായങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കണം.

ഇരുപതാം നൂറ്റാണ്ടിലെ രാഷ്ട്രീയ മുദ്രാവാക്യങ്ങൾ കൊണ്ട് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനാവില്ല. ഒരു സർക്കാരിന്റെ ജനപ്രീതി അളക്കുന്നത് എളുപ്പമാണ്. എന്നാൽ ഒരു സർക്കാരിന്റെ രാഷ്ട്രീയ ധൈര്യം അളക്കുന്നത് ബുദ്ധിമുട്ടാണ്. ജനങ്ങൾക്ക് കേൾക്കാൻ ഇഷ്ടമില്ലാത്ത സത്യങ്ങൾ പറയുന്നതാണ് ധൈര്യം. ഈ ബജറ്റും കേരളത്തോട് പറയുന്നത് അതാണ്. കേരളം സാമ്പത്തിക പ്രതിസന്ധിയുടെ വക്കിലാണ്. ചെലവുകൾ നിയന്ത്രിക്കണം. വരുമാനം വർധിപ്പിക്കണം. വികസന പദ്ധതികൾക്ക് മുൻഗണന നൽകണം. രാഷ്ട്രീയ സൗകര്യങ്ങൾക്കല്ല, സാമ്പത്തിക യാഥാർത്ഥ്യങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. ഇത് നടപ്പിലാക്കുമ്പോൾ സ്വാഭാവികമായും എതിർപ്പുകൾ ഉണ്ടാകും. എല്ലാ പരിഷ്കാരങ്ങൾക്കും വിലയുണ്ട്. എന്നാൽ പരിഷ്കാരങ്ങൾ ഒഴിവാക്കുന്നതിനും വിലയുണ്ട്. ആ വില നൽകേണ്ടിവരുന്നത് സാധാരണ ജനങ്ങളായിരിക്കും.

# സ്വപ്നപദ്ധതികളുമായി വി.ഡി. സതീശന്റെ കന്നി ബജറ്റ്

'പുതുയുഗകേരളം' നിർമിതിക്കായി നിരവധി സ്വപ്നപദ്ധതികൾ പ്രഖ്യാപിച്ച് വി.ഡി. സതീശൻ സർക്കാരിന്റെ കന്നിബജറ്റ്. അടുത്ത അഞ്ചുവർഷം കേരളത്തിൽ നടപ്പാക്കുന്ന വികസനങ്ങളുടെ ദിശാസൂചികയെന്നു വിശേഷിപ്പിച്ച് ധനമന്ത്രി കൂടിയായ മുഖ്യമന്ത്രി വി.ഡി. സതീശൻ അവതരിപ്പിച്ച ബജറ്റിൽ വരുമാനവർധനയ്ക്കു കാര്യമായ നിർദേശങ്ങളില്ല. നികുതികളിൽ വർധനയില്ല. നികുതി കൃത്യമായി പിരിച്ചെടുക്കുമെന്ന നിശ്ചയദാർഢ്യം മാത്രമാണ് വരുമാനവർധനയ്ക്കുള്ള മാർഗമായി ബജറ്റിലുള്ളത്.


യുഡിഎഫിന്റെ ഇന്ദിരാ ഗാരന്റിയിൽ ഉൾപ്പെട്ട, എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് ഉറപ്പുനൽകുന്ന ഉമ്മൻ ചാണ്ടിപദ്ധതിയുടെ പ്രാരംഭനടപടികൾക്കായി നീക്കിവെച്ചതു 10 കോടി രൂപ മാത്രം. റബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തി. കേരളത്തിന്റെ സ്ഥാനം ലോക മാരിടൈം ഭൂപടത്തിൽ രേഖപ്പെടുത്തുന്ന 'മിഷൻ സമുദ്ര'യാണ് ബജറ്റിലെ വ്യത്യസ്തവും ശ്രദ്ധേയവുമായ പദ്ധതികളിലൊന്ന്. ഇതിനായി 400 കോടി രൂപ നീക്കിവെക്കും.

1,69,646.37 കോടി രൂപ വരവും 2,05,001.67 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ് പ്രകാരം റവന്യൂ കമ്മി 35,355.30 കോടി രൂപ. മൂലധനച്ചെലവുകൾ പെരുപ്പിച്ചുകാട്ടി മുൻസർക്കാർ കണക്കുകളിൽ മറിമായം കാട്ടിയെന്നു മുഖ്യമന്ത്രി സതീശൻ ആരോപിച്ചു. കിഫ്ബിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കാൻ വിദഗ്ധ സമിതി. ചെറുകിട ഇലക്ട്രിക് വാഹനങ്ങളുടെ നികുതി കുറയ്ക്കും. ക്യാമ്പസുകളിൽ റാഗിങ് തടയാൻ 'സിദ്ധാർഥൻ ആന്റി റാഗിങ് വെൽഫെയർ ആക്ട്' നടപ്പാക്കും. ക്യാമ്പസുകളെ സ്ത്രീസൗഹൃദമാക്കും. സർക്കാർ ജീവനക്കാരുടെ ഡിഎ/ഡിആർ മുടക്കില്ല. കുടിശിക സമയബന്ധിതമായി നൽകും. പങ്കാളിത്ത പെൻഷൻ പദ്ധതി തുടരും. മെഡിസെപ് പദ്ധതി പരിഷ്കരിക്കും. അഷ്വേർഡ് പെൻഷൻ പദ്ധതിയിലെ അവ്യക്തത പരിശോധിച്ച് എൻ.പി.എസ്. സംവിധാനം പരിഷ്കരിക്കും. കേരള സെക്രട്ടേറിയറ്റ് ഇന്ത്യയിലെ ഏറ്റവും മികച്ചതാക്കും. കുട്ടികൾക്കെതിരായ അതിക്രമങ്ങളോട് സീറോ ടോളറൻസ് നിലപാട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയാൻ 'മകൾക്കൊപ്പം' പദ്ധതി. പ്രധാന സർവകലാശാലകളിൽ വിദ്യാർത്ഥി വൈവിധ്യത്തിനു പ്രത്യേക പരിഗണന. എല്ലാ പെൺകുട്ടികൾക്കും സാനിറ്ററി നാപ്കിൻ ഉറപ്പുവരുത്തും. ഓൾ ഇന്ത്യ ടൂറിസ്റ്റ് ബസുകളുടെ ത്രൈമാസനികുതി കുറച്ചു. ഡൽഹിയിൽ ശ്രീനാരായണഗുരു പ്രതിമയും സാംസ്കാരിക കേന്ദ്രവും സ്ഥാപിക്കാൻ ഒരുകോടി രൂപ. ആർട്ടിസ്റ്റ് നമ്പൂതിരി ട്രസ്റ്റിന്റെ സഹായത്തോടെ കൾച്ചറൽ സെന്റർ ആൻഡ് മ്യൂസിയം സ്ഥാപിക്കും. കോഴിക്കോട് എം.ടി. വാസുദേവൻ നായർ സ്മാരക സാംസ്കാരിക പാർക്ക്. കൊച്ചിയിൽ 'ചിത്രനഗരം' എന്ന പേരിൽ ജെ.സി. ഡാനിയേൽ ഫിലിം സിറ്റി. നടൻ സലിംകുമാറിന് എറണാകുളത്ത് സ്മാരകം. ഗസൽ ഗായകൻ ഉമ്പായിയുടെയും സംഗീത സംവിധായകൻ ജോൺസന്റെയും സ്മരണയ്ക്ക് മ്യൂസിക് അക്കാഡമികൾ. മുൻ മുഖ്യമന്ത്രി ആർ. ശങ്കറിന് പട്ടത്ത് സ്മാരകമന്ദിരം. ചാലക്കുടിയിൽ പനമ്പിള്ളി ഗോവിന്ദ മേനോൻ സ്മാരകം. ഉള്ളൂർ സ്മാരക ലൈബ്രറി ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പ്രത്യേക സാമ്പത്തിക സഹായം. കേരളാ പത്രപ്രവർത്തക യൂണിയൻ നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾക്കു സാമ്പത്തികസഹായം. നോൺ ജേണലിസ്റ്റ് പെൻഷൻ തുക വർധിപ്പിക്കും.

അതിരപ്പള്ളിയിൽ ഇക്കോ ഫ്രണ്ട്‌ലി ഡൈനമിക് ലൈറ്റിങ് പദ്ധതി. ടൂറിസവും സിനിമയും വ്യവസായമായി പ്രഖ്യാപിക്കും. ജില്ലാ കളക്ടർ ഫണ്ട് രൂപീകരിക്കാൻ ഏഴുകോടി രൂപ. കോട്ടയം സ്കൈവാക്ക് പ്രവർത്തനം പുനരാരംഭിക്കും. ദേശീയപാത 66-ൽ കോഹിനൂരിൽനിന്നു കോഴിക്കോട് വിമാനത്താവളത്തിലേക്ക് എലിവേറ്റഡ് ഹൈവേ നിർമാണസാധ്യതാപഠനത്തിന് ഒരുകോടി രൂപ. ലഹരിവിരുദ്ധദൗത്യമായ ഓപ്പറേഷൻ തൂഫാന് 10 കോടി രൂപ. എക്സൈസ് ഓഫീസുകളിൽ എല്ലാ ലഹരി വസ്തുക്കളും തിരിച്ചറിയാനാകുന്ന ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ. ശബരിമല, ഗുരുവായൂർ, കൊട്ടിയൂർ, തിരുവല്ലം ക്ഷേത്രങ്ങളെ ദേശീയ തീർത്ഥാടനകേന്ദ്രങ്ങളാക്കും. വികസനത്തിന് തിരുപ്പതി മാതൃക.


കെ.ആർ. നാരായണൻ സിവിൽ സർവീസ് അക്കാഡമിക്ക് 50 കോടി രൂപ. 2036 ഒളിമ്പിക്സ് ലക്ഷ്യമിട്ട് മിഷൻ 2036. തൃശൂർ തേക്കിൻകാട് മൈതാനം നവീകരണത്തിന് 10 കോടി രൂപ. സാങ്കേതികവിദ്യാഭ്യാസമേഖലയ്ക്ക് 232.11 കോടി രൂപ. അർഹമായ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി. കാരുണ്യ, ശ്രുതിതരംഗം, സ്നേഹപൂർവം, പകൽ വീട്, വയോമിത്രം, ആശ്വാസകിരണം പദ്ധതികൾ കാര്യക്ഷമമാക്കും. അപൂർവരോഗങ്ങൾക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടി. പട്ടികജാതി, പട്ടികവർഗക്കാർക്ക് പ്രത്യേക ഭവനപദ്ധതി. 40 വയസ് കഴിഞ്ഞവർക്കു പ്രതിവർഷ ആരോഗ്യപരിശോധനയ്ക്കു ധനസഹായം. ആരോഗ്യടൂറിസത്തിനു റീച്ച് കേരള പദ്ധതി. മെഡിക്കൽ കോളജുകളുടെ വികാസനത്തിനു 100 കോടി രൂപ. ഹരിപ്പാട് പുതിയ മെഡിക്കൽ കോളജ് സ്ഥാപിക്കും. തിരുവനന്തപുരത്ത് രണ്ടാം മെഡിക്കൽ കോളജ്. കാസർഗോഡ്, വയനാട്, മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളജുകൾ വികസിപ്പിക്കും.

പുതുതലമുറ സംരംഭകർക്കായി ഇൻക്യുബേഷൻ സെന്റർ പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ. മൺപാത്രത്തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യം.



വിദേശവിദ്യാർത്ഥികൾക്കു കേരളത്തിൽ പഠിക്കാൻ സെമസ്റ്റർ ഇൻ കേരള പദ്ധതി ശക്തിപ്പെടുത്തും. മുഹമ്മയിൽ റോപ്‌വേ പദ്ധതി. ബ്രാൻഡ് വയനാട് പദ്ധതി. തൊഴിലുറപ്പ് പദ്ധതിക്ക് 1422.60 കോടി രൂപ. മലയോരമേഖലയിൽ ബഹുവിളകൃഷിക്കായി നിയമനിർമാണം. കേരളത്തിന്റെ തനത് ഉത്പന്നങ്ങൾക്കായി ബ്രാൻഡ് കേരളം.

എൻഡോസൾഫാൻ ഇരകളെ സർക്കാർ ഏറ്റെടുക്കും. തീരദേശനിവാസികൾക്കും പട്ടയം ലഭ്യമാക്കും. മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവനപദ്ധതി. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിച്ചു. നെട്ടുകാൽത്തേരിയിൽ തീറ്റപ്പുൽ ഫാം. ഗ്രാമസഭയിൽ ഓൺലൈനായി പങ്കെടുക്കാൻ നടപടി. ആസൂത്രണ ബോർഡിനെ തിങ്ക് ടാങ്ക് ആയി പുനഃസംഘടിപ്പിക്കും. മനുഷ്യ-മൃഗസംഘർഷം കുറയ്ക്കാൻ പദ്ധതി, 192.20 കോടി രൂപ. കെഎസ്ആർടിസി പ്രിയദർശിനി സൗജന്യയാത്രാ പദ്ധതിക്ക് 600 കോടി. മലയാളം എ.ഐ. സംരംഭത്തിന് 10 കോടി രൂപ. ജെൻസികൾക്കായുള്ള വിവിധ പദ്ധതികൾക്ക് 50 കോടി രൂപ. പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട് രൂപീകരിക്കും.





# IPC SOUTH FLORIDA, INC.

## WE ARE SEEKING A FULL-TIME LEAD PASTOR POSITION AVAILABLE AS SOON AS POSSIBLE

### QUALIFICATIONS

Ordained minister in good standing in a recognized Pentecostal body.

Deep commitment to preach and teach sound Pentecostal doctrines and offer pastoral care with a desire for church growth.

At least 10 years of verifiable experience as a minister, preferably 5 years in North America.

Recognized Bachelor's degree in Bible/Theology/Ministry. Advanced theological degree/s and/or ministerial experience assisting reputable senior pastors will count partially to fulfill the required years of experience.

Prefer a person around 45 years of age.

Able to communicate and preach proficiently in English and Malayalam

Must be a citizen or legal permanent resident of the United States.

**Send inquiries and letter of interest with resume including references and photo no later than June 30, 2026 to:**

**ipcsflsearch@gmail.com**




# സുരക്ഷിത ഫുട്പാത്ത് പൗരന്റെ മൗലികാവകാശമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: കാൽനടക്കാർക്ക് ഫുട്പാത്തിലൂടെ സുരക്ഷിതമായി സഞ്ചരിക്കാനുള്ള അവകാശം ഭരണഘടനയുടെ വിവിധ വകുപ്പുകൾ പ്രകാരം മൗലികാവകാശമാണെന്നു സുപ്രീംകോടതി. മോട്ടോർ വാഹനങ്ങളുടെ അവകാശത്തേക്കാൾ മുൻഗണന കാൽനടക്കാരുടെ അവകാശത്തിനാണെന്നും ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അതുൽ എസ്. ചന്ദുർക്കർ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. കാൽനട യാത്രക്കാരുടെ റോഡിലെ അവകാശങ്ങൾ സംരക്ഷിക്കാൻ ശക്തമായ നിയമനിർമാണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും കോടതി നിരീക്ഷിച്ചു.

ഫുട്പാത്തിലൂടെ നടക്കാനുള്ള മൗലികാവകാശം ലംഘിക്കപ്പെട്ടാൽ ഉത്തരവാദികളായ തദ്ദേശ സ്ഥാപനങ്ങൾക്കെതിരെ നഷ്ടപരിഹാരത്തിനുള്ള അവകാശം പൗരന്മാർക്കുണ്ട്. മോട്ടോർവാഹന നിയമപ്രകാരം ലഭിക്കുന്ന ക്ലെയിമുകൾക്കു പുറമെയാണിതെന്നും കോടതി ചൂണ്ടിക്കാട്ടി.

നിലവിലെ മോട്ടോർവാഹന നിയമം കാൽനടക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമല്ലെന്നും അതിനാൽ പലപ്പോഴും കാൽനടക്കാരുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നതായും കോടതി ചൂണ്ടിക്കാട്ടി. കാൽനടക്കാരുടെ അവകാശങ്ങൾ ഉറപ്പാക്കാനും നിയമലംഘനങ്ങൾക്കെതിരെ വേഗത്തിൽ നിയമനടപടികൾ സ്വീകരിക്കാനും അതു നടപ്പിലാക്കുന്നതിന് ഒരു സ്ഥിരം റെഗുലേറ്ററി ബോർഡ് രൂപീകരിക്കാനും ആവശ്യമായ നിയമരൂപരേഖ കേന്ദ്രസർക്കാരിനോടും ലോ കമ്മീഷനോടും കോടതി ആവശ്യപ്പെട്ടു. കൂടാതെ ഈ വിഷയത്തിലെ പുരോഗതി കോടതിയുടെ നിരന്തര നിരീക്ഷണത്തിലായിരിക്കും.

പിതാവിനൊപ്പം സ്കൂളിലേക്കു പോകുംവഴി ടാങ്കർ ലോറിയിടിച്ച് അഞ്ചു വയസുകാരൻ മരിച്ചതുമായി ബന്ധപ്പെട്ട കേസാണ് സുപ്രീംകോടതി പരിഗണിച്ചത്. കുട്ടിയുടെ കുടുംബത്തിന് ട്രൈബ്യൂണൽ നിശ്ചയിച്ച 4,70,000 രൂപയുടെ നഷ്ടപരിഹാരം സുപ്രീംകോടതി 11,44,628 രൂപയായി ഉയർത്തി.

# ഫാ. മൈക്കിൾ പനച്ചിക്കൽ വിസി അന്തരിച്ചു



കോട്ടയം: വിൻസെൻഷ്യൻ സമൂഹം സെന്റ് ജോസഫ് പ്രൊവിൻസ് അംഗവും വചനപ്രഘോഷകനും ഗാനരചയിതാവും സാഹിത്യകാരനും മാധ്യമ പ്രവർത്തകനുമായിരുന്ന ഫാ. മൈക്കിൾ പനച്ചിക്കൽ വിസി (77) അന്തരിച്ചു. 'തിരുനാമ കീർത്തനം പാടുവാനല്ലെങ്കിൽ,,.' 'നിത്യത തീർക്കുന്ന നിമിഷങ്ങളേ...' 'ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം...' 'തന്നാലും നാഥാ ആത്മാവിനെ...' തുടങ്ങി മലയാളി മനസ്സിനെ തൊട്ടുണർത്തിയ എഴുനൂറിൽപ്പരം ക്രിസ്തീയ ഗാനങ്ങളുടെ രചയിതാവാണ്. വചനോത്സവം മാസികയുടെ സ്ഥാപക പത്രാധിപരായിരുന്ന അദ്ദേഹം പ്രഭാഷകനായും ധ്യാനഗുരുവായും എഴുത്തുകാരനായും പ്രവർത്തിച്ചു. സീറോ മലബാർ കുർബാനയുടെ വിശുദ്ധ കുർബാന ടെക്സ്റ്റ് തയ്യാറാക്കിയ കമ്മിറ്റിയിൽ അംഗമായിരുന്ന അദ്ദേഹം വിശുദ്ധ കുർബാനയുടെ ഗാനരചനയിലും ശ്രദ്ധേയമായ പങ്കുവഹിച്ചു.

പാലാ അന്തീനാട് പനച്ചിക്കൽ പരേതരായ ദേവസ്യ-ഏലി ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: സിസ്റ്റർ ജിസെല്ലാ (ഉർസുലൈൻസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് ബെംഗ്ളൂരു പ്രോവിൻസ് മുംബൈ), സിസ്റ്റർ ഫ്രാൻസിന (ഉർസുലൈൻസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് കേരള പ്രോവിൻസ്, കോഴിക്കോട്), സിസ്റ്റർ മാത്യൂസ് മേരി സിഎംസി (വെട്ടിമറ്റം), റൂബി ലോപ്പസ്, അച്ചാമ്മ സേവ്യർ, സിസ്റ്റർ കുഞ്ഞമ്മ (ആൻസിലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് എറണാകുളം), ആനി സൈഫി, പരേതരായ ജോസഫ്, സെബാസ്റ്റ്യൻ.

# കോടതിവിധിയുമായി എത്തിയ മുൻ ഡിഎച്ച്എസിന് സ്ഥാനമേറ്റെടുക്കാനായില്ല

തിരുവനന്തപുരം: ഡിഎച്ച്എസ് സ്ഥാനത്തുനിന്നും സർക്കാർ മാറ്റിയ ഡോ. റീന കോടതി വിധിയുമായി ചുമതലയേൽക്കാൻ എത്തിയതു ഡിഎച്ച്എസ് ആസ്ഥാനത്ത് ഏറെ നാടകീയ



ഡോ. റീന ചുമതലയേൽക്കാനെത്തിയപ്പോൾ താത്കാലിക ചുമതലയുള്ള ഡോ. വി. മീനാക്ഷി മാറാൻ തയാറാകാതെ കസേരയിൽത്തന്നെ തുടർന്നപ്പോൾ.

രംഗങ്ങൾക്കു വഴിവെച്ചു. ഡോ. റീനയ്ക്ക് കസേര വിട്ടുനൽകാൻ നിലവിലെ ഡയറക്ടർ ഡോ. മീനാക്ഷി തയാറാകാത്തതാണു വിഷയങ്ങൾക്കു കാരണമായത്. ഇവർ തമ്മിൽ തർക്കം രൂക്ഷമായതോടെ പോലീസ് സ്ഥലത്തെത്തുകയും ഡോ. മീനാക്ഷിയുമായി സംസാരിക്കുകയും ചെയ്തു.

നിയമപരമായ കോടതി ഉത്തരവു നിലനിൽക്കുന്നതിനാൽ കസേര ഒഴിഞ്ഞുകൊടുക്കാതിരിക്കുന്നതു കടുത്ത നിയമലംഘനമാകുമെന്നു പോലീസ് മീനാക്ഷിയോടു പറഞ്ഞു. പോലീസിന്റെയും ഓഫീസിലെ മറ്റു പ്രധാന ഉദ്യോഗസ്ഥരുടെയും സമ്മർദത്തെ തുടർന്നാണു ഡോ. മീനാക്ഷി കസേരയിൽനിന്നു മാറുകയും പുറത്തു പോകാൻ തയാറായതും.

ഡിഎച്ച്എസ് സ്ഥാനത്തുനിന്നു മാറ്റപ്പെട്ട ഡോ. റീന തനിക്ക് അനുകൂലമായ കോടതി വിധിയുമായാണ് ഡിഎച്ച്എസ് ആസ്ഥാനത്ത് എത്തിയത്. കോടതി വിധി പ്രകാരം തനിക്ക് ചുമതലയേൽക്കണമെന്നു റീന ആവശ്യപ്പെട്ടു. എന്നാൽ നിലവിലെ ഡിഎച്ച്എസ് ഡോ. മീനാക്ഷി കസേരയിൽ നിന്നു മാറാൻ തയാറായില്ല. സർക്കാരിന്റെ ഉത്തരവോ നിർദേശമോ ലഭിക്കാതെ താൻ കസേര ഒഴിഞ്ഞുതരില്ലെന്ന നിലപാടിൽ മീനാക്ഷി ഉറച്ചുനിന്നു.

തർക്കം മൂർച്ഛിച്ചതോടെ ഓഫീസിനുള്ളിൽ നാടകീയ രംഗങ്ങൾ ഉണ്ടായി. ഇതിനിടെ ഡോ. മീനാക്ഷി പോലീസിന്റെ സഹായം തേടുകയും തനിക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിനു പോലീസ് സംരക്ഷണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

# ഡോ. ശ്രുതി മരിയയ്ക്ക് യൂറോപ്യൻ യൂണിയൻ പാർലമെന്റ് അംഗീകാരം

തൃശൂർ: നാല്പതു വയസിൽ താഴെയുള്ളവർക്കുള്ള യൂറോപ്പ്-ഇന്ത്യ അണ്ടർ 40 ലീഡേഴ്സ് അവാർഡ് ജർമനിയിലെ യുസ്തുസ് ലീബിഗ് സർവകലാശാലയിലെ മലയാളി ഗവേഷകയായ ഡോ. ശ്രുതി മരിയ അഗസ്റ്റിന്. ബ്രസൽസിലെ യൂറോപ്യൻ യൂണിയൻ പാർലമെന്റിൽ ഒമ്പതിനു പുരസ്കാരം സമ്മാനിച്ചു. യൂറോപ്പ്-ഇന്ത്യ സെന്റർ ഫോർ ബിസിനസ് ആൻഡ് ഇൻഡസ്ട്രിയെന്ന സംഘടനയാണ് വിവിധ മേഖലകളിൽ നേതൃപരമായ പങ്കു വഹിക്കുന്ന വ്യക്തികളെ പുരസ്കാരത്തിനു തെരഞ്ഞെടുക്കുന്നത്. കാർഷിക ജനിതകശാസ്ത്ര മേഖലയിൽ ജർമനിയിൽ ഗീസൽ യുസ്തുസ് പട്ടണത്തിലെ ലീബിഗ് യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷകയാണ് ഡോ. ശ്രുതി. പാലാ രാമപുരം



യൂറോപ്പ്-ഇന്ത്യ അണ്ടർ 40 ലീഡേഴ്സ് അവാർഡ് ഡോ. ശ്രുതി മരിയ അഗസ്റ്റിൻ ഏറ്റുവാങ്ങുന്നു.

തോട്ടുങ്കൽ ടി.എ അഗസ്റ്റിന്റെയും ഓമനയുടെയും മകളും അങ്കമാലി വടക്കൻ വീട്ടിൽ ഡോ. അനൂപ് ചെറിയാന്റെ ഭാര്യയുമാണ്. ഡോ. അനൂപും ജർമനിയിൽ അതേ യൂണിവേഴ്സിറ്റിയിൽ ഗവേഷകനാണ്.







K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


PARADISE AUDIO MINISTRIES
FLORIDA - USA
Presents...
SUSAN B JOHN FLORIDA
(LYRICS, MUSIC & PRODUCER)
വാഗ്ദത്തം ചെയ്ത പരൻ
LYRICS, MUSIC & PRODUCER - SUSAN B JOHN FLORIDA
VOX - NILA JOSEPH | ORCHESTRATION - SERHA COMPANY
MIXED AND MASTERED BY KAY ESS @ SS DIGITAL STUDIOS, THIRUVANANTHAPURAM
CHORUS- SERHA PRAMOD, ANGEL SP JOHANA PRAMOD,
VIJIN S JOSEPH,ROSHINI, NELSON JOHN
... COMING SOON ...


DOULOS
BIBLICAL SEMINARY
DOULOS INTERNATIONAL MINISTRIES INC. VECHOOCHIRA, RANNI
RECOGNIZED BY IPC GENERAL COUNCIL. ACCREDITED BY NATA
26 Years in Ministry
ZOOM
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
www. doulosvechoochira. org
C.Th.
B.Th.
M.Div.
M.Th.
2026-27 Admission Open
STARTING
ENGLISH AND MALAYALAM MEDIUM
C.Th., B.Th., M.Div. classes started
M.Th. (Missions) is starting from June 15th
Pr. Dr. V.P. Jose
Pr. Dr. John K. Mathew
Pr. Anil Kodithottam
Pr. Reji Mooledam
Pr. Babu Cherian
Pr. Dr. O.M. Rajukutty
Pr. Dr. Allen Pallivadakkan
Pr. Dr. Binu Alummottil
Pr. Dr. T.M Jose
Pr. Dr. Mani Philip
Pr. Dr. Jacob Mathew
Pr. Dr. Lalachan Abraham
Pr. Jai Thomas
Pr. Jomon Jacob
Pr. James Abraham
Pr. Syalan Chacko
Pr. A.T. Johnson
Pr. P.S. Cherian
Pr. John Mammen
Pr. Sreevals
Dr. Biju Eapen
Pr. Moncy Mammen
DOULOS BIBLICAL SEMINARY പുതിയ കോഴ്സ് ആരംഭിക്കുന്നു
26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് പത്തനംതിട്ട ജില്ലയിൽ വെച്ചൂച്ചിറയിൽ ആരംഭിച്ച DOULOS BIBLICAL SEMINARY-യുടെ പുതിയ M.Th. (Missions) കോഴ്സ് ജൂൺ 15 ന് ആരംഭിക്കുന്നു. ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവവചനം അഭ്യസിപ്പിക്കുവാൻ ദൈവം സഹായിച്ചു. ആത്മീയരും സമർപ്പിതരും ദൈവവചനപണ്ഡിതരുമായ അധ്യാപകർ ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ONLINE ക്ലാസുകൾ നടന്നു കൊണ്ടിരിക്കുന്നു. ഈ സെമസ്റ്ററിന്റെ ക്ലാസുകൾ മെയ് 13 നു പ്രാർത്ഥിച്ച് ആരംഭിക്കുകയുണ്ടായി.
C.Th., B.Th., M.Div. (Malayalam/English) എന്നീ കോഴ്സുകൾ ഓൺലൈൻ ആയി നടന്നുകൊണ്ടിരിക്കുന്നു.
Pr. Dr. V. P. Jose (Director), Pr. Dr. John K. Mathew (Principal), Pr.Anil Kodithottam (Vice Principal), Pr. Reji Mooledom (Academic Dean), Sr. Preethi Das (Registrar) തുടങ്ങിയവർ കോളേജിന് നേതൃത്വം നൽകുന്നു.
Pr. Dr. O. M. Rajukutty, Pr. Dr. Binu Alummoottil, Pr. Dr. T. M. Jose, Pr. Dr. Biju Eapen, Pr. Dr. Lalachan Abraham, Pr. Dr. Allen Pallivadakkan, Pr. Dr. Mani Philip, Pr. Jomon Jacob, Pr.Jai Thomas, Pr. Moncy Mammen, Pr. John Mammen, Pr. James Abraham, Pr. Sreevals, Pr. A. T. Johnson, Pr.Syalan Chacko, Evg.P.S Cherian എന്നിവർ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.
Pr. Shinto Johnson, Pr. Sajan Samuel, Br. Rajan Ariyappally, Br. Benny Kochuvadakayil, Br. Peter Mathew Valliath ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു. നമ്മുടെ ആയുസ്സിന്റെ നാളുകൾ അതിവേഗം തീരുന്നു. കർത്താവും വാതിൽക്കലായി. വെറും കൈയായി നാഥന്റെ മുമ്പിൽ നിൽപ്പാൻ ഇടയാകാതിരിക്കട്ടെ! പകലുള്ളേടുത്തോളം അയച്ചവന്റെ വേല ചെയ്യാം!
CONTACT +91 9164603370
ഈ സെമസ്റ്ററിലെ അഡ്മിഷൻ ജൂൺ 15 വരെ തുടരുന്നതാണ്.

# രാജ്യവ്യാപക വിദ്യാഭ്യാസ കൺവൻഷന് തുടക്കമിട്ട് രാഹുൽ

കോട്ട: മത്സരപ്പരീക്ഷാ പരിശീലനത്തിന്റെ തലസ്ഥാനമായ രാജസ്ഥാനിലെ കോട്ടയിൽ ഛാത്രോം കീ ഗൂഞ്ച് (വിദ്യാർത്ഥികളുടെ ആരവം) പരിപാടിയിൽ വിദ്യാർത്ഥികളോട് സംവദിച്ച് ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. ഭാരത് ജോഡോ യാത്രയിൽ യുവജനങ്ങളുമായി സംവദിച്ച കാര്യം അദ്ദേഹം ഓർമ്മിച്ചു.

നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന്റെ ഏറ്റവും വലിയ പോരായ്മ, കുട്ടികളുടെ സ്വപ്നങ്ങളെ അത് മാനിക്കുന്നില്ല എന്നതാണെന്ന് യാത്രകഴിഞ്ഞപ്പോൾ മനസ്സിലായെന്ന് അദ്ദേഹം പറഞ്ഞു. യുവാക്കളാണ് ഇന്ത്യയുടെ ഭാവി. ഓരോരുത്തർക്കും സ്വന്തമായ കഴിവുണ്ട്. അതിനാൽ ഇവരെ സംരക്ഷിക്കാൻ ഇന്ത്യയ്ക്ക് ബാധ്യതയുണ്ടെന്ന് രാഹുൽ പറഞ്ഞു. നീറ്റ് പരീക്ഷാ ചോദ്യക്കടലാസ് ചോർച്ചയ്ക്ക് പിന്നാലെ ആത്മഹത്യചെയ്ത ആകാംക്ഷയുടെ കത്ത് ഉയർത്തിക്കാട്ടി ഇത് ഒരു രാജ്യത്തിനും അഭിമാനിക്കാവുന്ന സാഹചര്യമല്ലെന്ന് അദ്ദേഹം പറഞ്ഞു.

ഈ രാജ്യത്ത് ഒരു വിദ്യാർത്ഥിക്കും ഇനി ഒരിക്കലും ആകാംക്ഷയെപ്പോലെ ജീവൻ അവസാനിപ്പിക്കണമെന്ന് തോന്നാത്ത സാഹചര്യം സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം. അതിനുവേണ്ടിയാണ് ഇന്നത്തെ ഈ സമ്മേളനമെന്നും രാഹുൽ പറഞ്ഞു.



പിന്നെ താത്പര്യമുള്ള വിദ്യാർത്ഥികളെ അദ്ദേഹം വേദിയിലേക്ക് ക്ഷണിച്ചു. രക്ഷിതാക്കളും വിദ്യാർത്ഥികളും തങ്ങളുടെ പ്രയാസങ്ങൾ അദ്ദേഹവുമായി പങ്കുവെച്ചു. വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജിയാവശ്യപ്പെടുക, യുവജനങ്ങൾക്ക് മികച്ച ഭാവി ഉറപ്പാക്കുന്നതിനുള്ള ദേശീയ ചർച്ചയ്ക്ക് തുടക്കമിടുക എന്നിവയാണ് രാഹുലിന്റെ പ്രചാരണത്തിന്റെ ലക്ഷ്യം. പത്തുവർഷം മുൻപ് ബജറ്റിന്റെ 4.7 ശതമാനമായിരുന്ന വിദ്യാഭ്യാസച്ചെലവ് ഇന്ന് 2.4 ശതമാനമായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സർക്കാർ കുറച്ചെന്ന് കോൺഗ്രസ് കുറ്റപ്പെടുത്തി. ഇതിന്റെ ഫലമായി ഏകദേശം ഒരുലക്ഷം സർക്കാർ വിദ്യാലയങ്ങൾ അടച്ചുപൂട്ടപ്പെട്ടു. കുടുംബങ്ങൾ ചെലവേറിയ സ്വകാര്യവിദ്യാഭ്യാസത്തെ ആശ്രയിക്കാൻ നിർബന്ധിതരായി. ബിരുദധാരികളിൽ 29.1 ശതമാനംപേർ തൊഴിലില്ലാത്തവരാണെന്നും കഴിഞ്ഞ പത്തുവർഷത്തിനിടെ വിദ്യാർത്ഥികളുടെ ആത്മഹത്യ 65 ശതമാനം വർധിച്ചെന്നും കോൺഗ്രസ് കുറ്റപ്പെടുത്തി.

# റസ്റ്ററന്റുകൾക്ക് ഒറ്റത്തവണയായി ആജീവനാന്ത ലൈസൻസ് അനുവദിച്ച് കേന്ദ്രം

ന്യൂഡൽഹി: റസ്റ്ററന്റുകൾക്കും ചെറുകിട ഭക്ഷണ ശാലകൾക്കും ഒറ്റത്തവണയായി ആജീവനാന്ത ലൈസൻസ് അനുവദിച്ച് കേന്ദ്ര സർക്കാർ. ഹോട്ടലുകൾ, ബേക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യസംരംഭങ്ങൾക്കായി ആജീവനാന്ത (Perpetual Validity) ലൈസൻസുകളും രജിസ്ട്രേഷനുകളും അനുവദിച്ച് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ) ഉത്തരവിറക്കി. ഇതോടെ സ്ഥാപനങ്ങൾക്ക് ഇനി നിശ്ചിത കാലയളവുകളിൽ ലൈസൻസ് പുതുക്കേണ്ടി വരില്ല. നിലവിലെ നിയമപ്രകാരം ഓരോ അഞ്ച് വർഷം കൂടുമ്പോഴുമുള്ള ലൈസൻസ് പുതുക്കൽ നിബന്ധനയാണ് പൂർണമായും ഒഴിവാക്കിയത്.

ഇന്ത്യയിലെ 67 ലക്ഷത്തിലധികം ഭക്ഷ്യ വ്യവസായ സംരംഭകർക്കും പുത്തൻ സ്റ്റാർട്ടപ്പുകൾക്കും ബിസിനസ് എളുപ്പമാക്കാൻ തീരുമാനം സഹായകരമാണെന്ന് അധികൃതർ അറിയിച്ചു. എഫ്എസ്എസ്എഐയുടെ പുതിയ നിയമങ്ങൾ തട്ടുകടകൾ അടക്കമുള്ള വഴിയോര കച്ചവടക്കാർക്കും മൊബൈൽ ഫുഡ് ട്രക്കുകൾക്കും വലിയ ആശ്വാസമാകും.

# സെൽഫ് എന്യൂമറേഷന് കേരളത്തിൽ തുടക്കം

തിരുവനന്തപുരം: സെൻസസ് 2027-ന്റെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾക്കു കേരളത്തിൽ തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറും മുഖ്യമന്ത്രി വി.ഡി. സതീശനും സെൽഫ് എന്യൂമറേഷൻ നിർവഹിച്ചതോടെയാണു കേരളത്തിലെ സെൽഫ് എന്യൂമറേഷൻ പ്രവർത്തനങ്ങൾക്ക് ഔദ്യോഗികമായി തുടക്കമായത്. ലോക് ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സെൻസസ് പോർട്ടൽ (https://se.census.gov.in/) വഴി വിവരങ്ങൾ സമർപ്പിച്ച് സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കി. തുടർന്ന് മസ്കറ്റ് ഹോട്ടലിൽ മുഖ്യമന്ത്രി വി.ഡി. സതീശനും സെൽഫ് എന്യൂമറേഷൻ നടപടിക്രമങ്ങൾ നിർവഹിച്ചു.

2027-ലെ ഡിജിറ്റൽ സെൻസസിലൂടെ ഇന്ത്യ സുപ്രധാനമായ നേട്ടത്തിനു സാക്ഷ്യം വഹിക്കുകയാണെന്നും സെൻസസ് നടപടികളുമായി കേരളത്തിലെ എല്ലാവരും സഹകരിക്കണമെന്നും ഗവർണർ അഭ്യർത്ഥിച്ചു. ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, സെൻസസ് സ്റ്റേറ്റ് നോഡൽഓഫീസറും പൊതുഭരണവകുപ്പ് സെക്രട്ടറിയുമായ കെ. ബിജു, സെൻസസ് ഓപ്പറേഷൻ ഡയറക്ടർ ഡോ. ടി. മിത്ര, ഗവർണറുടെ സെക്രട്ടറി ഡോ. കെ. വാസുകി, ജില്ലാ കളക്ടർ അനു കുമാരി, സെൻസസ് എക്സിക്യൂട്ടീവ് ഓഫീസർ അഞ്ജലി ജോസ് എന്നിവർ സംബന്ധിച്ചു. തുടർന്ന് ചീഫ്സെക്രട്ടറി ഡോ. എ. ജയതിലക് തന്റെ വസതിയിൽ സെൽഫ് എന്യൂമറേഷൻ നടപടികൾ പൂർത്തിയാക്കി. ജൂൺ 17-ന് ആരംഭിച്ച 15 ദിവസത്തെ സെൽഫ് എന്യൂമറേഷൻ കാലയളവിൽ പൊതുജനങ്ങൾക്ക് സെൻസസ് പോർട്ടൽവഴി വിവരങ്ങൾ നേരിട്ട് സമർപ്പിക്കാനാകും. സ്വയം നൽകുന്ന വിവരങ്ങൾ പിന്നീട് ഫീൽഡ് സന്ദർശനത്തിനിടെ എന്യൂമറേറ്റർമാർ പരിശോധിച്ച് സ്ഥിരീകരിക്കും.

# പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ ഉന്നത സമിതി രൂപീകരിച്ചു

തിരുവനന്തപുരം: കേരളത്തിൽ പകർച്ചവ്യാധികൾ പടരുന്നതും മരണങ്ങളുണ്ടാകുന്നതും തടയാൻ ഉന്നതാധികാര സമിതി രൂപവത്കരിച്ച് ആരോഗ്യവകുപ്പ്. സർക്കാർ മേഖലയിൽനിന്നു പുറമേ സ്വകാര്യ മേഖലയിലെ വിദഗ്ധ ഡോക്ടർമാരെയും സംഘടനകളെയും ഉൾപ്പെടുത്തിയാണ് ഉന്നതാധികാര സമിതി (ഹൈപവർ കമ്മിറ്റി) രൂപവത്കരിച്ചത്. ലോകാരോഗ്യ സംഘടനയുടെ കൺസൾട്ടന്റായ ഡോ. എസ്.എസ്. ലാൽ ചെയർമാനും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമിള മേരി ജോസഫ് കോ-ഓർഡിനേറ്ററും ഡോ. ശ്രീജിത്ത് എൻ. കുമാർ കൺവീനറുമായാണു ഉന്നതാധികാര സമിതി രൂപവത്കരിച്ചത്.

പകർച്ചവ്യാധികളും ജലജന്യ രോഗങ്ങളും കേരളത്തിൽ വർധിക്കുന്ന സാഹചര്യത്തിൽ രോഗബാധിതരുടെ എണ്ണം കുറയ്ക്കാനും മരണങ്ങൾ ഇല്ലാതാക്കാനും താഴേതലം മുതൽ സ്വീകരിക്കേണ്ട നടപടികൾ പഠിച്ചു റിപ്പോർട്ട് നൽകുകയാണു സമിതിയുടെ ചുമതല. നിപ, ഷിഗെല്ല, എലിപ്പനി, മലമ്പനി, ഡെങ്കിപ്പനി, അമീബിക് മസ്തിഷ്ക ജ്വരം തുടങ്ങിയ വിവിധ പകർച്ചവ്യാധികൾ ഓരോ വർഷവും വിവിധ മാസങ്ങളിൽ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പഴുതടച്ചുള്ള പ്രതിരോധമാണു ലക്ഷ്യമെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

കമ്മിറ്റിയുടെ മേൽനോട്ടത്തിൽ എപ്പിഡമിക് കലണ്ടർ തയാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ ചിട്ടയായി താഴേതലത്തിൽ നടപ്പാക്കും. ഇതിനായി സംസ്ഥാന ജില്ലാതലങ്ങളിൽ ഔട്ട് ബ്രേക്ക് മോണിറ്ററിംഗ് യൂണിറ്റും ആക്ഷൻ കമ്മിറ്റികളും സമിതിയുടെ ഭാഗമായുണ്ടാകും. ആരോഗ്യവകുപ്പിനു പുറമേ ആയുഷ്, തദ്ദേശം, മൃഗസംരക്ഷണം, ഭക്ഷ്യസുരക്ഷ തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികളും സമിതിയിലുണ്ടാകും. ഐഎംഎയുടെയും ആരോഗ്യവകുപ്പിലെ വിവിധ സംഘടനകളുടെയും പൂർണ പങ്കാളിത്തവും സമിതിയിലുണ്ടാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# യുഎഇയിൽ കുട്ടികൾക്ക് സാമൂഹികമാധ്യമ വിലക്ക്

അബുദാബി: പതിനഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾ സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നത് യുഎഇ നിരോധിച്ചു. കുട്ടികളിലെ സോഷ്യൽ മീഡിയാ ഉപയോഗം വിലക്കുന്ന ആദ്യ ഗൾഫ് രാജ്യമാണ് യുഎഇ.

കൃത്യമായ പ്രായപരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും നിയമം ലംഘിക്കുന്ന അക്കൗണ്ടുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മന്ത്രിസഭായോഗം സാമൂഹികമാധ്യമ ഉടമകളോട് നിർദേശിച്ചു.





# ജോൺ ജോർജ് പാറേലിന് ജോർജ് വാഷിങ്ടൺ സർവകലാശാലയിലെ ഡിസ്റ്റിംഗ്വിഷ്ഡ് സ്കോളർ ബഹുമതി



വെല്ലിംഗ്ടൺ, ഫ്ളോറിഡ: അമേരിക്കൻ മലയാളി സമൂഹത്തിന് അഭിമാനകരമായ നേട്ടം സ്വന്തമാക്കി ജോർജ് വാഷിങ്ടൺ സർവകലാശാലയിലെ വിദ്യാർത്ഥിയായ ജോൺ ജോർജ് പാറേൽ.

**ജോസഫ് ഇടിക്കുള**

സർവകലാശാലയുടെ 2026-ലെ മുഴുവൻ ബിരുദധാരികളായ വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും ഉയർന്ന അക്കാദമിക് ബഹുമതികളിലൊന്നായ 'ഡിസ്റ്റിഗ്വിഷ്ഡ് സ്കോളർ' പദവി ജോൺ ജോർജ് പാറേൽ നേടി. ഈ ബഹുമതിയുടെ ഭാഗമായി സർവകലാശാലയുടെ വാർഷിക ബിരുദദാന ചടങ്ങിൽ മുഴുവൻ ബിരുദധാരികളെയും പ്രതിനിധീകരിച്ച് പ്രസംഗിക്കാനുള്ള അവസരവും അദ്ദേഹത്തിനു ലഭിച്ചു. 2026 അദ്ധ്യയനവർഷം മുതൽ അദ്ദേഹം അതേ സർവകലാശാലയിൽ മെഡിക്കൽപഠനം ആരംഭിക്കും. ജോണിന്റെ ഈ നേട്ടം അദ്ദേഹത്തിന്റെ അക്കാദമിക് മികവിന്റെ തുടർച്ചയാണ്. പാം ബീച്ച് കൗണ്ടിയിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ സൺകോസ്റ്റ് കമ്യൂണിറ്റി ഹൈസ്കൂളിന്റെ 2023-ലെ വാലെഡിക്ടോറിയൻ ആയിരുന്നു ജോൺ ജോർജ് പാറേൽ. ഹൈസ്കൂൾ തലത്തിൽ വാലെഡിക്ടോറിയൻ ബഹുമതി നേടിയതിനു പിന്നാലെ സർവകലാശാലാ തലത്തിൽ ഡിസ്റ്റിഗ്വിഷ്ഡ് സ്കോളർ പദവിയും കരസ്ഥമാക്കിയതോടെ അദ്ദേഹത്തിന്റെ അസാധാരണമായ അക്കാഡമിക് മികവ് വീണ്ടും തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഈ കുടുംബത്തിന്റെ അക്കാഡമിക് പാരമ്പര്യവും ശ്രദ്ധേയമാണ്.



# നോർത്ത് അമേരിക്കൻ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡുകൾ പ്രഖ്യാപിച്ചു; വിതരണം ചിക്കാഗോയിൽ

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള മലയാളി പെന്തെക്കോസ്ത് വിശ്വാസികളായ പുതിയ എഴുത്തുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സാഹിത്യ രചനാ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു.

പുസ്തക വിഭാഗത്തിൽ ജോനാഥൻ ജോയി ഡാളസ് പുറത്തിറക്കിയ 'Perceving Biblical doctrines' എന്ന

**നിബു വെള്ളവന്താനം**

ഗ്രന്ഥവും ഡോ. റ്റിങ്കു തോംസൺ മിനിസോട്ട എഴുതിയ 'Spiritual fitness' എന്ന പുസ്തകവും, സിസ്റ്റർ റോസമ്മ തോമസ് ചിക്കാഗോ എഴുതിയ 'From Eden to Eternity' എന്ന പുസ്തകവും പാസ്റ്റർ ബാബുക്കുട്ടി ജേക്കബ് ഡാളസ് പ്രസിദ്ധീകരിച്ച ''വേദപുസ്തക ഭാവനകൾ എന്ന ഗ്രന്ഥവും പാസ്റ്റർ ബേബി മാത്യു അടപ്പനാംകണ്ടത്തിൽ ന്യൂയോർക്ക് എഴുതിയ 'ഇതാ ഞാൻ വേഗം വരുന്നു' എന്ന ഗ്രന്ഥവും 2026-ലെ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡിന് അർഹതനേടി.

മലയാളം ലേഖനവിഭാഗത്തിൽ പാസ്റ്റർമാരായ മാത്യു വർഗീസ്, ഇംഗ്ലീഷ് ലേഖനം വിഭാഗത്തിൽ സിസ്റ്റർ അനുഗ്രഹ മാത്യു ആൽബനി, ഫിന്നി രാജു ഹൂസ്റ്റൺ എന്നിവരും അവാർഡുകൾക്ക് അർഹരായി. കെന്നി ജോർജ് ഒക്കലഹോമ എഴുതിയ 'കഴുകി എടുത്ത കണ്മഷങ്ങൾ' മലയാളം ചെറുകഥാ വിഭാഗത്തിലും പുരസ്കാരം നേടി.

അവാർഡ് ജേതാക്കൾക്ക് ജൂലൈ 2 മുതൽ 5 വരെ ചിക്കാഗോ റിനൈസൻസ് കൺവൻഷൻ സെന്റർ സമുച്ചയത്തിൽ 40-ാമത് മലയാളി പെന്തെക്കോസ്ത് കോൺഫറൻസിനോടനുബന്ധിച്ച് നടത്തപ്പെടുന്ന കെ.പി.ഡബ്ല്യൂ.എഫ്. പ്രത്യേക സമ്മേളനത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. റവ.ജോർജ് മാത്യു, പുതുപ്പള്ളി മുഖ്യസന്ദേശം നല്കും. വടക്കെ അമേരിക്കയിൽ കുടിയേറി പാർത്ത മലയാളി പെന്തെക്കോസ്ത് വിശ്വാസികളായ എഴുത്തുകാരുടെ ഐക്യ സംഘടനയാണ് നോർത്തമേരിക്കൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം.




രാജൻ ആര്യപ്പള്ളിൽ പ്രസിഡണ്ട്, സാം മാത്യു വൈസ് പ്രസിഡണ്ട്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ എബിൻ അലക്സ് ജോ. സെക്രട്ടറി, ഡോ. ജോളി ജോസഫ് ട്രഷറർ, ഡോ. ഷൈനി സാം ലേഡീസ് കോ-ഓർഡിനേറ്റർ, വെസ്ളി മാത്യു മീഡിയ കോ-ഓർഡിനേറ്റർ എന്നിവരാണ് കെ.പി.ഡബ്ല്യുഎഫ് ദേശീയ ഭാരവാഹികൾ.

# ചുമ, ജലദോഷം, പനി മരുന്നുകൾക്ക് കുറിപ്പടി നിർബന്ധം

കണ്ണൂർ: ചുമ, ജലദോഷം, പനി എന്നിവ നിയന്ത്രിക്കാൻ കുട്ടികൾക്ക് നൽകുന്ന പാരാസിറ്റാമോൾ ഉൾപ്പെടെയുള്ള സിറപ്പുകൾ വാങ്ങാൻ ഡോക്ടറുടെ കുറിപ്പടി നിർബന്ധമാക്കി കേന്ദ്ര ആരോഗ്യമന്ത്രാലയം. 1945-ലെ ഡ്രഗ്ഗ് റൂൾസിൽ ഭേദഗതി വരുത്തിയാണ് ഷെഡ്യൂൾ-കെ വിഭാഗത്തിൽപ്പെടുന്ന സിറപ്പുകൾക്ക് കുറിപ്പടി നിർബന്ധമാക്കിയത്.

അലർജിക്ക് ഉപയോഗിക്കുന്ന സെറ്റീറിസിൻ, ബാക്ടീരിയ ഉണ്ടാക്കുന്ന അണുബാധകൾക്ക് ഉപയോഗിക്കുന്ന അമോക്സിലിൻ, അസിത്രോമൈസിൻ, രക്തക്കുറവ് തടയാനുള്ള അയേൺ ഫോളിക് ആസിഡ്, പോഷകക്കുറവിനുള്ള മൾട്ടി വിറ്റമിൻ, മലബന്ധചികിത്സയ്ക്ക് ഉപയോഗിക്കുന്ന ലാക്ടലോസ്, കുട്ടികളുടെ വയറിളക്കചികിത്സയ്ക്ക് ഉപയോഗിക്കുന്ന സിറപ്പുകൾ എന്നിവയും ഇനി കുറിപ്പടിയില്ലാതെ കിട്ടില്ല. ചുമമരുന്ന് കഴിച്ച് മധ്യപ്രദേശിലും രാജസ്ഥാനിലും കഴിഞ്ഞ വർഷം കുട്ടികൾ മരിച്ചിരുന്നു. ഇതിനെത്തുടർന്നാണ് ഷെഡ്യൂൾ കെ-യിലെ മരുന്നുകളുടെ വിഭാഗത്തിൽനിന്ന് 'സിറപ്പുകൾ' എന്നത് നീക്കിയത്.



# ഐപിസി എൻആർഐ ഗ്ലോബൽ കോൺഫറൻസ് ജൂലൈ 24 മുതൽ 26 വരെ ഫിലാഡൽഫിയയിൽ

**ജോയി തുമ്പമൺ**

ഫിലാഡൽഫിയ: അമേരിക്കയുടെ 250-ാം വാർഷികാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ പ്രഥമ തലസ്ഥാനവും 'സഹോദരസ്നേഹത്തിന്റെ നഗരം'എന്നറിയപ്പെടുന്ന ഫിലാഡൽഫിയയിൽ ഐപിസി വിശ്വാസികളുടെ ആഗോള സംഗമമായ ഐപിസി എൻആർഐ ഗ്ലോബൽ കോൺഫറൻസ് 2026 ജൂലൈ 24 മുതൽ 26 വരെ വിപുലമായ ഒരുക്കങ്ങളോടെ നടക്കും. നോർത്ത് ഈസ്റ്റ് ഫിലാഡൽഫിയയിലെ Four Points by Sheraton Hotel-ലാണ് സമ്മേളനം നടക്കുന്നത്.







ജൂലൈ 24-ന് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ശുശ്രൂഷകന്മാരുടെ സമ്മേളനത്തോടെയാണ് പരിപാടികൾക്ക് തുടക്കമാകുന്നത്. തുടർന്ന് റിവൈവൽ മീറ്റിങ്ങും വിവിധ ആത്മീയ ശുശ്രൂഷകളും നടക്കും. ശനിയാഴ്ച യുവജനങ്ങൾക്കും സഹോദരിമാർക്കും പ്രത്യേക സമ്മേളനങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു.

വെള്ളി, ശനി ദിവസങ്ങളിലെ രാത്രി പൊതുസമ്മേളനങ്ങളിൽ പ്രമുഖ വചനശുശ്രൂഷകന്മാരായ റവ. നൂറുദ്ദീൻ മുല്ല, റവ. ക്രിസ് ജാക്സൺ എന്നിവർ ദൈവവചനം പ്രസംഗിക്കും. ഞായറാഴ്ച വിശുദ്ധ ആരാധനയോടും സമാപന സമ്മേളനത്തോടും കൂടി കോൺഫറൻസ് സമാപിക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറുകണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

കോൺഫറൻസിനുശേഷം ജൂലൈ 26-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് ലാങ്കാസ്റ്ററിലെ അമീഷ് സമൂഹത്തിന്റെ ജീവിതശൈലിയും പാരമ്പര്യവും പരിചയപ്പെടുത്തുന്ന പ്രത്യേക അമിഷ് വില്ലേജ് ടൂർ സംഘടിപ്പിച്ചിട്ടുണ്ട്. ടൂറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 516 978 7308 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുക.

സമ്മേളനത്തിൽ ഐപിസി ജനറൽ പ്രസിഡണ്ട് റവ.ഡോ. വൽസൻ ഏബ്രഹാം, ജനറൽ സെക്രട്ടറി റവ.ഡോ. ബേബി വർഗീസ്, റവ. നൂറുദ്ദീൻ മുല്ല, റവ. ക്രിസ് ജാക്സൺ, റവ. സ്റ്റീവ് ജോൺ, അലക്സ് പീറ്റേഴ്സ് എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും. പ്രസിദ്ധ ഗായകരായ മാർക്ക് ത്രിഭുവൻ, രമ്യ ജേക്കബ് എന്നിവർ സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

സമ്മേളനത്തിന്റെ ഗ്ലോബൽ കൺവീനറായി ഡോ. ജോർജ് മാത്യു, ഗ്ലോബൽ സെക്രട്ടറിയായി ഡോ. അഡ്വ. തോമസ് കിടങ്ങാലി, ഗ്ലോബൽ ട്രഷററായി ഏബ്രഹാം ബേബി, യൂത്ത് കോ-ഓർഡിനേറ്ററായി അലക്സ് ചാണ്ടി, ഗ്ലോബൽ ലേഡീസ് കോ-ഓർഡിനേറ്ററായി ഷേർലി ചാക്കോ, മീഡിയ കോ-ഓർഡിനേറ്ററായി ജോയി തുമ്പമൺ, പബ്ലിസിറ്റി കോ-ഓർഡിനേറ്ററായി പാസ്റ്റർ മാത്തുക്കുട്ടി, സോഷ്യൽ മീഡിയ കോ-ഓർഡിനേറ്ററായി റോയി അലക്സാണ്ടർ, പ്രാർത്ഥനാ കോ-ഓർഡിനേറ്ററായി പാസ്റ്റർ ജോയി വർഗീസ് എന്നിവർ പ്രവർത്തിച്ചുവരുന്നു.

ആത്മീയ അനുഗ്രഹങ്ങൾക്കൊപ്പം മികച്ച താമസസൗകര്യങ്ങളും രുചികരമായ ഭക്ഷണക്രമീകരണങ്ങളും സമ്മേളനത്തിനായി ഒരുക്കിയിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു. പാസ്റ്റർ വർഗീസ് ജോൺ, പാസ്റ്റർ ജോൺ സാമുവൽ, ബ്രദർ വർഗീസ് പ്ലാമൂട്ടിൽ, ബ്രദർ ചെറിയാൻ മാത്യു എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ലോക്കൽ കമ്മിറ്റി സമ്മേളന വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

ഒരുമയുടെയും ആത്മീയ നവോത്ഥാനത്തിന്റെയും വേദിയാകുന്ന ഐപിസി എൻആർഐ ഗ്ലോബൽ കോൺഫറൻസ് 2026-ലേക്ക് ഏവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

# ഫൊക്കാന യൂത്ത് ഫെസ്റ്റിവൽ ഓഗസ്റ്റ് 7–ന്; ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക വേദി

**ശ്രീകുമാർ ഉണ്ണിത്താൻ**

പെൻസിൽവേനിയ: ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ 2026-ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന യൂത്ത് ഫെസ്റ്റിവൽ ഓഗസ്റ്റ് 7-ന് കൽഹാരി റിസോർട്ട് ആൻഡ് കൺവൻഷൻ സെന്ററിൽ നടക്കും. ഓഗസ്റ്റ് 6 മുതൽ 9 വരെ നടക്കുന്ന കൺവൻഷനിലെ പ്രധാന ആകർഷണങ്ങളിലൊന്നാണ് യൂത്ത് ഫെസ്റ്റിവൽ.




അമേരിക്കയിലെ വിവിധ മലയാളി സംഘടനകളിൽ നിന്നുള്ള കുട്ടികളും യുവജനങ്ങളും പങ്കെടുക്കും. എലക്യൂഷൻ (പ്രസംഗം), ലൈറ്റ്മ്യൂസിക്, ക്ലാസിക്കൽ ഡാൻസ്, സിനിമാറ്റിക് ഡാൻസ് എന്നീ മത്സരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസംഗമത്സരം മൂന്ന് മിനിറ്റ് ദൈർഘ്യമുള്ളതായിരിക്കും.


പ്രസംഗത്തിന്റെ വിഷയങ്ങൾ കൺവൻഷന് രണ്ടാഴ്ച മുമ്പ് പ്രഖ്യാപിക്കുമെന്ന് സംഘാടകർ അറിയിച്ചു. 6 മുതൽ 11 വയസ് വരെയും 12 മുതൽ 18 വയസ് വരെയും പ്രായപരിധിയിലുള്ള രണ്ട് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

ലൈറ്റ് മ്യൂസിക് മത്സരത്തിനും മൂന്ന് മിനിറ്റ് സമയപരിധിയാണുള്ളത്. ക്ലാസിക്കൽ നൃത്തത്തിന് നാല് മിനിറ്റും സിനിമാറ്റിക് ഡാൻസിന് മൂന്നു മിനിറ്റുമാണ് അനുവദിച്ചിരിക്കുന്നത്.

കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും അവരുടെ കഴിവുകൾ അവതരിപ്പിക്കുന്നതിനായി പ്രത്യേക വേദി ഒരുക്കിയിട്ടുണ്ടെന്നു അഡീഷണൽ ജോ. ട്രഷററും യൂത്ത്ഫെസ്റ്റിവലിന്റെ ചെയർപേഴ്സണുമായ മില്ലി ഫിലിപ്പ്, കോ-ഓർഡിനേറ്റർ സുഷമ പ്രവീൺ, കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന പ്രിയ ലൂയിസ്, ലിസ ബാബു, സന്തോഷ് ഏബ്രഹാം, സോണി അമ്പൂക്കൻ, സുബി ബാബു, ഉഷ ജോർജ്, സരൂപ അനിൽ, മേരിക്കുട്ടി മൈക്കിൾ, മേരി ഫിലിപ്പ് എന്നിവർ അറിയിച്ചു. താഴെക്കാണുന്ന ലിങ്കിൽക്കൂടി രജിസ്റ്റർ ചെയ്യാവുന്നതാണ്: https://forms.gle/ZzUDPQAXHVyGrND66

മലയാളി യുവതലമുറയുടെ കലാ-സാഹിത്യ പ്രതിഭകൾക്ക് വേദിയൊരുക്കുന്ന ഈ യുവജനോത്സവം ഫൊക്കാന കൺവൻഷന്റെ ശ്രദ്ധേയ പരിപാടികളിൽ ഒന്നാകുമെന്ന കാര്യത്തിൽ സംശയമില്ലെന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

# പ്രൊഫ. എം.സി. പീറ്റർ മാടപറമ്പത്ത് അന്തരിച്ചു



കോട്ടയം: എസ്.എച്ച്. മൗണ്ട് ഇടവകാംഗം പ്രൊഫ. എം.സി. പീറ്റർ മാടപറമ്പത്ത് (79) അന്തരിച്ചു. ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജ് ഇക്കണോമിക്സ് വകുപ്പ് തലവനായിരുന്നു. ഭാര്യ ബി.സിഎം കോളജ് റിട്ട. പ്രഫസർ ലീലാമ്മ പീറ്റർ നീണ്ടൂർ പറയംകാലായിൽ കുടുംബാംഗമാണ്. മക്കൾ: രഞ്ജിത് പീറ്റർ (ചെന്നൈ), രോഹിത് പീറ്റർ (ഡാളസ്), രെമിത ഡാനി പുളിമൂട്ടിൽ (ചുങ്കം) മരുമക്കൾ: ശാലിനി ചാഴികാട്ട് ചുങ്കം (ചെന്നൈ), എബീനാ നടുവീട്ടിൽ (ഡാളസ്), ഡാനി പുളിമൂട്ടിൽ (ചുങ്കം). കൊച്ചുമക്കൾ: റിതിക, നിഖിത, ഏവ, സൊഫിയ, നേതൻ, ലിയം, ഏബ്രഹാം, ആരൺ, ഇസ.







# കെസിബിസി പ്രസിഡണ്ട് മോസ്റ്റ് റവ.ഡോ. വർഗീസ് ചക്കാലക്കലിന് ഡാളസ് ഇടവകയിൽ സ്വീകരണം

ജോക്കുട്ടി മേലേടത്ത്

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിൽ കെസിബിസി പ്രസിഡണ്ടും കോഴിക്കോട് അതിരൂപതാദ്ധ്യക്ഷനു







മായ മോസ്റ്റ് റവ.ഡോ. വർഗീസ് ചക്കാലക്കലിന് പ്രൗഢോജ്ജ്വലമായ സ്വീകരണം നല്കി. ഇടവകയിലെ പിതൃദിനത്തോടനുബന്ധിച്ച് കൃതജ്ഞതാബലി അർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് നടന്ന പിതൃദിനാഘോഷത്തിൽ മുഖ്യാതിഥിയായി പിതാവ് പങ്കെടുത്തു.

വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനം നല്കുകയും പിതൃദിനത്തോടനുബന്ധിച്ചു നടന്ന ആദരിക്കൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. സ്വീകരണത്തിന് കൈക്കാരന്മാരായ റ്റെറി വാളാച്ചേരിൽ, ബിനോ പുല്ലുകാട്ട്, റെനി പഴയിടത്ത്, ജെയിംസ് കൊല്ലമാരുപറമ്പിൽ എന്നിവർ നേതൃത്വം നല്കി. കെസിബിസി പ്രസിഡണ്ടും കോഴിക്കോട് അതിരൂപതാദ്ധ്യക്ഷനുമായി ശുശ്രൂഷ ഏറ്റെടുത്തതിനു ശേഷം അമേരിക്കയിൽ ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ആദ്യസന്ദർശനത്തിനായി മോസ്റ്റ് റവ.ഡോ. വർഗീസ് ചക്കാലക്കൽ തെരഞ്ഞെടുത്തതിന്റെ സന്തോഷം വികാരി ഫാ. ബിൻസ് ചേത്തലിൽ പങ്കുവെച്ചു.

## കോട്ടയം ബിലിവേഴ്സ് സമ്മേളനം ചിക്കാഗോ പിസിനാക്കിൽ ശനിയാഴ്ച ഉച്ചയ്ക്ക്


കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന പിസിനാക്ക് കോൺഫറൻസിനോടനുബന്ധിച്ച് കോട്ടയം ജില്ലയിൽനിന്നുള്ള വിശ്വാസികളുടെ സംഗമം ജൂലൈ നാലിന് ശനിയാഴ്ച ഒന്നര മണി മുതൽ നടത്തപ്പെടുന്നതാണ്. പ്രധാന സമ്മേളന വേദിയുടെ രണ്ടാം നിലയിലുള്ള യുഫോറിയ റൂമിലാണ് സമ്മേളനം നടക്കുന്നത്.

അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നുമായി പിസിനാക്കിന് എത്തിച്ചേരുന്ന കോട്ടയം സ്വദേശികളായ വിശ്വാസികളുടെ പ്രത്യേക സംഗമത്തിൽ പരസ്പരം പരിചയം പുതുക്കുന്നതിനും അനുഭവങ്ങൾ പങ്കുവെക്കുന്നതിനുമുള്ള അവസരം ഉണ്ടായിരിക്കും. കോട്ടയം ബിലിവേഴ്സ് വാട്ട്സ് ആപ്പ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിലാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. ബിനോയ് ഫിലിപ്പ് കരുമാങ്കൽ, റ്റിജു തോമസ്, വെസ്ലി മാത്യു, കുര്യൻ ഫിലിപ്പ്, ജോഷിൻ ഡാനിയേൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കും. കൂടുതൽ വിവരങ്ങൾക്ക്: ബിനോയ് ഫിലിപ്പ് (972 740 0135), കുര്യൻ ഫിലിപ്പ് (847 912 5578).




## ജോൺ കെ. അലക്സാണ്ടർ അന്തരിച്ചു



ഹൂസ്റ്റൺ: ഇന്ത്യയിലെ പെന്തെക്കോസ്ത് സഭാ ശുശ്രൂഷകളുടെ ആദ്യകാല പ്രവർത്തകരിൽ ഒരാളും സുവിശേഷ പ്രവർത്തനങ്ങളിൽ സജീവ പങ്കുവഹിച്ച വ്യക്തിയുമായ ജോൺ കെ. അലക്സാണ്ടർ (80) ഹൂസ്റ്റണിൽ അന്തരിച്ചു.

ഹൂസ്റ്റണിലെ എബനേസർ അസംബ്ലി ഓഫ് ഗോഡ് സഭയിലെ സജീവ അംഗമായിരുന്ന അദ്ദേഹം ആത്മീയ സാമൂഹിക പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമായിരുന്നു.

ഭാര്യ ഏലിയാമ്മ ജോൺ. മക്കൾ: ഷെറി അലക്സ്, ബൻജി അലക്സാണ്ടർ. മരുമകൻ: ജസ്റ്റിൻ ജോൺ.

കൊച്ചുമക്കൾ: നോവ, മൈക്ക, ഒലിവിയ. സഹോദരൻ: പാസ്റ്റർ കെ.കെ. ജോൺ. ഫ്യൂണറൽ സർവീസ് ജൂൺ 26-ന് വെള്ളിയാഴ്ച വൈകുന്നേരം 6.30-നും സംസ്കാര ശുശ്രൂഷകൾ ജൂൺ 27-ന് ശനിയാഴ്ച രാവിലെ 9-നും എബനേസർ എ.ജി. ചർച്ചിൽ നടക്കും.

വിലാസം: (Ebanesar A.G. Church, 3350 Fuqua Street, Houston, Texas 77047). കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ബെഥേൽ സാമുവേൽ (847 281 6890).

വാർത്ത: ജോയി തുമ്പമൺ

## പ്രിയദർശിനി പദ്ധതി തുടരാമെന്ന് ഹൈക്കോടതി

കൊച്ചി: കേരള സർക്കാരിന് പ്രിയദർശിനി ബസ് സൗജന്യ യാത്രാ പദ്ധതിക്കെതിരെ നൽകിയ പൊതുതാൽപര്യ ഹർജി തള്ളി ഹൈക്കോടതി. ഭരണഘടനാവിരുദ്ധത ചൂണ്ടിക്കാട്ടാൻ ഹർജിക്കാരനായില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. സൗജന്യയാത്രാ പദ്ധതി നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു ഹർജി. ഈയിടെ ഹൈക്കോടതിയുടെ പരിഗണനയിൽ വന്ന ഹർജി വിധി പറയാൻ ഇന്നത്തേക്ക് മാറ്റുകയായിരുന്നു.

പദ്ധതി രാഷ്ട്രീയ നേട്ടത്തിനുള്ള തെരഞ്ഞെടുപ്പ് വാഗ്ദാനമെന്നായിരുന്നു ഹർജിക്കാരന്റെ വാദം. എന്നാൽ സർക്കാർ വാക്കു പാലിച്ചത് കണ്ടുകൂടെയെന്നും പദ്ധതി നിർത്തണമെന്ന് എങ്ങനെയാണ് പറയുകയെന്നും കോടതി ചോദിച്ചിരുന്നു. ശാസ്ത്രീയ പഠനമോ സാമ്പത്തിക ആഘാതമോ വിലയിരുത്താതെയാണ് പദ്ധതി നടപ്പാക്കിയതെന്നും പൊതുജനാഭിപ്രായ രൂപീകരണം നടത്തിയിട്ടില്ലെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിരുന്നു. രാഷ്ട്രീയ നേട്ടത്തിനായുള്ള തെരഞ്ഞെടുപ്പ് വാഗ്ദാനം അതേപടി നടപ്പിലാക്കി. ഇതുവഴി പ്രതിവർഷം ഏകദേശം 800 കോടി രൂപയാകും കേരള സർക്കാരിന്റെ സാമ്പത്തിക ബാധ്യത. ഇത് താങ്ങാൻ പറ്റാത്ത ഭാരമാകുമെന്നും പൊതുതാൽപര്യ ഹർജിയിൽ ഉന്നയിച്ചിരുന്നു. പുരുഷന്മാരെയും സ്ത്രീകളെയും കേവലം ലിംഗത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വേർതിരിക്കുന്നത് വിവേചനമാണെന്നും പദ്ധതി ഭരണഘടനാവിരുദ്ധമാണെന്നും ഹർജിയിൽ ആരോപണമുണ്ട്. പൊതുജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് ഭരണഘടനാവിരുദ്ധമായി നടപ്പിലാക്കുന്ന പദ്ധതി റദ്ദാക്കണമെന്നും കേസ് തീർപ്പാകുന്നത് വരെ പദ്ധതിയുടെ തുടർനടപടികൾ സ്റ്റേ ചെയ്യണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

## വീണ വീണ്ടും ഹാജരാകണം

കൊച്ചി: സിഎംആർഎൽ-എക്സാലോജിക് സാമ്പത്തിക ഇടപാട് കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ മകൾ ടി. വീണയ്ക്ക് 29-ന് ഹാജരാകാൻ വീണ്ടും ഇഡിയുടെ സമൻസ്.

കോടതി നിർദേശപ്രകാരം സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്എഫ്ഐഒ) കൈമാറേണ്ട കേസ് രേഖകൾ ഇഡിക്ക് ലഭിച്ചിട്ടില്ല. കോടതി അനുവദിച്ച പത്ത് ദിവസം കാലാവധി 17-ന് കഴിഞ്ഞു. രേഖകൾക്കായി എസ്എഫ്ഐഒ അന്വേഷണസംഘവുമായി ഇഡി ചർച്ച നടത്തും. 134 രേഖകളാണ് ലഭിക്കേണ്ടത്.

താത്കാലിക കണ്ടുകെട്ടലിന്റെ തെളിവ് സമാഹരണമാണ് നിലവിൽ ഇഡി നടത്തുന്നത്. 242 അക്കൗണ്ടുകളിലായി 18 കോടി രൂപ മരവിപ്പിച്ചതിൽ വീണയുടെ രണ്ട് അക്കൗണ്ടും എക്സാലോജിക്കിന്റെ ഒരു അക്കൗണ്ടും ഉൾപ്പെടുന്നു. വീണയുടെ ബാങ്ക് ലോക്കർ പരിശോധിച്ച ഇഡിക്ക് സിഎംആർഎലുമായുള്ള ഇടപാടിന്റെ രേഖകളൊന്നും കിട്ടിയില്ലെന്നാണ് സൂചന.

# പ്രൊഫ. ടി.ജെ. ജോസഫിന് കേരളാ സെന്ററിൽ സ്വീകരണം നല്കി

പി.ടി. പൗലോസ്

ന്യൂയോർക്ക്: കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച 'അറ്റുപോകാത്ത ഓർമ്മകൾ' എന്ന ആത്മകഥയുടെ രചയിതാവും തൊടുപുഴ ന്യൂമാൻ കോളജ് മലയാള ഭാഷാ വിഭാഗം



മുൻ അദ്ധ്യാപകനുമായ പ്രൊഫസർ ടി.ജെ. ജോസഫിന് ന്യൂയോർക്ക് കേരളാ സെന്ററിന്റെയും സർഗ്ഗവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളാ സെന്ററിൽ ഹൃദ്യമായ സ്വീകരണം നല്കി.


ജൂൺ 7-ലെ മനോഹരമായ സായാഹ്നത്തിൽ കേരളാ സെന്ററിലെത്തിയ പ്രഫ. ജോസഫിനെ സെന്ററിന്റെയും സർഗ്ഗവേദിയുടെയും ഭാരവാഹികൾ സെന്ററിലെ ലൈബ്രറിയിലേക്ക് ആനയിച്ചു. ലൈബ്രറിയിൽ ഉണ്ടായിരുന്ന 'അറ്റുപോകാത്ത ഓർമ്മകൾ' എന്ന സ്വന്തം രചനയ്ക്ക് അദ്ദേഹം കയ്യൊപ്പ് നല്കി.

തുടർന്ന് മെയിൻ ഹാളിൽ നടന്ന സ്വീകരണയോഗത്തിൽ സർഗ്ഗവേദിയുടെ കോ-ഓർഡിനേറ്റർ പി.ടി. പൗലോസ് ജോസഫ് മാഷിനെ സദസ്യർക്ക് പരിചയപ്പെടുത്തി വേദിയിലേക്ക് ക്ഷണിച്ചു. ജനനി മാസിക ചീഫ് എഡിറ്ററും സർഗ്ഗവേദിയുടെ ആത്മബന്ധുവുമായ ജെ. മാത്യൂസ് അദ്ധ്യക്ഷനായി. കേരളാ സെന്റർ പ്രസിഡണ്ട് അലക്സ് എസ്തപ്പാൻ മുഖ്യാതിഥിയെയും സദസ്സിനെയും സ്വാഗതം ചെയ്തു. ജെ. മാത്യൂസ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിലും അലക്സ് എസ്തപ്പാൻ സ്വാഗതപ്രസംഗത്തിലും മുഖ്യാതിഥി പ്രഫ. ടി.ജെ. ജോസഫിന് ഹൃദയപൂർവ്വം ആശംസകൾ നേർന്നു. തുടർന്ന് ഇരുവരും ചേർന്ന് ജോസഫ് മാഷിനെ പൊന്നാട അണിയിച്ചു സ്വീകരിച്ചു.

'യുദ്ധം ജയിച്ചിട്ടും രാജ്യം നഷ്ടപ്പെട്ട രാജാവാണ് താൻ' എന്ന് പറഞ്ഞുകൊണ്ടാണ് പ്രഫ. ടി.ജെ. ജോസഫ് തന്റെ പ്രസംഗം ആരംഭിച്ചത്. ചുട്ടുപൊള്ളുന്ന കനൽവഴികളിലൂടെയുള്ള തന്റെ യാത്രയുടെ തീക്ഷ്ണമായ അനുഭവങ്ങളാണ് സത്യസന്ധമായി ആത്മകഥയായ 'അറ്റുപോകാത്ത ഓർമ്മകൾ' എന്ന പുസ്തകത്തിൽ കുറിച്ചിട്ടുള്ളത്. പണ്ടേ കുഴിച്ചുമൂടേണ്ട, അല്ലെങ്കിൽ കാലഹരണപ്പെട്ട കപട വിശ്വാസസംഹിതകൾക്കു വേണ്ടി അവർ തന്റെ കൈകാലുകൾ അറുത്തത് എഴുതാതിരിക്കാനാണ്, നടക്കാതിരിക്കാനാണ്. എന്നിട്ടും ഇന്ന് ഞാൻ നടക്കുന്നു ലോകം മുഴുവൻ. തന്റെ അറുപത്തഞ്ചാം പിറന്നാളിലെ പ്രഭാതനടത്തം ഇരുപത്തിരണ്ടര മണിക്കൂർ വരെ നീണ്ടു. അവർ തന്റെ കൈ വെട്ടുന്നതിനു മുൻപായി ഒരെഴുത്തുകാരനല്ലായിരുന്നു. എന്നാൽ അതിനുശേഷം നാല് പുസ്തകങ്ങൾ എഴുതി: ജോസഫ് മാഷ് തുടർന്നു. തന്റെ കൈകാലുകൾ വെട്ടിയവരല്ല തെറ്റുകാർ. കാലഹരണപ്പെട്ട കപട സംഹിതകൾക്കു വേണ്ടി കൊടുവാളെടുക്കാൻ അവരെ നിയോഗിച്ചവരാണ് തെറ്റുകാർ. അവരാണ് ശരിക്കും ശിക്ഷിക്കപ്പെടേണ്ടത്. ജാമ്യം കിട്ടി വീട്ടിലെത്തിയിട്ടും ബന്ധുക്കൾ വരെ തിരിഞ്ഞുനോക്കിയില്ല. മാനേജ്മെന്റും സ്വന്തം സഭയും എതിരായി. ജോലിയിൽ നിന്നും പിരിച്ചുവിട്ടു. അമ്മയെ നോക്കാത്തവനാണ്, ഭാര്യയെ തല്ലുന്നവനാണ് എന്നീ കുപ്രചാരണങ്ങൾ നടത്തി മാനേജ്മെന്റിലെ വിശ്വാസിയായ ഒരു കോളജ് പ്രഫസർ പറഞ്ഞുനടന്നു, മുറിവേറ്റ മനസ്സോടെ, ശരീരത്തോടെ ജോസഫ് സാർ എങ്ങനെ കുട്ടികളെ പഠിപ്പിക്കും. എല്ലാം നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്യാൻ റെയിൽപ്പാളം വരെ എത്തിയ ഓട്ടത്തിൽ രക്ഷപ്പെടുത്തിയത് പുസ്തകങ്ങളാണ്. പുസ്തകങ്ങളെ അന്നും ഇന്നും കൈവിട്ടിട്ടില്ല- പ്രഫസർ ജോസഫ് കൂട്ടിച്ചേർത്തു.

തുടർന്നു സംസാരിച്ച ജോസഫ് മാഷിന്റെ ശിഷ്യൻ കൂടിയായ സർഗ്ഗവേദിയിലെ ജയൻ ചെറിയാൻ 'അറ്റുപോകാത്ത ഓർമ്മകൾ' എന്ന പുസ്തകത്തെക്കുറിച്ച് വിശദമായ ഒരു വിവരണം നടത്തി. സിബി ഡേവിഡ്, ബാബു പാറക്കൽ, കോശി തോമസ്, എൽസി യോഹന്നാൻ, മാമ്മൻ സി. മാത്യു എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. കേരളാ സെന്ററിന്റെ സെക്രട്ടറിയും സർഗ്ഗവേദിയുടെ ആത്മബന്ധുവുമായ രാജു തോമസ് നന്ദി പറഞ്ഞു. തുടർന്ന് നടന്ന സ്നേഹവിരുന്നോടെ ഒരു സുവർണ്ണസായാഹ്നം പൂർണ്ണമായി.













കേരളാ എക്സ്പ്രസ് KERALA EXPRESS വഴിവിളക്കുകൾ 17

# പപ്പലുമാമൻ



ആൻസി സിറിയക് ഇലക്കാട്ട്

നാടിനെ വിറപ്പിച്ച 'പത്മനാഭനിൽ' നിന്ന് എന്റെ മൂന്നു വയസ്സുകാരിയുടെ 'പപ്പലുമാമനി'ലേക്കുള്ള ഒരു മനുഷ്യന്റെ പരിണാമത്തിന്റെ കഥയാണിത്. ഒരു മനുഷ്യൻ പലർക്കും പലതാണല്ലോ. പലരുടെ കാഴ്ചകളിൽ പലതാണല്ലോ.

കല്യാണം കഴിഞ്ഞ് കൈപ്പുഴയിലെത്തിയ ആദ്യ നാളുകളിൽ തന്നെ ഞാൻ പത്മനാഭൻ ചേട്ടനെ പരിചയപ്പെട്ടു. ഞങ്ങളുടെ അയൽവാസി. പിന്നീട് പലപ്പോഴായി പലരിൽ നിന്നും ഞാൻ പത്മനാഭൻ ചേട്ടനെക്കുറിച്ച് കേട്ടു. ആ കഥകളെല്ലാം ചേർത്ത് എന്റെ മനസ്സിൽ ഞാൻ സൃഷ്ടിച്ച പത്മനാഭൻ ചേട്ടന്റെ ഗൗരവപൂർണ്ണമായ രൂപത്തെയാണ് 'പപ്പലുമാമനപ്പച്ചാ' എന്ന വിളികൾ കൊണ്ട് എന്റെ മകൾ മാറ്റിവരച്ചത്.

ഏഴു വർഷങ്ങൾക്കു മുമ്പ് ഞാൻ ആദ്യമായി കണ്ട പത്മനാഭൻ ചേട്ടൻ; ആറടി അടുത്ത് ഉയരം, ബലിഷ്ടമായ ശരീരം, ഗാംഭീര്യമുള്ള മുഖം. 75 വയസ്സ് പ്രായം ഷർട്ടിന്റെ മുകളിലത്തെ രണ്ട് ബട്ടണുകൾ അഴിച്ചിട്ട് അലസമായി നടന്നുകൊണ്ട് മനോഹരമായി പുഞ്ചിരിക്കുന്ന പത്മനാഭൻ ചേട്ടൻ. തികഞ്ഞ അനുസരണയോടെ പുറകിലേക്ക് ചീകിവെച്ച അതേ മട്ടിൽ ഇരിക്കുന്ന നീളൻ തലമുടി. അവിടിവിടെ കറുപ്പ് ഉണ്ടെങ്കിലും ഭൂരിഭാഗവും വെളുത്ത മുടികളാണ്. ഒരുപാട് കഥകൾ പേറുന്ന ഒരു മനുഷ്യനെയാണ് ഞാൻ കാണുന്നത് എന്ന തോന്നൽ എന്തുകൊണ്ടോ ആദ്യ കാഴ്ചയിൽ തന്നെ എനിക്കുണ്ടായി.

ആ കഥകൾ ശേഖരിക്കാനുള്ള എന്റെ കൗതുകത്തിൽ ഞാൻ പത്മനാഭൻ ചേട്ടനെക്കുറിച്ച് സാധിക്കുന്ന അവസരങ്ങളിൽ ഒക്കെ പലരോടും അന്വേഷിച്ചു.

ഒന്നാന്തരം മരംവെട്ടുകാരൻ ആയിരുന്നു പത്മനാഭൻ ചേട്ടൻ. പത്മനാഭൻ ചേട്ടൻ മനസ്സിൽ കാണുന്നിടത്ത് മരം നിൽക്കും. ഏതു പടുകൂറ്റൻ മരത്തെയും വരുതിയിൽ ആക്കാനുള്ള ചെപ്പടി വിദ്യകളൊക്കെ പത്മനാഭൻ ചേട്ടന് വശമായിരുന്നു. മരങ്ങളോടുള്ള അതേ മനോഭാവം തന്നെയായിരുന്നു പത്മനാഭൻ ചേട്ടന് മനുഷ്യരോടും. ഒന്നിനെയും ഭയക്കാത്ത, ആരെയും കൂസാത്ത പ്രകൃതം. തേക്ക്, ഈട്ടി, മഹാഗണി, പ്ലാവ്, മാവ്, തെങ്ങ്, കവുങ്ങ്, കശുമാവ്, വട്ടമരം ഏതായാലും, മാനം മുട്ടെ വളർന്നതായാലും മണ്ട പോയതായാലും- പത്മനാഭൻ ചേട്ടൻ അതിവിദഗ്ദ്ധമായി, തികഞ്ഞ കയ്യടക്കത്തോടെ വെട്ടി മാറ്റി. ചില മരങ്ങൾ അപ്പാടെ മുറിക്കേണ്ടിയിരുന്നില്ല- ചില്ലകൾ വെട്ടിയൊതുക്കി നിർത്തിയാൽ മതി. അതും അസാമാന്യ പാടവത്തോടെ പത്മനാഭൻ ചേട്ടൻ ചെയ്തു. മരങ്ങളിലും മനുഷ്യരിലും പത്മനാഭൻ ചേട്ടൻ സമാനതകൾ കണ്ടിട്ടുണ്ടാവണം. മരത്തിന്റെ ചില്ലകൾ ആയി മനുഷ്യരുടെ കാലുകളെയും കൈകളെയും അയാൾ കരുതിയിട്ടുണ്ടാവണം. പത്മനാഭൻ ചേട്ടനെ ഒരു നാടു മുഴുവൻ ഭയത്തോടെയാണ് കണ്ടിരുന്നത്. അടി, ഇടി, അസഭ്യം പറച്ചിൽ, കത്തിക്കുത്ത്- പത്മനാഭൻ ചേട്ടനെക്കുറിച്ച് ഞാൻ കേട്ട കഥകൾക്ക് സുരേഷ് ഗോപി പടങ്ങളെക്കാളും സസ്പെൻസ് ഉണ്ടായിരുന്നു.

വാർദ്ധക്യ അസ്വസ്ഥതകൾ അലട്ടിത്തുടങ്ങിയിരുന്നെങ്കിലും ഗാംഭീര്യത്തിന്റെ അലകൾ പത്മനാഭൻ ചേട്ടനിൽ അവശേഷിച്ചിരുന്നു. പലപ്പോഴും പല ആവശ്യങ്ങൾക്കായി ഞങ്ങളുടെ വീട്ടിൽ എത്തിയിരുന്ന പത്മനാഭൻ ചേട്ടനെ കാണുമ്പോഴൊക്കെ കേട്ട കഥകൾ എന്റെ മനസ്സിൽ പൊന്തിവന്നിരുന്നു. സജീവ മരംവെട്ടൽ ഒക്കെ അവസാനിപ്പിച്ച് മെഡിക്കൽ കോളജിലെ സെക്യൂരിറ്റിയുടെ ജോലിയിലേക്ക് മാറിയിരുന്നു അപ്പോഴേക്കും പത്മനാഭൻ ചേട്ടൻ. തീർത്തും സൗമ്യമായും സൗഹാർദ്ദപരമായുമാണ് ഓരോ പ്രാവശ്യവും പത്മനാഭൻ ചേട്ടൻ എന്നോട് സംസാരിച്ചത്. കേട്ട കഥകളിലെ പത്മനാഭൻ ചേട്ടനും ഞാൻ കണ്ട പത്മനാഭൻ ചേട്ടനും തമ്മിലുള്ള അന്തരം എന്നെ അത്ഭുതപ്പെടുത്താൻ തുടങ്ങി.

പത്മനാഭൻ ചേട്ടന്റെ ഇപ്പോഴത്തെ പ്രിയ സുഹൃത്ത് എന്റെ മൂന്നു വയസ്സുകാരി മകളാണ്. കലപില വർത്തമാനം പറയുന്ന അവൾ എത്ര ആയാസരഹിതമായാണ് പത്മനാഭൻ ചേട്ടനുമായി സൗഹൃദം സ്ഥാപിച്ചത്. മുൻവിധികളുടെയും കഥകളുടെയും ഭാരം അവളെ തെല്ലും അലട്ടുന്നില്ലല്ലോ! അവളുടെ ഭാഷയിൽ 'പപ്പലുമാമൻ അപ്പച്ചൻ'.

82 വയസ്സുകാരൻ പപ്പലുമാമൻ അപ്പച്ചൻ അവളുടെ മൂന്നു വയസ്സിന്റെ നിഷ്കളങ്കതയിൽ കാർക്കശ്യത്തിന്റെയും കൂസലില്ലായ്മയുടെയും രണ്ട് ബട്ടണുകൾ എന്നെന്നേക്കുമായി അഴിച്ചിട്ടതുപോലെ!

പപ്പലുമാമൻ അപ്പച്ചൻ വഴിയേ പോകുമ്പോഴൊക്കെ എന്റെ മകളെ അന്വേഷിക്കും. ദൂരെ വെച്ച് അദ്ദേഹത്തെ കാണുമ്പോഴേ എന്റെ മകൾ ആഹ്ലാദത്തോടെ ഉറക്കെ വിളിക്കും - 'പപ്പലുമാമൻ അപ്പച്ചാ....' ആ വിളിയെയും സ്നേഹത്തെയും അറുത്തു മാറ്റാനുള്ള കോടാലികളും പിച്ചാത്തിയും അയാളുടെ കൈയിൽ ഉണ്ടായിരുന്നില്ല.

വീടിന്റെ മുൻവശത്ത് നിൽക്കുന്ന ചെന്തെങ്ങിന്റെ കരിക്കുകൾ എന്റെ മകൾക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. അത് അവൾക്ക് ഇട്ടുകൊടുക്കുന്നത് ആവട്ടെ അവളുടെ പപ്പലുമാമൻ അപ്പച്ചനും. ഒരുദിവസം വൈകുന്നേരം. എന്റെ മൂന്നു വയസ്സുകാരിക്ക് കരിക്ക് വേണമെന്ന ആഗ്രഹം കലശലായി. പപ്പലുമാമൻ അപ്പച്ചൻ എങ്ങാനും വഴിയേ പോകുന്നുണ്ടോ എന്ന് കുറച്ചുനേരം അവൾ നോക്കിനിന്നു. നോക്കിനിന്നു ക്ഷമ നശിച്ചപ്പോൾ അവൾ അമ്മച്ചിയെയും കൂട്ടി പപ്പലുമാമൻ അപ്പച്ചന്റെ വീട്ടിൽ പോയി. "എനിക്ക് കരിക്ക് വേണം"- അവൾ ശാഠ്യം പിടിച്ചു. പനിപിടിച്ച് കട്ടിലിന്റെ മൂലയിൽ ചുരുണ്ടുകൂടി കിടക്കുകയായിരുന്നു പപ്പലുമാമൻ അപ്പച്ചൻ. ആരും കാണാതെ ഉള്ളിൽ സൂക്ഷിച്ചിരുന്ന കുറെയധികം മൃദുലവികാരങ്ങളുടെ കുത്തൊഴുക്കിൽ പനിക്കിടക്കയിൽ നിന്ന് അയാൾ എണീറ്റു. എന്റെ മൂന്ന് വയസ്സുകാരിയെ അനുസരണയുള്ള ഒരു കുഞ്ഞാടിനെ എന്നപോലെ അയാൾ പിന്തുടർന്ന് തെങ്ങിൻചുവട്ടിലെത്തി. അവൾക്കുവേണ്ടി ഒരു കരിക്കിട്ടു. ബാക്കി കരിക്ക് പനി കുറഞ്ഞു കഴിയുമ്പോൾ നാളെ ഇട്ടുതരാം എന്നു പറഞ്ഞ് പനിക്കിടക്കയിലേക്ക് അയാൾ വേച്ചുവേച്ച് നടന്നു മടങ്ങുന്നത് കണ്ടപ്പോൾ, എന്റെ മനസ്സിലെ കഥകളുടെ ഭാരം അപ്പൂപ്പൻതാടി കണക്കേ പറന്നു പറന്നുപോയി!

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# ആരോഗ്യം പുതിയ ട്രെൻഡാകട്ടെ – 5K റൺ/വാക്ക് സെപ്റ്റംബറിൽ

**ലിൻസൺ തോമസ്**
**(President, Indian Social Workers Association of Illinois)**

ജോലി, ബിസിനസ്സ്, അവയ്ക്കിടയിൽ അപൂർവമായി ലഭിക്കുന്ന ഇടവേളകളിലെ കൂട്ടായ്മകൾ, ആഘോഷങ്ങൾ അങ്ങനെ തിരക്കേറിയ പ്രവാസ ജീവിതത്തിൽ നാളത്തേക്കായി ഭൂരിപക്ഷം പേരും മാറ്റിവെച്ചിരിക്കുന്ന ഒന്നാണ് ആരോഗ്യ പരിപാലനം. എല്ലാം ഒത്തു വരുമ്പോളേക്കും പലരും വൈകി പോകുന്നു എന്നതാണ് വസ്തുത. മോശം ഭക്ഷണക്രമം, വ്യായാമകുറവ്, മണിക്കൂറുകളോളം ഇരുന്ന് ചെയ്യുന്ന ജോലികൾ തുടങ്ങിയ ജീവിതരീതികൾ മൂലം ഇന്ത്യൻ അമേരിക്കൻ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചു ചർച്ചകൾ തുടങ്ങി വെക്കുക എന്ന ലക്ഷ്യത്തോടെ 5k റൺ/വാക്ക് സംഘടിപ്പിക്കുന്നു.

സെപ്റ്റംബർ 12-ന് ശനിയാഴ്ച ഡെസ്പ്ലെയിൻസിൽ ഉള്ള കുക്ക് കൗണ്ടി ഫോറെസ്റ്റ് പ്രീസെർവിലാണ് ഫിറ്റ് ഫോർവേർഡ് (FitForward5k) എന്ന പേരിൽ ഓട്ടം സംഘടിപ്പിച്ചിരിക്കുന്നത്. ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് ഓഫ് ഇല്ലിനോയിസ്, ഇന്ത്യ നേഴ്സസ് അസ്സോസ്സിയേഷൻ, റീഹാബിലിറ്റേഷൻ പ്രൊഫഷണൽസ് അസ്സോസ്സിയേഷൻ, റെസ്പറ്റോറി തെറാപിസ്റ്റസ് അസ്സോസ്സിയേഷൻ, മലയാളി റേഡിയോഗ്രാഫേഴ്സ് അസ്സോസ്സിയേഷൻ തുടങ്ങി ഹെൽത്ത് കെയർ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ ഒരുമിച്ചാണ് ഈ സംരംഭത്തിന് നേതൃത്വം നൽകുന്നത്. ഇന്ത്യൻ വംശജർക്കിടയിലുള്ള ബോധവൽക്കരണമാണ് പ്രധാന ലക്ഷ്യം എങ്കിലും ആകർഷകമായ പുരസ്കാരങ്ങളും, പ്രൊഫഷണൽ ടൈം മാനേജ്മെന്റും ഉൾപ്പെടെ താൽപര്യം ഉള്ള ആർക്കും പങ്കെടുക്കാവുന്ന രീതിയിലാണ് പരിപാടി ഒരുങ്ങുന്നതെന്നു സംഘടനാ പ്രസിഡണ്ടുമാരായ ലിൻസൺ തോമസ് (ISWAI), ഡോ. സിമി ജോസഫ് (INAI), മജോ ഓട്ടപ്പള്ളി, ടോം ജോസ് (MARC), സോണി പോൾ (MRA) എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.




ഈ പരിപാടി വഴി സമാഹരിക്കുന്ന പണം ഭിന്നശേഷിക്കാരുടെ സേവനത്തിനായി ചിക്കാഗോ കേന്ദ്രമായി പ്രവർത്തിക്കുന്ന ചോസൺ ഫൗണ്ടേഷൻ എന്ന സംഘടനയുടെ പ്രവർത്തനങ്ങൾക്കായി നൽകുവാൻ ഉദ്ദേശിക്കുന്നു. 10 വയസ്സിനു മുകളിൽ പ്രായമുള്ള ആർക്കും പങ്കെടുക്കാം.

ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 21-ന് ആരംഭിക്കും.

# നേഴ്സിന്റെ യൂണിഫോമിന്റെ മഹത്വം

**മേഴ്സി കുര്യാക്കോസ്, ചിക്കാഗോ**

അടുത്തിടെ നേഴ്സുമാരുടെ യൂണിഫോമിനെക്കുറിച്ച്, ഒരു വനിതാ എംപി നടത്തിയ പരാമർശം ഏറെ ദുഃഖകരവും അപലപനീയവും നിരുത്തരവാദപരവുമാണ്. നിലവിലുള്ള നേഴ്സുമാരുടെ യൂണിഫോം ബ്രിട്ടീഷ് ഭരണകാലത്തിന്റെ അവശിഷ്ടമാണെന്നും അതിന് ലൈംഗിക ആകർഷണവുമായി ബന്ധമുണ്ടെന്നുമുള്ള പ്രസ്താവന നേഴ്സിംഗ് സമൂഹത്തെ അപമാനിക്കുന്നതാണ്.

ഫ്ളോറൻസ് നൈറ്റിംഗിലിന്റെ കാലം മുതൽ മനുഷ്യ സേവനത്തിന്റെ മഹത്തായ മാതൃകയായി നിലകൊള്ളുന്ന ഒരു തൊഴിലാണ് നേഴ്സിംഗ്. നൂറ്റാണ്ടുകളായി നേഴ്സുമാർ രോഗികളുടെ പരിചരണത്തിനും ആശ്വാസത്തിനും ജീവൻ രക്ഷിക്കുന്ന സേനവനങ്ങൾക്കുമായി സമർപ്പിതരായി പ്രവർത്തിച്ചു വരുന്നു. ഇന്നും ലോകമെമ്പാടും ഏറ്റവും ആദരിക്കപ്പെടുന്നതും അനിവാര്യവുമായ തൊഴിൽ മേഖലകളിലൊന്നാണ് നേഴ്സിംഗ്. മറ്റെല്ലാ പ്രൊഫഷനുകളെയും പോലെ നേഴ്സിംഗ് മേഖലയ്ക്കും അതിന്റേതായ യൂണിഫോം ഡ്രസ് കോഡും ഉണ്ട്. അത് സുരക്ഷ, രോഗാണു നിയന്ത്രണം, തൊഴിൽ സൗകര്യം, രോഗികളുടെ സംരക്ഷണം എന്നിവ കണക്കിലെടുത്താണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. നേഴ്സിംഗ് വിദ്യാർത്ഥികൾ പ്രൊഫഷണൽ കോളജുകളിൽ വർഷങ്ങളോളം പഠിച്ചും പരിശീലനം നേടിയുമാണ് ഈ രംഗത്തേയ്ക്ക് കടന്നുവരുന്നത്.

നേഴ്സിന്റെ യൂണിഫോം ഒരു സാധാരണ വസ്ത്രമല്ല. അത് കരുണയുടെയും സേവനത്തിന്റെയും സമർപ്പണത്തിന്റെയും വിശ്വാസത്തിന്റെയും പ്രതീകമാണ്. മനുഷ്യജീവനെ സംരക്ഷിക്കുകയും രോഗികളെ ശുശ്രൂഷിക്കുകയും അവരുടെ വേദനകളിൽ ആശ്വാസം പകരുകയും ചെയ്യുന്ന മഹത്തായ ദൗത്യത്തിന്റെ അടയാളമാണ് നേഴ്സുമാരുടെ യൂണിഫോം. ഒരു നേഴ്സ് യൂണിഫോം ധരിക്കുമ്പോൾ, അത് തൊഴിൽ മികവിനോടും ധാർമ്മിക മൂല്യങ്ങളോടും രോഗിപരിചരണത്തോടുമുള്ള പ്രതിബദ്ധതയുടെ പ്രഖ്യാപനമാണ്. പരമ്പരാഗതമായ വെളുത്ത നിറത്തിലുള്ള



നേഴ്സിംഗ് യൂണിഫോം ശുദ്ധിയുടെയും സത്യസന്ധതയുടെയും വിശുദ്ധിയുടെയും പ്രതീകമായിരുന്നു. ഇന്ന് യൂണിഫോമുകളുടെ നിറത്തിലും രൂപകൽപ്പനയിലും മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും അതിന്റെ അടിസ്ഥാന മൂല്യങ്ങൾക്ക് മാറ്റമില്ല. രോഗികളുടെ ജീവനും ആരോഗ്യവും നേഴ്സുമാരുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന വലിയ ഉത്തരവാദിത്വത്തെ ഈ യൂണിഫോം ഓർമ്മപ്പെടുത്തുന്നു.

നേഴ്സിന്റെ യൂണിഫോമിന്റെ മഹത്വം ഏറ്റവും വ്യക്തമായി പ്രകടമാകുന്നത് അവരുടെ നിസ്വാർത്ഥ സേവനത്തിലാണ്. രോഗികളുടെ വേദനയിലും ആശങ്കയിലും പ്രതീക്ഷയിലും അവർ ഒപ്പമുണ്ട്. സ്വന്തം സൗകര്യങ്ങളെയും വിശ്രമത്തെയും പലപ്പോഴും മാറ്റിവെച്ച് രോഗികളുടെ ക്ഷേമത്തിനായി രാവും പകലും അദ്ധ്വാനിക്കുന്നവരാണ് നേഴ്സുമാർ. ആശുപത്രികളിലും നേഴ്സിംഗ് ഹോമുകളിലും ക്ലിനിക്കുകളിലും സാമൂഹികാരോഗ്യ മേഖലകളിലും അവരുടെ സേവനം അനിവാര്യമാണ്.

നേഴ്സിന്റെ യൂണിഫോം ധൈര്യത്തിന്റെയും സഹനശക്തിയുടെയും പ്രതീകവുമാണ്. മഹാമാരികൾ, പ്രകൃതി ദുരന്തങ്ങൾ, അടിയന്തര സാഹചര്യങ്ങൾ എന്നിവയിലൊക്കെയും നേഴ്സുമാർ അസാധാരണമായ സമർപ്പണത്തോടെയാണ് പ്രവർത്തിച്ചിട്ടുള്ളത്. അപകടസാദ്ധ്യതകൾ നേരിട്ടും രോഗികളുടെ ക്ഷേമത്തിനാണ് അവർ മുൻഗണന നൽക്കുന്നത്. മനുഷ്യസ്നേഹത്തിന്റെയും ത്യാഗത്തിന്റെയും യഥാർത്ഥ മുഖമാണ് ഈ സേവനം.

ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും നിർണ്ണായകവും ദുർബലവുമായ നിമിഷങ്ങളായ ജനനത്തിലും മരണത്തിലും ഒപ്പമുണ്ടാകുന്നവരാണ് നേഴ്സുമാർ. രോഗിയുടെ വേദനയിലും കുടുംബത്തിന്റെ ആശങ്കകളിലും അവർ കരുതലിന്റെയും സേവനത്തിന്റെയും പ്രതീകമായി നിലകൊള്ളുന്നു. അത്തരമൊരു മഹത്തായ സേവനവൃത്തിയെ ലൈംഗികപ്രതീകങ്ങളുമായി താരതമ്യം ചെയ്യുന്നത് അത്യന്തം അപലപനീയവും നിരാശാ ജനകവുമാണ്. നേഴ്സിംഗ് സമൂഹം സമൂഹത്തിന്റെ ആദരവും അംഗീകാരവും അർഹിക്കുന്നു. പൊതുപ്രവർത്തകരും ജനപ്രതിനിധികളും ഇത്തരം പ്രസ്താവനകൾ നടത്തുമ്പോൾ കൂടുതൽ ഉത്തരവാദിത്വവും ബഹുമാനവും പുലർത്തേണ്ടത് അനിവാര്യമാണ്.

# യൂറോപ്പിലെ ക്നാനായ യുവജനങ്ങൾ “Thekkans Aura”-യ്ക്കായി ഫ്രാങ്ക്ഫർട്ടിൽ ഒത്തുചേരുന്നു

**അജയ് ഇലക്കാട്ട്**

ഫ്രാങ്ക്ഫർട്ട്: യൂറോപ്പിലെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ക്നാനായ സമുദായത്തിലെ യുവജനങ്ങൾ ഈ വേനൽക്കാലത്ത് Thekkans Aura എന്ന മൂന്നു ദിവസത്തെ കൺവൻഷനായി ഒത്തുചേരുന്നു. ജൂലൈ 10 മുതൽ 12 വരെ ഫ്രാങ്ക്ഫർട്ടിലാണ് പരിപാടി നടക്കുന്നത്. സമുദായത്തിന്റെ യുവജന വിഭാഗം സംഘടിപ്പിക്കുന്ന ഈ പരിപാടി, കേരളത്തിൽ നിന്ന് ജർമ്മനിയിലേക്ക് ജീവിതം പടുത്തുയർത്താൻ എത്തിയ വിദ്യാർത്ഥികളെയും യുവ പ്രൊഫഷണലുകളെയും ഒന്നിച്ചു ചേർക്കുന്നു- ഇവരിൽ ഏറെയും നേഴ്സിങ് വിദ്യാർത്ഥികളും ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നവരുമാണ്.




ആഘോഷവും ഒരുമയും ഇഴചേർന്ന പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്. ഒരുമിച്ചുള്ള ഭക്ഷണം, സംഗീതവും ഡിജെ സന്ധ്യയും പരസ്പരം പരിചയപ്പെടാനുള്ള ആക്ടിവിറ്റീസും കൂട്ടായ പ്രവർത്തനങ്ങളും സമുദായത്തിന്റെ ആത്മീയ വേരുകൾ പ്രതിഫലിപ്പിക്കുന്ന വിശുദ്ധ കുർബാനയും. എന്നാൽ ഈ പട്ടികയ്ക്കപ്പുറം, ഒരു പോസ്റ്ററിൽ ഒതുക്കാനാവാത്ത ഒന്ന് ഈ വാരാന്ത്യം നൽകുന്നു- വീട്ടിൽ നിന്ന് ദൂരെ കഴിയുന്നവർക്ക് തങ്ങളുടെ കൂട്ടായ്മയുടെ അനുഭവവും, പരിചയക്കാരെ ആജീവനാന്ത സുഹൃത്തുക്കളാക്കി മാറ്റാനുള്ള അവസരവും.

‘ഞങ്ങളിൽ പലർക്കും ഇവിടത്തെ ജീവിതം എന്നാൽ നീണ്ട ഡ്യൂട്ടികളും തിരക്കേറിയ പഠന ആഴ്ചകളും, പലപ്പോഴും കുടുംബത്തിൽ നിന്ന് ഏറെ അകലെയും ആണ്,’ എന്ന് തോബിയാസ് (GKCYL പ്രസിഡണ്ട്) പറഞ്ഞു. “നാട്ടിൽനിന്ന് എത്ര അകലെയാണെങ്കിലും, എത്ര ഒറ്റപ്പെട്ട നഗരത്തിലാണെങ്കിലും, അവർക്ക് സ്വന്തമെന്ന് തോന്നുന്ന ഒരിടമുണ്ടെന്ന് ഓർമ്മിപ്പിക്കുകയാണ് Thekkans Aura.” കൊളോൺ മുതൽ ബർലിൻ വരെ, സ്റ്റുട്ട്ഗാർട്ട് മുതൽ ബ്രെമൻ വരെ പല നഗരങ്ങളിലായി ചിതറിക്കിടക്കുന്ന ഈ യുവജനങ്ങൾക്ക് ഒരുമിച്ച് കാണാനുള്ള അവസരം അപൂർവമാണ്. ആ കുറവ് നികത്താനാണ് Thekkans Aura ഒരുങ്ങുന്നത്.

ജർമ്മനിയിൽ നിന്ന് മാത്രമല്ല, KCYL ഓസ്ട്രിയ, സ്വിറ്റ്സർലൻഡ്, നോർത്ത് അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള ക്നാനായ യുവജനങ്ങളും ഇതിനോടകം തന്നെ പരിപാടിക്ക് രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

നാല് വർഷം മുമ്പ് നിറഞ്ഞ സദസ്സോടെ നടന്ന SERVUS എന്ന കൂട്ടായ്മയുടെ പാരമ്പര്യമാണ് Thekkans Aura മുന്നോട്ടു കൊണ്ടുപോകുന്നത്; അന്ന് ഉടലെടുത്ത സൗഹൃദങ്ങളെക്കുറിച്ച് പങ്കെടുത്തവർ ഇന്നും പറയാറുണ്ട്. ഇത്തവണത്തേത് ഏറ്റവും വലിയ പതിപ്പാകുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ. കൺവൻഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് www.-kcylgermany.com/ThekkansAura.-html എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം.

# ഐപിസി ഫാമിലി കോൺഫറൻസ് പ്രയർലൈൻ പ്രവർത്തനം ആരംഭിക്കുന്നു

**നിബു വെള്ളവന്താനം**

ഫ്ളോറിഡ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ 21-ാമത് നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രാർത്ഥനാ സഹകാരികളെ പങ്കെടുപ്പിച്ചുകൊണ്ട് ഫാമിലി കോൺഫറൻസ് പ്രയർലൈൻ പ്രവർത്തനം ആരംഭിക്കുന്നു. പ്രാർത്ഥനാ വിഷയങ്ങൾക്കായുള്ള പ്രയർലൈൻ ഉദ്ഘാടനം ജൂലൈ 16-ന് വ്യാഴാഴ്ച വൈകിട്ട് 9 മുതൽ 10 വരെ (ഈസ്റ്റേൺ ടൈം) നടത്തപ്പെടുമെന്ന് നാഷണൽ പ്രയർ കോ-ഓർഡിനേറ്റർ പാസ്റ്റർ ഏബ്രഹാം മാത്യു അറിയിച്ചു.

സൂം പ്ലാറ്റ്ഫോമിലൂടെ നടത്തപ്പെടുന്ന ഉദ്ഘാടനസമ്മേളനത്തിൽ 8658006 എന്ന നമ്പറിൽ ഐപിസിഎൻഎഫ്സി എന്ന പാസ്‌വേഡ് ഉപയോഗിച്ച് പ്രവേശിക്കാവുന്നതാണ്. അമേരിക്കയിലും കാനഡയിലുമുള്ള നിരവധി പ്രാർത്ഥനാ സഹകാരികൾ പങ്കെടുക്കുന്ന പ്രഥമയോഗം പാസ്റ്റർ റോയി വാകത്താനം ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർ ഡോ. ഷിബു തോമസ് മുഖ്യപ്രഭാഷണം നടത്തും. വെണ്ണിക്കുളം സയോൺ സിംഗേഴ്സ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

‘ആത്മനിറവിൽ ജീവിതം’ എന്നതാണ് കോൺഫറൻസ് ചിന്താവിഷയമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ലോക വിനോദസഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ട ഫ്ളോറിഡയിലെ ഒർലാന്റോ പട്ടണത്തിൽ വെച്ചാണ് 2027 ജൂലൈ 1 മുതൽ 4 വരെ ഐപിസി ഫാമിലി കോൺഫറൻസ് നടത്തപ്പെടുന്നത്.




കോൺഫറൻസിന്റെ ദേശീയ ഭാരവാഹികളായി പാസ്റ്റർ റോയി വാകത്താനം (നാഷണൽ ചെയർമാൻ), ബ്രദർ രാജൻ ആര്യപ്പള്ളിൽ (നാഷണൽ സെക്രട്ടറി), ബ്രദർ സാക് ചെറിയാൻ (നാഷണൽ ട്രഷറർ), സിസ്റ്റർ കൊച്ചുമോൾ ജെയിംസ് (ലേഡീസ് കോ-ഓർഡിനേറ്റർ), ജോമി ജോർജ് (യൂത്ത് കോ-ഓർഡിനേറ്റർ), ബ്രദർ നിബു വെള്ളവന്താനം (മീഡിയ കോ-ഓർഡിനേറ്റർ), പാസ്റ്റർ ഏബ്രഹാം മാത്യു (പ്രയർ കോ-ഓർഡിനേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ഏബ്രഹാം മാത്യു 267 575 2555 എന്ന നമ്പറിൽ ബന്ധപ്പെടുക.**


# പിസിനാക് കോൺഫറൻസ് ജൂലൈ രണ്ടിന് ചിക്കാഗോയിൽ ആരംഭിക്കുന്നു

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: നാല്പതാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്തൽ കോൺഫറൻസ് ജൂലൈ 2-ന് വ്യാഴാഴ്ച വൈകിട്ട് ഹാംബർഗ് കൺവൻഷൻ സെന്ററിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ കൺവൻഷൻ ഔപചാരി









കമായി ഉദ്ഘാടനം ചെയ്യും. ഡോ. സതീഷ്കുമാർ മുഖ്യസന്ദേശം നല്കും. പ്രീ കോൺഫറൻസ് പരിപാടികൾ അഞ്ചര മണിക്ക് ആരംഭിക്കും. പാസ്റ്റർ ലോഡ്സൺ ആന്റണി നേതൃത്വം നല്കുന്ന ഗായകസംഘം പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നല്കും.

തുർന്നുള്ള ദിവസങ്ങളിൽ റവ. ജോ തോമസ്, ഡോ. തോംസൺ കെ. മാത്യു, ഡോ. വിൽസൺ വർക്കി, പാസ്റ്റർ സാബു വർഗീസ്, ഡോ. ഷിബു തോമസ് അറ്റ്ലാന്റ, ഡോ. റിങ്കു തോംസൺ, റവ.ജോർജ് പി. ചാക്കോ, പാസ്റ്റർ അനീഷ് കൊല്ലം, ഡോ. സജി ഫിലിപ്പ്, പാസ്റ്റർ വൈ. യോഹന്നാൻ, പാസ്റ്റർ സജി മാത്യു, റവ. ജോർജ് മാത്യു പുതുപ്പള്ളി, റവ. ജോൺസൺ ജോർജ് എന്നിവർ പ്രഭാഷണങ്ങൾ നടത്തും.

ലേഡീസ് മീറ്റിംഗിൽ ഡോ. ആനി ജോർജ്, ജൂഡി പട്ടാശേരിൽ എന്നിവർ പ്രസംഗിക്കും. നാഷണൽ ലേഡീസ് കൺവീനർ സിസ്റ്റർ ജീന വിൽസൺ സമ്മേളനത്തിനു നേതൃത്വം നല്കും. എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയും സമ്മേളനത്തിൽ റവ. ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യാതിഥിയായിരിക്കും.

ഇംഗ്ലീഷ് സെഷനിൽ ജോൺ ബിവിയർ, ജോ മുറാമല്ലേ, ജെയ്സൺ ജെസുദാസൻ തുടങ്ങിയവർ മുഖ്യപ്രഭാഷണങ്ങൾ നടത്തും. അമേരിക്കയിലെ പ്രസിദ്ധ വർഷിപ്പ് ഗ്രൂപ്പായ അപ്പർറൂം പ്രൈസ് ആൻഡ് നേതൃത്വം നല്കും. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മറ്റ് നേതാക്കന്മാർ വിവിധ സമ്മേളനങ്ങളിൽ അദ്ധ്യക്ഷത വഹിക്കും. നാഷണൽ ഭാരവാഹികളായ ജോർജ് കെ. സ്റ്റീഫൻസൺ, സാം മാത്യു, പ്രസാദ് ജോർജ്, ഡോക്ടർ ജോനാഥൻ ജോർജ്, ജീന വിൽസൺ എന്നിവർ നേതൃത്വം നല്കും.







# ന്യൂജേഴ്സി സെന്റ് അഫ്രേം കത്തീഡ്രലിൽ വി. അഫ്രേം പിതാവിന്റെ ഓർമ്മപ്പെരുന്നാളിന് കൊടികയറി

വർഗീസ് പാലമലയിൽ

ന്യൂജേഴ്സി: മഹാപരിശുദ്ധനായ അഫ്രേം പിതാവിന്റെ ഓർമ്മപ്പെരുന്നാൾ അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ ആസ്ഥാനമായ ന്യൂജേഴ്സിയിലുള്ള സെന്റ് അഫ്രേം കത്തീഡ്രലിൽവെച്ച് ജൂൺ 19, 20 (വെള്ളി, ശനി) തീയതികളിൽ ഭദ്രാസനാധിപൻ അഭി



വന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനിയുടെയും ബഹുമാനപ്പെട്ട വൈദികരുടെയും കാർമ്മികത്വത്തിൽ പൂർവ്വാധികം ഭംഗിയായി ആഘോഷിക്കുവാൻ കർത്താവിൽ ശരണപ്പെടുന്നു.

ജൂൺ 17-ാം തീയതി ബുധനാഴ്ച വൈകിട്ട് 6.30-ന് അഭിവന്ദ്യ തിരുമേനി, വന്ദ്യ വൈദികരുടെയും ഭക്തവിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ ഈ വർഷത്തെ പെരുന്നാളിന്റെ കൊടി ഉയർത്തി. തദനന്തരം സന്ധ്യാപ്രാർത്ഥനയും തുടർന്ന് റവ.ഫാ.ബേസിൽ മത്തായിയുടെ വിശുദ്ധ കുർബാനയും ഉണ്ടായിരുന്നു.

ജൂൺ 19-ന് വെള്ളിയാഴ്ച വൈകിട്ട് 6.30-ന് സന്ധ്യാപ്രാർത്ഥനയും തുടർന്ന് റവ.ഫാ. വിവേക് അലക്സിന്റെ വചന ശുശ്രൂഷയും തുടർന്ന് പ്രദക്ഷിണവും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 20-ാം തീയതി ശനിയാഴ്ച രാവിലെ 9-ന് പ്രഭാതപ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും നടത്തപ്പെടുന്നു. വിശുദ്ധ കുർബാനാനന്തരം വാദ്യമേളങ്ങളോടെ പള്ളിക്കു ചുറ്റും പ്രത്യേക പ്രദക്ഷിണം ഉണ്ടായിരിക്കുന്നതാണ്. അതിനുശേഷം നടക്കുന്ന സ്നേഹവിരുന്നോടെ ഈ വർഷത്തെ തിരുനാൾ സമാപിക്കുന്നതാണ്. ഈ പെരുന്നാളിൽ നേർച്ചകാഴ്ചകളോടെ വന്ന് സംബന്ധിക്കുവാൻ വികാരി റവ.ഫാ. വർഗീസ് പോൾ കർത്തൃനാമത്തിൽ ഏവരേയും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് റവ.ഫാ. വർഗീസ് പോൾ 845 536 0378, സെക്രട്ടറി ജോബിൻ ഏലിയാസ് 914 479 2931, ട്രഷറർ റോയി പോൾ 914 310 0300 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

# ചിക്കാഗോ സോഷ്യൽ ക്ലബിന്റെ 12-ാമത് വടംവലി മത്സരങ്ങൾ സെപ്റ്റംബർ ആറിന്

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബിന്റെ 12-ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റ് സെപ്റ്റംബർ ആറിന് നടത്തപ്പെടും. വടംവലിയുടെ ലോകകപ്പ് ആഗോളതലത്തിൽ തന്നെ മലയാളി വടംവലി ടൂർണമെന്റുകളുടെ രാജാവ്, ലോകത്തിലെ തന്നെ ഏറ്റവും വലിയ സമ്മാനത്തുക നല്കപ്പെടുന്ന വടംവലി ടൂർണമെന്റ് എന്നിങ്ങനെ പല വിശേഷണങ്ങളിൽ അറിയ




പ്പെടുന്ന ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി മത്സരങ്ങൾ ഇത്തവണ ചിക്കാഗോയ്ക്കടുത്ത് ബെൻസൺവില്ലിലുള്ള എനർജി ഇൻഡോർ സ്പോർട്സ് കോംപ്ലക്സിലാണ് നടത്തപ്പെടുക.

പതിവുപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി ടീമുകൾ ഇത്തവണയും ടൂർണമെന്റിൽ പങ്കെടുക്കുമെന്നും സെപ്റ്റംബർ ആറിന് ഈ ടൂർണമെന്റിൽ പങ്കെടുക്കാനും സാക്ഷികളാകാനും ഏവരെയും ക്ഷണിക്കുന്നതായും സംഘാടക സമിതിക്കു വേണ്ടി ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പൻ, ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു.




# കെ. എസ്. ആർ. ടി. സിയിലെ സ്ത്രീകളുടെ സൗജന്യയാത്ര: ഒരു പുതിയ സാമൂഹിക മാറ്റവും അതിന്റെ ഭാവിയും!

ഫീച്ചർ



അനിൽ പെണ്ണുക്കര

**കേ**രളത്തിലെ പൊതുഗതാഗത രംഗത്ത് വലിയ ചർച്ചകൾക്ക് വഴിതുറന്നിരിക്കുകയാണ് കെ.എസ്.ആർ.ടി.സിയിലെ സ്ത്രീകളുടെ യാത്രയുമായി ബന്ധപ്പെട്ട പുതിയ പരിഷ്കാരങ്ങൾ. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് ചില സംസ്ഥാനങ്ങളിലും വിജയകരമായി നടപ്പിലാക്കിയ സ്ത്രീകളുടെ സൗജന്യ യാത്രാ പദ്ധതികൾ കേരളത്തിലും ചർച്ചയാകുമ്പോൾ, അത് നമ്മുടെ യാത്രാസംസ്കാരത്തിൽ വലിയൊരു വിപ്ലവത്തിനാണ് തിരികൊളുത്തുന്നത്.

സ്ത്രീകൾക്ക് പൊതുഗതാഗത സംവിധാനങ്ങളിൽ സൗജന്യമോ അല്ലെങ്കിൽ വലിയ ഇളവുകളോ നൽകുന്നത് സാമൂഹിക പശ്ചാത്തലത്തിൽ വലിയൊരു പ്ലസ് പോയിന്റ് തന്നെയാണ്. ദൈനംദിന യാത്രാ ച്ചെലവുകൾ ഇല്ലാതാകുന്നത് സാധാരണക്കാരായ സ്ത്രീകൾക്ക് വലിയൊരു ആശ്വാസമാണ്. ഇത് അവരുടെ ചെറിയ സമ്പാദ്യം വർദ്ധിപ്പിക്കാൻ സഹായിക്കും. യാത്രാ സൗജന്യങ്ങൾ ലഭ്യമാകുമ്പോൾ കൂടുതൽ സ്ത്രീകൾ വീടിന് പുറത്തേക്ക് വരാനും തൊഴിൽ മേഖലകളിൽ സജീവമാകാനും പ്രേരിതരകാനും സഹായിക്കും. കെ.എസ്.ആർ.ടി.സി പോലുള്ള പൊതുസംവിധാനങ്ങളെ സ്ത്രീകൾ കൂടുതൽ ആശ്രയിക്കുമ്പോൾ അവരുടെ യാത്രാ സുരക്ഷ വർദ്ധിക്കുകയും ആത്മവിശ്വാസം ഇരട്ടിക്കുകയും ചെയ്യും.



ഈ പദ്ധതിയുടെ ഭാവി എന്തായിരിക്കുമെന്നത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സിക്ക് ഇത്തരം സൗജന്യങ്ങൾ ദീർഘകാലം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമോ എന്ന ആശങ്ക പല കോണുകളിൽ നിന്നും ഉയരുന്നുണ്ട്. കൃത്യമായ സർക്കാർ സബ്സിഡിയോ ബദൽ വരുമാന മാർഗ്ഗങ്ങളോ കണ്ടെത്താത്തപക്ഷം, ഈ പരിഷ്കാരങ്ങളുടെ ഭാവി പ്രതിസന്ധിയിലായേക്കാം. അതിനാൽ ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണം ഇതിന് അനിവാര്യമാണ്.

ഈ വിഷയത്തിൽ ഏറ്റവും രസകരവും ചിന്തനീയവുമായ മറ്റൊരു വശം കൂടിയുണ്ട്. സ്ത്രീകളുടെ സൗജന്യ യാത്ര വിജയകരമായി നടപ്പിലാക്കിക്കഴിഞ്ഞാൽ, 'അവസാനം പുരുഷന്മാർക്കും കൂടി ഇത്തരത്തിൽ ഒരു സൗജന്യ യാത്രാകാലം വരുമോ?' എന്ന ചോദ്യം സ്വാഭാവികമായും ഉയർന്നുവരാം. ഒരു ജനാധിപത്യ സമൂഹത്തിൽ ലിംഗസമത്വം എന്നത് പരമപ്രധാനമാണ്. സ്ത്രീ ശാക്തീകരണത്തിന്റെ ആദ്യപടിയായി സ്ത്രീകൾക്ക് മുൻഗണന നൽകുന്നത് ശരിവെക്കുമ്പോൾ തന്നെ, ഭാവിയിൽ പുരുഷന്മാർക്കും (പ്രത്യേകിച്ച് വിദ്യാർത്ഥികൾ, മുതിർന്ന പൗരന്മാർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊഴിലാളികൾ എന്നിവർക്ക്) ഇത്തരം യാത്രാ ആനുകൂല്യങ്ങളോ ഇളവുകളോ നൽകാൻ കെ. എസ്. ആർ. ടി. സി തയ്യാറാകേണ്ടി വരും. എല്ലാവർക്കും തുല്യമായ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഒരു 'സൗജന്യ യാത്രാകാലം' വരികയാണെങ്കിൽ അത് കേരളത്തിന്റെ പൊതുഗതാഗത ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ നാഴികക്കല്ലായി മാറും.

കെ.എസ്.ആർ.ടി.സിയിൽ സ്ത്രീകളുടെ സൗജന്യ യാത്രയുമായി ബന്ധപ്പെട്ട് വരുന്ന മാറ്റങ്ങൾ വലിയൊരു നല്ല തുടക്കമാണ്. ഇതിന്റെ ഭാവി വെല്ലുവിളികൾ നിറഞ്ഞതാണെങ്കിലും, ശരിയായ രീതിയിൽ നടപ്പിലാക്കിയാൽ അത് വലിയൊരു സാമൂഹിക പുരോഗതിക്ക് കാരണമാകും. ഒപ്പം, ഭാവിയിൽ പുരുഷന്മാർക്കും സമാനമായ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഒരു കാലം കൂടി ചേരുമ്പോൾ മാത്രമേ പൊതുഗതാഗതത്തിലെ തുല്യത പൂർണ്ണമാവുകയുള്ളൂ.









# റോജി എം. ജോണിന്റെയും വി. പി. സജീന്ദ്രന്റെയും ഇടപെടലിൽ ഒരു ജനതയ്ക്ക് ഇനി ഭയമില്ലാത്ത രാവുകൾ





ഫീച്ചർ



ജോസ് കണിയാലി



ഇനിയവർക്ക് ഭയമില്ലാതെ അന്തിയുറങ്ങാം. പാതിരാത്രിയിൽ പെയ്തിറങ്ങുന്ന മഴ തോരുംപോലെ, അരനൂറ്റാണ്ടുകാലം ആ മനുഷ്യരുടെ നെഞ്ചിൽ പെയ്ത ഭീതിയുടെയും കണ്ണീരിന്റെയും കാർമേഘങ്ങൾ ഒടുവിൽ ഒഴിഞ്ഞുപോയിരിക്കുന്നു. പര്യത്തുകാവിൽ നിന്ന് ഉയരുന്ന ആശ്വാസത്തിന്റെ നെടുവീർപ്പുകൾ ഒരു ജനതയുടെ അതിജീവനത്തിന്റെ ചരിത്രമാണ്; ഒപ്പം, ജനവിശ്വാസം നെഞ്ചിലേറ്റിയ ഭരണാധികാരികളുടെ നിശ്ചയദാർഢ്യത്തിന്റെ വിജയവും.

മന്ത്രി റോജി എം. ജോണിന്റെയും എംഎൽഎ വി.പി. സജീന്ദ്രന്റെയും അടിയന്തരവും ക്രിയാത്മകവുമായ ഇടപെടലുകളാണ്, ചതിക്കപ്പെട്ടുപോയ ഒരു ജനതയ്ക്ക് സ്വന്തം മണ്ണിൽ തലയുയർത്തി ജീവിക്കാനുള്ള അവകാശം തിരികെ നൽകിയത്. കുടിയൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് ഇവിടെ തലമുറകളായി തുടരുന്നത് നീതിക്കുവേണ്ടിയുള്ള പോരാട്ടമായിരുന്നു. 2023 മുതൽ മാത്രം 15 തവണയാണ് പോലീസിന്റെ മുന്നിൽ ഇവിടുത്തെ നിസ്സഹായരായ ദളിത് കുടുംബങ്ങൾ വിറങ്ങലിച്ചു നിന്നത്. കുഞ്ഞുങ്ങളും വൃദ്ധരുമടങ്ങുന്ന ആ സാധു മനുഷ്യരെ നടുറോഡിലേക്ക് വലിച്ചെറിയാൻ ശ്രമിച്ചപ്പോഴൊക്കെയും അവർ അനാഥരായിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് ഈ പാവങ്ങൾക്കെതിരെ ചുമത്തപ്പെട്ട കേസുകളുടെ നീണ്ട പട്ടിക അവരുടെ ജീവിതത്തെ ശ്വാസം മുട്ടിച്ചു.

എന്നാൽ, കഴിഞ്ഞ മെയ് 20-ന് പര്യത്തുകാവിൽ വീണ്ടുമൊരു പോലീസ് നടപടി ഉണ്ടായപ്പോൾ, അത് ആ മനുഷ്യരുടെ കണ്ണീര് വിൽക്കാനുള്ള ഒരു രാഷ്ട്രീയ വേദി മാത്രമാക്കാൻ യു.ഡി.എഫ് നേതൃത്വം തയ്യാറായില്ല. മാധ്യമങ്ങൾക്ക് മുന്നിൽ 'ഷോ' കാണിക്കുന്നതിലല്ല, മറിച്ച് ആ കുടുംബങ്ങൾക്ക് ഒരു കൂര ഒരുക്കുന്നതിലായിരുന്നു ലക്ഷ്യം.

വിഷയം അറിഞ്ഞയുടൻ തന്നെ വി.പി. സജീന്ദ്രൻ ഇതിന്റെ സങ്കീർണ്ണതയും മാനുഷിക വശവും മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശനെയും ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയെയും ധരിപ്പിച്ചു. സാഹചര്യത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ട ആഭ്യന്തരമന്ത്രി ഒട്ടും വൈകാതെ പോലീസ് നടപടികൾ നിർത്തിവയ്ക്കാൻ ഉത്തരവിട്ടു.

തുടർന്ന് പ്രശ്നം രമ്യമായി പരിഹരിക്കാൻ മുഖ്യമന്ത്രി ചുമതലപ്പെടുത്തിയത് മന്ത്രി റോജി എം. ജോണിനെയും വി.പി. സജീന്ദ്രനെയുമായിരുന്നു. ഔദ്യോഗിക ഫയലുകളുടെ ചുവപ്പുനാടകളിൽ കുരുങ്ങിക്കിടക്കാതെ, രാത്രിയെന്നോ പകലെന്നോ ഇല്ലാതെ അവർ ജനങ്ങൾക്കിടയിലേക്കിറങ്ങി. ഒളിയമ്പുകളില്ലാതെ, ഇരുവിഭാഗങ്ങളുമായി നടത്തിയ സമാന്തര ചർച്ചകൾ ഒടുവിൽ പൂർണ്ണ വിജയത്തിലെത്തി. കഴിഞ്ഞ ദിവസം രാത്രി വൈകി ഒപ്പുവെച്ച പ്രശ്നപരിഹാര കരാർ പര്യത്തുകാവിന്റെ ചരിത്രത്തിലെ പുതിയൊരു പുലരിയായിരുന്നു.

കണ്ണീരൊപ്പിയ ഉറപ്പുകൾ. വാക്കുകൾ മാത്രമായിരുന്നില്ല ആ കരാർ, മറിച്ച് ഒരു ജനതയ്ക്ക് ജീവിക്കാൻ നൽകിയ ജീവശ്വാസമായിരുന്നു. തങ്ങളുടെ സ്വന്തം മണ്ണിൽ പണിയുന്ന 1000 ചതുരശ്രയടി വിസ്തീർണ്ണമുള്ള സുരക്ഷിതമായ വീടുകളിൽ ഇനി ആരെയും ഭയക്കാതെ ഈ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഉറങ്ങാം.

എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ഈ അശരണർക്കെതിരെ ചുമത്തിയ മുഴുവൻ കേസുകളും പിൻവലിക്കാൻ സർക്കാർ ഉത്തരവിട്ടു. പുതിയ വീട് യാഥാർത്ഥ്യമാകും വരെ, ഒരു കുടുംബത്തെയും വഴിയാധാരമാക്കാതെ നിലവിലുള്ള വീട്ടിൽ തന്നെ അവർക്ക് പൂർണ്ണ സംരക്ഷണം നൽകും എന്നതാണ് യുഡിഎഫ് നൽകിയ ഉറപ്പ്.

'ഭരണം കയ്യിലുണ്ടായിട്ടും 14 തവണ പോലീസ് നടപടിയുണ്ടായപ്പോൾ കണ്ണടച്ച് ചെറുവിരൽ അനക്കാതെ നോക്കിനിന്നവർ, ഒടുവിൽ നടത്തിയ മെലോഡ്രാമകൾ പൊതുജനം തിരിച്ചറിഞ്ഞു കഴിഞ്ഞു,' എന്ന് റോജി എം. ജോണും വി.പി. സജീന്ദ്രനും ഒരേസ്വരത്തിൽ വ്യക്തമാക്കുന്നു.

നിയമസഹായം പോലും നൽകാതെ കോടതിയിൽ ചതിച്ച ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ മുതലെടുപ്പുകളെ ജനങ്ങൾ തള്ളിക്കളഞ്ഞു.

ഏത് സന്ദർഭത്തെയും വിറ്റ് രാഷ്ട്രീയ ലാഭമുണ്ടാക്കുന്ന കാപട്യത്തിന്റെ ശൈലിയല്ല, മറിച്ച് മുറിവേറ്റവരെ ചേർത്തുപിടിക്കുന്നതാണ് യു.ഡി.എഫ് സർക്കാരിന്റെ രാഷ്ട്രീയം എന്ന് ഇരുവരും വീണ്ടും തെളിയിച്ചു.



സാധു മനുഷ്യരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ മുന്നിൽ നിന്ന മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശനും, സംയമനത്തോടെയും കാരുണ്യത്തോടെയും നിലപാടെടുത്ത ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയ്ക്കും ഒപ്പം, റോജി ജോൺ, സജീന്ദ്രൻ എന്നിവർക്കും എല്ലാ മനുഷ്യ സ്നേഹികളുടെ ഭാഷയിലും നന്ദി രേഖപ്പെടുത്തുന്നു.

# ക്നാ എസ്കേപ്പ് 6.0: കെ.സി.എസ്. ചിക്കാഗോയ്ക്ക് അഭിമാന നിമിഷം

ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: കെ.സി.എസ്. ചിക്കാഗോയുടെ കുട്ടികളുടെ വേനൽക്കാല ക്യാമ്പായ ക്നാ എസ്കേപ്പ് 6.0 ജൂൺ 10 മുതൽ 13 വരെ അതിഗംഭീരമായി സംഘടിപ്പിക്കപ്പെട്ടു. 200-ലധികം കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പ് പഠനത്തിന്റെയും വിനോദത്തിന്റെയും വിശ്വാസത്തിന്റെയും സൗഹൃദത്തിന്റെയും മനോഹര സംഗമമായി മാറി.





കുട്ടികളുടെ സർഗ്ഗാത്മകതയും കൂട്ടായ്മയും വ്യക്തിത്വവികസനവും ലക്ഷ്യമാക്കി നിരവധി വൈവിധ്യമാർന്ന പരിപാടികൾ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു. ആർട്സ് ആൻഡ് ക്രാഫ്റ്റ്സ്, കലാപരിപാടികൾ, ചിത്രരചന, പൂന്തോട്ടനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾ ആവേശപൂർവം പങ്കെടുത്തു. ഡെസ്പ്ലെയിൻസിലെ ക്നാനായ കമ്യൂണിറ്റി സെന്ററിനു മുന്നിൽ പൂച്ചെടികൾ നട്ടുപിടിപ്പിക്കുകയും അവ പരിപാലിക്കുകയും ചെയ്തതിലൂടെ പ്രകൃതിയോടുള്ള സ്നേഹവും പരിസ്ഥിതി ബോധവും കുട്ടികളിൽ വളർത്തുവാൻ സാധിച്ചു.



ക്യാമ്പിലെ ഏറ്റവും ശ്രദ്ധേയമായ പരിപാടികളിലൊന്നായിരുന്നു റിപ്റ്റൈൽ ഷോ. പാമ്പുകൾ, പൈത്തണുകൾ, ഭീമൻ ഓസ്ട്രേലിയൻ പല്ലികൾ, ക്രോക്രോച്ചുകൾ, ഡ്രാഗൺ ടർട്ടിൽ തുടങ്ങിയ ജീവികളെ നേരിൽ കാണുവാനും സ്പർശിക്കാനുമുള്ള അപൂർവ്വ അവസരം കുട്ടികൾക്കു ലഭിച്ചു. വിജ്ഞാനവും ആവേശവും ഒരുപോലെ പകർന്ന ഈ പരിപാടി കുട്ടികൾക്ക് മറക്കാനാവാത്ത അനുഭവമായി.

വിശ്വാസപരിശീലനവും ക്നാനായ പൈതൃക പഠനവും ക്നാ എസ്കേപ്പ് 6.0 യുടെ പ്രധാന ഘടകങ്ങളായിരുന്നു. ഫാ. ജോസ് കുന്നത്തുകിഴക്കേതിൽ നയിച്ച ക്ലാസുകൾ കുട്ടികൾക്ക് വിശ്വാസത്തെയും ക്നാനായ പാരമ്പര്യത്തെയും കുറിച്ചുള്ള ആഴത്തിലുള്ള അറിവ് പകർന്നു. ക്നാനായ സംസ്കാരത്തിന്റെ മഹത്വവും വിശ്വാസ ജീവിതത്തിന്റെ പ്രാധാന്യവും അദ്ദേഹം ലളിതമായി അവതരിപ്പിച്ചു. കുട്ടികളുടെ സജീവപങ്കാളിത്തവും കൗതുകംനിറഞ്ഞ ചോദ്യങ്ങളും ഈ സെഷനുകളുടെ വിജയത്തിനു തെളിവായി.

ഔട്ട്ഡോർ വിനോദപരിപാടികളും ക്യാമ്പിന്റെ പ്രധാന ആകർഷണമായിരുന്നു. പ്രാദേശിക പാർക്ക് ഡിസ്ട്രിക്ടിൽ സംഘടിപ്പിച്ച ഡോഡ്ജ് ബോൾ, ടഗ് ഓഫ് വാർ, ഹിൽ ക്ലൈബിംഗ്, മറ്റ് ടീം ബിൽഡിംഗ് ഗെയിമുകൾ എന്നിവയിൽ കുട്ടികൾ ആവേശത്തോടെ പങ്കെടുത്തു. പുതിയ സൗഹൃദങ്ങൾ വളർത്തുവാനും ജീവിതകാലം മുഴുവൻ ഓർമ്മിക്കാവുന്ന അനുഭവങ്ങൾ സമ്മാനിക്കുവാനും ഈ പ്രവർത്തനങ്ങൾക്ക് സാധിച്ചു. ഈ മഹത്തായ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച പ്രധാന കോ-ഓർഡിനേറ്റർമാരായ ക്രിസ് കട്ടപ്പുറം, റ്റീന നെടുവാമ്പുഴ, ഫെലിക്സ് പൂതൃക്കയിൽ എന്നിവരുടെ സമർപ്പണവും നേതൃത്വവും പ്രത്യേകം അഭിനന്ദനാർഹമാണ്. അവരുടെ അക്ഷീണ പ്രയത്നമാണ് കുട്ടികൾക്ക് സുരക്ഷിതവും സന്തോഷകരവും വിജ്ഞാനപ്രദവുമായ ക്യാമ്പ് അനുഭവം സമ്മാനിച്ചത്.

അതുപോലെതന്നെ കെ.സി.ജെ.എൽ കോ-ഓർഡിനേറ്റർമാരായ ബെക്സി പൂവന്തറ, വിനീത പെരികലത്തിൽ, മഹിമ കാരാപ്പള്ളിൽ, കിഡ്സ് ക്ലബ് കോ-ഓർഡിനേറ്റർമാരായ ഐമ പുത്തേട്ടത്ത്, മരിയ കുന്നുംപുറത്ത് കൂടാതെ ടിനു ഓച്ചാലിൽ, ലിൻസൺ കൈതമലയിൽ, ജെറ്റ്സി ഇടിയാലിൽ, ബെക്കി ഇടിയാലിൽ, മാർക്ക് ഒറ്റതൈക്കൽ എന്നീ സന്നദ്ധപ്രവർത്തകരുടെയും സേവനം ക്യാമ്പിന്റെ വിജയത്തിൽ നിർണായക പങ്കുവഹിച്ചു. യുവജനങ്ങളും ഹൈസ്കൂൾ വിദ്യാർത്ഥികളും ചെറിയ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നല്കിക്കൊണ്ട് ക്യാമ്പിനെ കൂടുതൽ ഉജ്ജ്വലമാക്കി.

എല്ലാറ്റിനുമുപരി കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമലയും വൈസ് പ്രസിഡണ്ട് മാറ്റ് വിളങ്ങാട്ടുശേരിയും കമ്യൂണിറ്റി സെന്ററിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ മാതൃകാപരമായ നേതൃത്വം നല്കി. ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾക്ക് ശേഷം കമ്യൂണിറ്റി സെന്റർ ശുചീകരിക്കുകയും അണുവിമുക്തമാക്കുകയും ചെയ്തതിലൂടെ കുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു.

ക്നാ എസ്കേപ്പ് 6.0യുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ച എല്ലാ സ്പോൺസർമാർക്കും കെ.സി.എസ് ചിക്കാഗോ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച് ജോബ് മാക്കീൽ (ഫാർമേഴ്സ് ഇൻഷ്വറൻസ്), ഡോ. ലിയ കുന്നാശ്ശേരിൽ (നോർത്ത് ഷോർ സ്മൈൽസ്/ഫാമിലി ഡന്റൽ കെയർ), ഡോ. സുനിൽ പുല്ല്കാട്ട് (എലൈറ്റ് വെൽനെസ്സ് നോർത്ത് ഷോർ), സഞ്ജു പുളിക്കത്തൊട്ടിയിൽ (ലിങ്കൺവുഡ് മോർട്ട്ഗേജ് സർവീസസ്), ഡോ. ജെയ്മി ജോസഫ് ചോരത്ത് (ചോരത്ത് ഓപ്റ്റിക്കൽ, ഗ്ലെൻവ്യൂ കോസ്റ്റകോ), ജോസ്മോൻ ചെമ്മാച്ചേൽ & ഷാൻ കദളിമറ്റം (ക്ലിയർടാക്സ് കൺസൾട്ടിംഗ്), അഡ്വ. റ്റീനാ തോമസ് നെടുവാമ്പുഴ (ലോ ഓഫീസ് ഓഫ് റ്റീനാ തോമസ്) എന്നിവരോട് കെ.സി.എസ്. എക്സിക്യൂട്ടീവിന്റെ പ്രത്യേക നന്ദി അറിയിച്ചുകൊള്ളുന്നു. ഇവരുടെ ഉദാരമായ സാമ്പത്തിക പിന്തുണയും സഹകരണവും മൂലം വിദ്യാഭ്യാസപരവും വിനോദപരവും സാംസ്കാരികവും വിശ്വാസാധിഷ്ഠിതവുമായ നിരവധി വൈവിധ്യമാർന്ന പരിപാടികൾ കെ.എൻ.എ എസ്കേപ്പ് 6.0-ൽ ഉൾപ്പെടുത്താൻ കെ.സി.എസ് ചിക്കാഗോയ്ക്ക് സാധിച്ചു. കുട്ടികൾക്ക് സമ്പന്നവും സന്തോഷകരവും മറക്കാനാവാത്തതുമായ ഒരു ക്യാമ്പ് അനുഭവം സമ്മാനിക്കുന്നതിൽ ഈ സ്പോൺസർമാരുടെ പിന്തുണ വിലമതിക്കാനാവാത്തതാണ്.

ഈ മഹത്തായ സംരംഭത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ കോ-ഓർഡിനേറ്റർമാർക്കും സന്നദ്ധ പ്രവർത്തകർക്കും സ്പോൺസർമാർക്കും മാതാപിതാക്കൾക്കും പിന്തുണച്ച ഏവർക്കും കെ.സി.എസ്. ചിക്കാഗോ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ക്നാ എസ്കേപ്പ് 6.0 ഒരു സാധാരണ വേനൽക്കാല ക്യാമ്പ് മാത്രമായിരുന്നില്ല. വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും സമൂഹസ്നേഹത്തിന്റെയും നമ്മുടെ പുതുതലമുറയുടെ ശോഭനമായ ഭാവിയുടെയും ഒരു മനോഹര ആഘോഷമായിരുന്നു.



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

B&M
AUTO COLLISION CTR

Fast & Efficient
Quality Repair
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# കൊച്ചിയിലെ പ്രമുഖ ചൈൽഡ് ഡെവലപ്മെന്റ് സെന്ററായ പ്രയത്ന ഹെൽത്ത് കെയർ ദുബായിലേക്ക്; അൽ ഖിസൈസിൽ പുതിയ തുടക്കം

**ജോസ് കണിയാലി**

കൊച്ചി: കൊച്ചിയിൽ കഴിഞ്ഞ 23 വർഷമായി കുട്ടികൾക്കും കുടുംബങ്ങൾക്കുമായി മികച്ച തെറാപ്പി സേവനങ്ങൾ നല്കി മാതൃകയായ 'പ്രയത്ന ഹെൽത്ത് കെയർ' തങ്ങളുടെ പ്രവർത്തനമേഖല യുഎഇലേക്കും വ്യാപിപ്പിക്കുകയാണ്. ദുബായ് അൽ ഖിസൈസ് ഇൻഡസ്ട്രിയൽ ഏരിയ 1-ലെ ബിൻ ഷബീബ് മാളിലാണ് അത്യാധുനിക സൗകര്യങ്ങളോടെയുള്ള പ്രയത്ന ഹെൽത്ത് സെന്ററിന്റെ (Prayatna Healthcare LLC) പുതിയ സെന്റർ പ്രവർത്തനമാരംഭിച്ചത്. ഒക്യുപേഷൻ തെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയർ തെറാപ്പി എന്നീ വിഭാഗങ്ങളിലെ വിപുലമായ ചികിത്സാ സൗകര്യങ്ങളാണ് ഈ പുതിയ കേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്നത്.



ഗ്രാൻസ് ഗ്രൂപ്പ് ഓഫ് കമ്പനീസ് (Grans Group of Companies) ചെയർമാൻ സജി മാത്യു പുതിയ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ദുബായ് സെന്റ് മേരീസ് ചർച്ച് വികാരി ഫാ. വർഗീസ് കോഴിപ്പാടത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ അനുഗ്രഹപ്രാർത്ഥനയും നടന്നു. ചടങ്ങിൽ ഓൾ കേരള കോളജസ് അലൂംമ്നി ഫോറം (AKCAF Association) ഡയറക്ടർ ബോർഡ് അംഗം വി.സി. വിൻസെന്റ് വലിയവീട്ടിൽ, കെ.സി.സി. ദുബായ് പ്രസിഡണ്ട് തുഷാർ കെ. ജോസ്, യുഎഇ കെ.സി.വൈ.എൽ പ്രസിഡണ്ട് ജോർജുകുട്ടി പുളിയാപ്പള്ളിൽ, കെ.സി.വൈ.എൽ ദുബായ് പ്രസിഡണ്ട് അന്നു സജി, കെ.സി.ഡബ്ല്യു.എ ദുബായ് പ്രസിഡണ്ട് മഞ്ജു സജി തുടങ്ങിയവർ പങ്കെടുത്തു.






കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലധികമായി കേരളത്തിലെ ജനങ്ങൾ നല്കിയ സ്നേഹത്തിനും പിന്തുണയ്ക്കും പ്രയത്ന ഹെൽത്ത് കെയർ ചെയർമാൻ ഡോ. ജോസഫ് സണ്ണി കുന്നച്ചേരി നന്ദി രേഖപ്പെടുത്തി.

കുട്ടികളുടെയും മുതിർന്നവരുടെയും മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ആവശ്യമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള തെറാപ്പി സേവനങ്ങൾ ഇനിമുതൽ യുഎഇയിലെ പ്രവാസികൾക്കും ലഭ്യമാക്കുക എന്നതാണ് ഈ പുതിയ സെന്ററിലൂടെ ലക്ഷ്യമിടുന്നതെന്ന് മെഡിക്കൽ ഡയറക്ടർ ഡോ. ഗായത്രി പ്രകാശ് വ്യക്തമാക്കി.

## ചൂടു ചായ



ജെയിംസ് ചെട്ടിയാത്ത്

ഇടിവെട്ടി മഴപെയ്യുന്നു നാടുനീളെ
ഞാനും എന്റെ മനസ്സും വീട്ടിൻ ഉള്ളിൽ
പുഞ്ചിരിച്ച നിൻമുഖം ഭിത്തിയിൽ തൂങ്ങി
കണ്ടിരുന്നു കൺനിറയെ ബാഷ്പവുമായി
ഒരുവർഷം തികയുന്നു മണ്ണിൻ അടിയിൽ
കൂട്ടിനായി എന്റെ അമ്മ നിന്റെ അരുകിൽ
പൂക്കളാലെ നിൻ മേനി മറഞ്ഞിടുന്നു
പറവകൾ പറ്റമായി പൂക്കൾമേലെ
മക്കളൊക്കെ വന്നുപോണു വീട്ടിൻ ഉള്ളിൽ
ബന്ധുക്കൾ കൂട്ടുകാർ ഫോണിലൂടെ
എൻകണ്ണിൽ മാനമെല്ലാം ഇരുണ്ടുകൂടി
ഇളംവെയിൽ കാറ്റടിച്ചു മാനം തെളിഞ്ഞു
പുതുവർഷപ്പുലരിയിൽ പുതപ്പിൻ ഉള്ളിൽ
മനസ്സിലെ പുതപ്പിൽ കൂടെയുണ്ടു നീ-
പള്ളിമണി കേൾക്കുന്നു പുലരി ആയപ്പോൾ
ചൂടു ചായ കുടിക്കുമ്പോൾ ഓർക്കും നിന്നെ ഞാൻ.

## ചിക്കാഗോ റിവൈവൽ മീറ്റിംഗിൽ റവ. ഷാജി എം. പോൾ പ്രസംഗിക്കുന്നു

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: റിവൈവൽ ചിക്കാഗോയുടെ ഈ വർഷത്തെ കൺവൻഷനിൽ പവർ വിഷൻ ചാനലിലെ പ്രധാന പ്രസംഗകനായ പാസ്റ്റർ ഷാജി എം. പോൾ പ്രസംഗിക്കും. ജൂൺ 22-ന് തിങ്കളാഴ്ചയും 23-ന് ചൊവ്വാഴ്ചയും വൈകിട്ട് ആറു മണിക്ക് സയോൺ ക്രിസ്ത്യൻ ചർച്ചിൽ വെച്ചാണ് സമ്മേളനം നടക്കുന്നത്. പിസിനാക്ക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ സമ്മേളനം ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ഡാനി കെവിൻ ജോൺസൺ, സിസ്റ്റർ ഷൈനി ദാനിയേൽ എന്നിവർ പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നല്കും. ഐപിസി മുൻ ജനറൽ പ്രസിഡണ്ട് പാസ്റ്റർ ജേക്കബ് ജോൺ അനുഗ്രഹ പ്രഭാഷണം നടത്തും. ഭാരവാഹികളായ പാസ്റ്റർ ആൻഡ്രൂസ് കെ. ജോർജ്, ജോയൽ ഷാജി, സ്റ്റെഫിൻ ജോർജ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കും. പകൽ യോഗങ്ങൾ ചാക്കോ തോമസിന്റെ ഭവനത്തിൽ നടക്കും. വിവരങ്ങൾക്ക്: 224 623 2980.



കുര്യൻ ഫിലിപ്പ് (നാഷണൽ മീഡിയ കോ – ഓർഡിനേറ്റർ)



# മഴയെത്തും മുമ്പ് തെരുവോര ജീവിതങ്ങൾക്ക് കരുതലായി 'മുംബൈ റെസ്ക്യൂണൈറ്റിന്' തുടക്കമായി

ചാക്കോ തോമസ്

മുംബൈ: മഴക്കാലം ആരംഭിക്കുന്നതിനു മുമ്പ് തെരുവുകളിൽ കഴിയുന്ന അശരണരായ ആളുകളെ സുരക്ഷിത കേന്ദ്രങ്ങളിലേക്കു മാറ്റി അവരുടെ ജീവൻ രക്ഷിക്കുന്നതിനായുള്ള സീൽ മുംബൈ റെസ്ക്യൂണൈറ്റ് (SEAL




Mumbai Reunite 2026) പദ്ധതിക്ക് ബാന്ദ്രയിലെ സെന്റ് പോൾസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ എജ്യൂക്കേഷനിൽ തുടക്കമായി.

മഹാരാഷ്ട്ര സി.എം.എ.ഡബ്ല്യൂ.എൽ ചെയർമാൻ ജസ്റ്റിസ് കെ.കെ. ടാട്ടെ (റിട്ട.) പരിപാടി ഉദ്ഘാടനം ചെയ്തു. ഹാർമണി ഫൗണ്ടേഷൻ ചെയർമാനും മുൻ ന്യൂനപക്ഷ കമ്മീഷൻ വൈസ് ചെയർമാനുമായ ഡോ. ഏബ്രഹാം മത്തായി, വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പോലീസ് പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഉദ്ഘാടനത്തിനുശേഷം സീൽ ആശ്രമത്തിന്റെ മൂന്ന് രക്ഷാപ്രവർത്തന ആംബുലൻസുകൾ മുംബൈയിലുടനീളമുള്ള പ്രീ-മൺസൂൺ രക്ഷാദൗത്യത്തിനായി ഫ്ളാഗ് ഓഫ് ചെയ്തു.

ആദ്യ രക്ഷാപ്രവർത്തനം ബാന്ദ്ര വെസ്റ്റിലെ റെയിൽവേ സ്റ്റേഷനും ബസ് സ്റ്റാൻഡിനും സമീപം നടന്നു. തെരുവുകളിൽ ദുരിതജീവിതം നയിച്ചിരുന്ന ഒമ്പത് പേരെ അവിടെനിന്ന് രക്ഷപ്പെടുത്തി. ഇവരിൽ ലക്ഷ്മി എന്ന സ്ത്രീ അതീവ ഗുരുതരാവസ്ഥയിലായിരുന്നു. രക്ഷപ്പെടുത്തിയവരിൽ ചിലർക്ക് അടിയന്തര വൈദ്യസഹായം ആവശ്യമായിരുന്നു. കാലിൽ ഗുരുതരമായ പുഴു ബാധയേറ്റ മുറിവുകളുള്ള രണ്ട് പേരെ ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് മാറ്റി.

2024-ൽ നവി മുംബൈ, താനെ പോലീസ് കമ്മീഷണറേറ്റുകളുമായി സഹകരിച്ച് നടത്തിയ 'റെസ്ക്യൂണൈറ്റ്' പദ്ധതിയിൽ 140 അശരണരെ രക്ഷപ്പെടുത്തിയിരുന്നു. ഇവരിൽ 50 ശതമാനത്തിലധികം പേരെ കുടുംബങ്ങളുമായി വീണ്ടും ഒന്നിപ്പിക്കാൻ സാധിച്ചതായും സംഘാടകർ അറിയിച്ചു.

കഴിഞ്ഞ 26 വർഷത്തിലേറെയായി തെരുവുകൾ, റെയിൽവേ സ്റ്റേഷനുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്ന് രക്ഷപ്പെടുത്തിയ അശരണർ, ഭവനരഹിതർ, ഉപേക്ഷിക്കപ്പെട്ട വയോജനങ്ങൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി സേവനം ചെയ്യുന്ന സ്ഥാപനമാണ് സീൽ ആശ്രമം.

നിലവിൽ ഏകദേശം 400 പേർക്ക് താമസം, ചികിത്സ, മാനസികാരോഗ്യ പരിചരണം, പുനരധിവാസം എന്നിവ ഇവിടെ ലഭ്യമാക്കുന്നുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 700-ലധികം പേരെ അവരുടെ കുടുംബങ്ങളുമായി വീണ്ടും ഒന്നിപ്പിക്കാനും ആശ്രമത്തിനു കഴിഞ്ഞിട്ടുണ്ട്.

മഴക്കാലത്ത് തെരുവുകളിൽ കഴിയുന്ന നിരവധി പേർ പട്ടിണി, രോഗം, ഉപേക്ഷിക്കപ്പെടൽ തുടങ്ങിയ ദുരിതങ്ങൾ നേരിടുന്നു. അവരെ സുരക്ഷിതരാക്കുക മാത്രമല്ല അവരുടെ ആത്മാഭിമാനം വീണ്ടെടുക്കുകയും കുടുംബങ്ങളുമായി വീണ്ടും ഒന്നിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ ദൗത്യത്തിന്റെ ലക്ഷ്യം. ഓരോ ജീവനും വിലപ്പെട്ടതാണെന്ന് സീൽ ആശ്രമം സ്ഥാപകനും ഡയറക്ടറുമായ കെ.എം. ഫിലിപ്പ് പറഞ്ഞു.

സമൂഹം പലപ്പോഴും അവഗണിക്കുന്നവർക്കായി സീൽ ആശ്രമം വർഷങ്ങളായി മാതൃകാപരമായ സേവനമാണ് നടത്തുന്നതെന്ന് ഡോ. ഏബ്രഹാം മത്തായി പറഞ്ഞു.

കൂടുതൽ ആളുകളെ സുരക്ഷിതരാക്കാൻ പൊതുജനങ്ങളും സ്ഥാപനങ്ങളും അധികാരികളും ഈ ദൗത്യത്തെ പിന്തുണയ്ക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സീൽ ആശ്രമത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് സംസാരിച്ച റിട്ട. ജസ്റ്റിസ് കെ.കെ. ടാട്ടെ ഭാവിയിലും എല്ലാ പിന്തുണയും നല്കുമെന്ന് ഉറപ്പു നല്കി.

മഴക്കാലം അടുത്തെത്തുമ്പോൾ തെരുവുകളിൽ കഴിയുന്ന നൂറുകണക്കിന് നിർദ്ധനർ മഴരോഗങ്ങൾ, അപകടങ്ങൾ, ചൂഷണങ്ങൾ എന്നിവയ്ക്ക് ഇരയാകാനുള്ള സാദ്ധ്യത നിലനിൽക്കുകയാണ്. അത്തരക്കാരെ കണ്ടെത്തി സുരക്ഷിത കേന്ദ്രങ്ങളിലെത്തിക്കുകയും അവർക്ക് പുതിയൊരു ജീവിതം നല്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് മുംബൈ റെസ്ക്യൂണൈറ്റ് 2026 മുന്നറുന്നത്.

'ഓരോ രക്ഷാപ്രവർത്തനവും ഒരു ജീവൻ സംരക്ഷിക്കുന്നതാണ്. ഓരോ ജീവനും വിലപ്പെട്ടതാണ്' എന്ന സന്ദേശത്തോടെയാണ് സീൽ ആശ്രമം ഈ മാനവിക ദൗത്യം തുടരുന്നത്.






# ഉപരാഷ്ട്രപതി എത്തും

# ഫൊക്കാന കൺവൻഷൻ ചരിത്രസംഭവമാകുമെന്ന് ഭാരവാഹികൾ

സജി എബ്രഹാം

ന്യൂയോർക്ക്: ഫൊക്കാനയുടെ കഴിഞ്ഞ രണ്ടുവർഷത്തെ പ്രവർത്തനങ്ങളും ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ കൽഹാരിയിൽ നടക്കുന്ന അന്തർദ്ദേശീയ കൺവൻഷന്റെ ഒരുക്കങ്ങളും വിശദീകരിക്കുന്ന പത്രസമ്മേളനം ന്യൂയോർക്കിൽ നടന്നു. ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂയോർക്ക് ചാപ്റ്റർ സംഘടിപ്പിച്ച പരിപാടിയിൽ ഫൊക്കാന ദേശീയ പ്രസിഡണ്ട് സജിമോൻ ആന്റണി. സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, മുൻ പ്രസിഡണ്ട് പോൾ കറുകപ്പള്ളി, ലീല മാരേട്ട്, ഫിലിപ്പോസ് ഫിലിപ്പ്, ജോയി ഇട്ടൻ, ആന്റോ വർക്കി, മത്തായി ചാക്കോ, മറ്റു നേതാക്കൾ എന്നിവർ പങ്കെടുത്തു.



ഭാരവാഹികളെ സ്വാഗതം ചെയ്ത ഐപിസിഎൻഎ മുൻ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, മാധ്യമങ്ങളുമായുള്ള ഫൊക്കാന ഭരണസമിതിയുടെ എക്കാലവുമുള്ള സഹകരണത്തെ നന്ദിപൂർവം അനുസ്മരിച്ചു. സംഘടനയുടെ വിവിധ സാമൂഹിക സേവന പദ്ധതികളും കൺവൻഷനും വിജയമാകട്ടെ എന്നും ആശംസിച്ചു.

ഫൊക്കാന ഇന്ന് ഒരു സാംസ്കാരിക സംഘടന മാത്രമല്ല, ഇന്ത്യ, കേരളം, അമേരിക്ക, കാനഡ എന്നിവിടങ്ങളിലെ മലയാളി പ്രവാസികളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന ശക്തമായ പ്രവാസി കൂട്ടായ്മയാണെന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി പറഞ്ഞു. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരത്തിനായി ഇടപെടുകയും ചെയ്യുന്ന ഫലപ്രദമായ ഒരു കണ്ണിയായാണ് ഫൊക്കാന ഇന്ന് ഇന്ത്യാ ഗവൺമെന്റിനും കേരള സർക്കാരിനും അമേരിക്കൻ ഭരണ സംവിധാനങ്ങൾക്കും ഇടയിൽ പ്രവർത്തിക്കുന്നത്.




ഒസിഐ കാർഡ് പ്രശ്നങ്ങൾ, നേരിട്ടുള്ള വിമാന സർവീസ്, പ്രവാസികളുടെ സ്വത്ത് സംബന്ധമായ നികുതി വിഷയങ്ങൾ തുടങ്ങിയവയിൽ ഫൊക്കാന ശക്തമായി ഇടപെട്ടിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 1983-ൽ രൂപീകൃതമായ ഫൊക്കാന ഇന്ന് ലോകത്തിലെ ഏറ്റവും പഴക്കമേറിയതും വലിയതുമായ മലയാളി സംഘടനകളുടെ ഫെഡറേഷനായി വളർന്നതായും അദ്ദേഹം പറഞ്ഞു.

ഫൊക്കാനയുടെ പ്രിവിലേജ് കാർഡ്, മെഡിക്കൽ കാർഡ്, ഹെൽത്ത് ക്ലിനിക് തുടങ്ങിയ പദ്ധതികൾ വഴി ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. കേരളത്തിലെ വിവിധ അന്തർദ്ദേശീയ നിലവാരമുള്ള ആശുപത്രികളുമായി സഹകരിച്ച് നടപ്പാക്കുന്ന മെഡിക്കൽ കാർഡ് പദ്ധതിയും അമേരിക്കയിലെ സന്ദർശക വിസയിൽ എത്തുന്നവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്ന ഹെൽത്ത് ക്ലിനിക്കുകളും വലിയ സ്വീകാര്യത നേടി. ന്യൂജേഴ്സിയിലും ബോസ്റ്റണിലും പ്രവർത്തനം ആരംഭിച്ച ഹെൽത്ത് ക്ലിനിക്കുകൾ ഡാളസിലേക്കും ന്യൂയോർക്ക് മേഖലയിലേക്കും ഉടൻ വ്യാപിപ്പിക്കും.

കേരളത്തിൽ മുങ്ങിമരണങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഫൊക്കാന ആരംഭിച്ച 'സ്വിം കേരള സ്വിം' പദ്ധതി ഇതിനകം വൈക്കം, കോട്ടയം, പാലാ എന്നിവിടങ്ങളിൽ നടപ്പാക്കിയതായി സജിമോൻ ആന്റണി പറഞ്ഞു. നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് നീന്തൽ സുരക്ഷാ പരിശീലനവും രക്ഷാപ്രവർത്തന പരിശീലനവും നല്കി ഫൊക്കാനയുടെ വിവിധ സേവന പദ്ധതികളെ ഒരൊറ്റ സംവിധാനത്തിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്ന ടോൾ ഫ്രീ1-800 നമ്പർ ഏതാനും ദിവസത്തിനകം ആരംഭിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

കൺവൻഷൻ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവാസി മലയാളി സംഗമങ്ങളിലൊന്നായി മാറുമെന്ന് സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അഭിപ്രായപ്പെട്ടു.

ഇന്ത്യയുടെ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പങ്കെടുക്കുമെന്നു സ്ഥിരീകരിച്ചിട്ടുണ്ടെന്നും സാഹചര്യങ്ങൾ അനുകൂലമായാൽ കേരള മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖ രാഷ്ട്രീയ-സാമൂഹിക നേതാക്കളും സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം അറിയിച്ചു. ന്യൂജേഴ്സി ഗവർണർ, കോൺഗ്രസ് അംഗങ്ങൾ, കേരളത്തിലെ മന്ത്രിമാർ, എംഎൽഎമാർ തുടങ്ങി വിശിഷ്ടാതിഥികളുടെ വലിയ നിരതന്നെ കൺവൻഷനിലുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. അവസാനനിമിഷം സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാകാത്തപക്ഷം ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ എത്തുമെന്ന് സജിമോൻ ആന്റണിയും പറഞ്ഞു. പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ മുഖ്യമന്ത്രി വി.ഡി. സതീശൻ പങ്കെടുക്കാമെന്ന് ഉറപ്പു പറഞ്ഞതാണ്.

കൽഹാരി കൺവൻഷൻ ഫൊക്കാനയുടെ ചരിത്രത്തിലെ ഏറ്റവും വലിയ സമ്മേളനമായിരിക്കുമെന്ന് മുൻ പ്രസിഡണ്ട് പോൾ കറുകപ്പള്ളി പറഞ്ഞു.

ജനപങ്കാളിത്തം, വിശിഷ്ടാതിഥികൾ, പുതുമയാർന്ന പരിപാടികൾ എന്നിവകൊണ്ട് ശ്രദ്ധേയമാകുന്ന കൺവൻഷനാകും ഇതെന്ന് ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗം ലീല മാരേട്ടും അഭിപ്രായപ്പെട്ടു.

കഴിഞ്ഞ രണ്ടു വർഷക്കാലമായി പ്രസിഡണ്ട് സജിമോൻ ആന്റണിയുടെ നേതൃത്വത്തിലുള്ള ഭരണ സമിതിയുടെ പ്രവർത്തനങ്ങളിലൂടെ ഫൊക്കാന കൈവരിച്ച നേട്ടങ്ങൾ സംഘടനയുടെ പഴയ പ്രതാപം വീണ്ടെടുക്കാൻ സഹായിച്ചതായി ഫൊക്കാന കേരള കൺവൻഷൻ ചെയർമാനും ഫൊക്കാന ടുഡേയുടെ ചീഫ് എഡിറ്ററുമായ ജോയി ഇട്ടൻ അഭിപ്രായപ്പെട്ടു.

റീജിയണൽ തലങ്ങളിൽ ഇതിനോടകം കൺവൻഷൻ മുന്നൊരുക്ക പ്രവർത്തനങ്ങൾ സജീവമാണെന്ന് റീജിയണൽ വൈസ് പ്രസിഡണ്ട് ആന്റോ വർക്കി പറഞ്ഞു. യൂത്ത് ഫെസ്റ്റിവൽ, കലാ-കായിക മത്സരങ്ങൾ, ഫുഡ് ഫെസ്റ്റിവൽ, ചാരിറ്റി പ്രവർത്തനങ്ങൾ എന്നിവയുടെ വിജയകരമായ നടത്തിപ്പിലൂടെ ദേശീയ കൺവൻഷന് ശക്തമായ അടിത്തറ ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

നാഷണൽ കമ്മിറ്റി അംഗം മത്തായി ചാക്കോ കൺവൻഷന് ആശംസകൾ നേർന്നു.

ഫൊക്കാന മുൻ ജനറൽ സെക്രട്ടറിയും മുൻ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർമാനുമായ ഫിലിപ്പോസ് ഫിലിപ്പ് 2018 മുതൽ സംഘടനയുടെ ലീഗൽ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചുവരുന്ന കാര്യം ചൂണ്ടിക്കാട്ടി. നിരവധി നൂതന ആശയങ്ങളും പദ്ധതികളും അവതരിപ്പിച്ച് സംഘടനയ്ക്ക് പുതിയ ഊർജം പകരാൻ ഈ നേതൃത്വത്തിന് കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ചരിത്രം സൃഷ്ടിക്കുന്ന ഒരു കൺവൻഷനാണ് നിലവിലെ നേതൃത്വം ലക്ഷ്യമിടുന്നതെന്നും ആ ശ്രമം വിജയിക്കുമെന്ന കാര്യത്തിൽ തനിക്ക് യാതൊരു സംശയവുമില്ലെന്നും ഫിലിപ്പോസ് ഫിലിപ്പ് കൂട്ടിച്ചേർത്തു.

മൂന്ന് പത്മ പുരസ്കാര ജേതാക്കൾ ഒരേ വേദിയിൽ അണിനിരക്കുന്ന അപൂർവ നേട്ടവും കൺവൻഷന് സ്വന്തമാകുമെന്ന് ട്രഷറർ ജോയ് ചാക്കപ്പൻ പറഞ്ഞു. പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി, പ്രമുഖ വ്യവസായി പത്മശ്രീ എം.എ. യൂസഫലി, പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ തുടങ്ങിയ പ്രമുഖരുടെ സാന്നിദ്ധ്യം സമ്മേളനത്തിന്റെ മാറ്റുകൂട്ടുമെന്നും അദ്ദേഹം വ്യക്തമാക്കി. ആദ്യദിനത്തിൽ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിലുള്ള മാജിക് ഷോയും 101 പേരടങ്ങുന്ന ഉദ്ഘാടന നൃത്താവിഷ്കാരവും അരങ്ങേറും. രണ്ടാം ദിനത്തിൽ 'അമേരിക്ക ഗോട്ട് ടാലന്റ്' എന്ന പേരിൽ നോർത്ത് അമേരിക്കയിലെ കലാപ്രതിഭകളെ അണിനിരത്തുന്ന പുതുമയാർന്ന പരിപാടി സംഘടിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

കൺവൻഷന്റെ പ്രധാന ആകർഷണമായി ഗിന്നസ് വേൾഡ് റെക്കോർഡ് ശ്രമങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് സജിമോൻ ആന്റണി പറഞ്ഞു. ആയിരത്തിലധികം പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മോഹിനിയാട്ടവും അഞ്ഞൂറിലധികം കലാകാരന്മാർ പങ്കെടുക്കുന്ന ചെണ്ടമേളവും ഇതിനകം വലിയ ശ്രദ്ധ നേടിക്കഴിഞ്ഞു. ഇത്രയും പേരെ എങ്ങനെ സംഘടിപ്പിക്കുമെന്ന് പലരും ചോദിച്ചതാണ്. എന്നാൽ, നിലവിൽ 1,100-ലധികം പേർ മോഹിനിയാട്ടത്തിനും 568 പേർ ചെണ്ടമേളത്തിനുമായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി.

ഗിന്നസ് റെക്കോർഡ് ലഭിക്കാൻ കുറെ കടമ്പകൾ ഉണ്ട്. അവയെല്ലാം തരണം ചെയ്യാനായി. നോർത്ത് അമേരിക്കയിലുടനീളമുള്ള മലയാളി സമൂഹത്തിന്റെ പങ്കാളിത്തവും പിന്തുണയും ഇതിലൂടെ പ്രകടമാകുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.



സമ്മേളനത്തിനായി 38,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രധാന ബാങ്ക്വറ്റ് ഹാളിനൊപ്പം രണ്ട് അധിക ഹാളുകളും ബുക്ക് ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു. ഏകദേശം 1,750-ലധികം കലാകാരന്മാർ വിവിധ പരിപാടികളിൽ പങ്കെടുക്കുമെന്നും നവ്യ നായർ, നാദിർഷാ ഉൾപ്പെടെയുള്ള ചലച്ചിത്ര-സാംസ്കാരിക രംഗത്തെ പ്രമുഖരും എത്തുമെന്നും അദ്ദേഹം പറഞ്ഞു.

(ശേഷം 28-ാം പേജിൽ)

# നിങ്ങൾ സമൂഹത്തിന്റെ ഭാഗമാകൂ; അമേരിക്കൻ സമൂഹത്തിൽ മലയാളികളുടെ സാന്നിധ്യം ശക്തമാക്കാം; എങ്ങനെ?

**പിന്റോ കണ്ണംപള്ളി**

നമ്മളിൽ പലരും കേരളത്തിലെ രാഷ്ട്രീയ വാർത്തകൾ ഓരോ ദിവസവും പിന്തുടരുന്നവരാണ്. പലപ്പോഴും ഓരോ മണിക്കൂറിലും അവ ചർച്ച ചെയ്യുന്നവരുമാണ്. കേരളത്തിൽ ആരാണ് ജയിച്ചത്, ആരാണ് തോറ്റത്, ഏത് പാർട്ടി മുന്നിലാണ്, ഏത് നേതാവാണ് പ്രസംഗിച്ചത് എന്നൊക്കെ നമുക്ക് നന്നായി അറിയാം.

പക്ഷേ, ഒരുനിമിഷം നാം സ്വയം ചോദിക്കണം, നാം ജീവിക്കുന്നത് എവിടെയാണ്? നമ്മുടെ മക്കൾ വളരുന്നത് എവിടെയാണ്? നമ്മുടെ ഭാവി രൂപപ്പെടുന്നത് എവിടെയാണ്?




ഉത്തരം ഒന്നേയുള്ളൂ-അമേരിക്കയിൽ.

അമേരിക്ക നമ്മുടെ ജോലിസ്ഥലം മാത്രമല്ല. നമ്മുടെ വീടാണ്, നമ്മുടെ കുടുംബങ്ങളുടെ ഭാവിയാണ്, നമ്മുടെ മക്കളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്ന നാടാണ്.

അങ്ങനെയിരിക്കെ ഈ രാജ്യത്തിന്റെ ജനാധിപത്യ സംവിധാനങ്ങളിലും സാമൂഹിക പ്രവർത്തനങ്ങളിലും പങ്കാളികളാകാതെ മാറിനിൽക്കുന്നത് ശരിയായ സമീപനമല്ല.

അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രൈമറി തെരഞ്ഞെടുപ്പുകൾ നടക്കുകയാണ്. പല സ്ഥലങ്ങളിലും ജൂൺ 23 ആണ് പ്രൈമറി തെരഞ്ഞെടുപ്പ് ദിനം. എന്നാൽ, അതുവരെ കാത്തിരിക്കേണ്ടതില്ല. ഏർളി വോട്ടിംഗ് സംവിധാനവും മെയിൽ-ഇൻ- ബാലറ്റ് സൗകര്യവും ലഭ്യമാണ്. ചില സ്ഥലങ്ങളിൽ പോളിങ് കേന്ദ്രങ്ങളിൽ തന്നെ ലഭ്യമായ സെയിം ഡേ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യാനും വോട്ട് ചെയ്യാനും അവസരമുണ്ട്.

ഈ അവസരത്തിൽ അമേരിക്കയിലെ എല്ലാ മലയാളികളോടും എനിക്ക് ഒരു വിനീതമായ അഭ്യർത്ഥനയുണ്ട്-ദയവായി വോട്ട് ചെയ്യുക. ജനാധിപത്യ പ്രക്രിയകളുടെ ഭാഗമാകുക. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരിക.

വോട്ട് ചെയ്യുക എന്നത് ഒരു രാഷ്ട്രീയ പാർട്ടിയെ പിന്തുണയ്ക്കുന്നതിന് മാത്രമുള്ള കാര്യമല്ല. അത് ഒരു പൗരന്റെ ഉത്തരവാദിത്വമാണ്. നമ്മുടെ ശബ്ദം കേൾപ്പിക്കുന്നതിനുള്ള ഏറ്റവും ശക്തമായ മാർഗ്ഗമാണ്.

എന്നാൽ, ഞാൻ പറയുന്നത് വോട്ട് ചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. നിങ്ങളുടെ ടൗൺഷിപ്പിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുക. കൗണ്ടിതല പൊതുയോഗങ്ങളിൽ പങ്കെടുക്കുക. സ്കൂൾ ബോർഡുകളുടെ പ്രവർത്തനങ്ങൾ അറിയുക. കമ്യൂണിറ്റി സേവനങ്ങളിൽ സജീവമാകുക, പ്രാദേശിക ചാരിറ്റി പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. ഒരു നല്ല ലക്ഷ്യത്തിനായി നടത്തുന്ന 5കെ റണ്ണിൽ പോലും പങ്കെടുക്കുക.

കാരണം സമൂഹത്തിന്റെ ഭാഗമാകാൻ വലിയ പദവികൾ ആവശ്യമില്ല. ഒരു നല്ല പൗരനാകാനുള്ള മനസ്സ് മാത്രം മതി.

അമേരിക്കൻ സമൂഹത്തിൽ ജീവിക്കുന്ന ചില മലയാളികൾ പലപ്പോഴും വിവേചനവും അവഗണനയും നേരിടുന്നതായി പരാതിപ്പെടാറുണ്ട്. ചിലർ അതിനെ വർഗ്ഗീയതയായും ചിലർ സ്വദേശിവാദ മനോഭാവമായും വിശേഷിപ്പിക്കുന്നു. എന്നാൽ, ഒരു സമൂഹത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറുന്നത് പലപ്പോഴും സംവാദങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പരസ്പര പരിചയങ്ങളിലൂടെയുമാണ്.

നമ്മൾ സ്വന്തം വീടുകളുടെയും മലയാളി കൂട്ടായ്മകളുടെയും പരിധിക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണെങ്കിൽ വിശാലമായ സമൂഹത്തിനു നമ്മെ മനസ്സിലാക്കാനും നമ്മുടെ സംഭാവനകൾ അറിയാനും അവസരം കുറയും. അതുകൊണ്ടുതന്നെ പ്രാദേശിക പരിപാടികളിൽ പങ്കെടുക്കുകയും പൊതുസേവന പ്രവർത്തനങ്ങളിൽ സജീവമാകുകയും സ്കൂൾ, ടൗൺഷിപ്പ്, കൗണ്ടിതല പ്രവർത്തനങ്ങളിൽ ഇടപെടുകയും ചെയ്യുന്നത് വളരെ പ്രധാനമാണ്. നമ്മുടെ ശബ്ദം കേൾക്കപ്പെടുകയും നമ്മുടെ സാന്നിദ്ധ്യം അറിയപ്പെടുകയും ചെയ്യുമ്പോഴാണ് സമൂഹത്തിലെ പരസ്പര ബഹുമാനവും അംഗീകാരവും കൂടുതൽ ശക്തമാകുന്നത്.

സമൂഹത്തിന്റെ ഭാഗമാകാതെ സമൂഹത്തിൽ സ്വാധീനം ചെലുത്താൻ കഴിയില്ല. വോട്ട് ചെയ്യുക, പൊതുപരിപാടികളിൽ പങ്കെടുക്കുക, കമ്യൂണിറ്റി സേവനങ്ങളിൽ സജീവമാകുക, തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരായും സന്നദ്ധ പ്രവർത്തകരായും സേവനം ചെയ്യുക -ഇതെല്ലാം ഒരു നല്ല പൗരന്റെ ഉത്തരവാദിത്വങ്ങൾ മാത്രമല്ല അടുത്ത തലമുറയ്ക്ക് നാം നല്കുന്ന ഏറ്റവും വലിയ മാതൃകകളാണ്. നാം ഈ രാജ്യത്തിന്റെ ഭാഗമാണെന്ന് തെളിയിക്കേണ്ടത് വാക്കുകളിലൂടെയല്ല, പങ്കാളിത്തത്തിലൂടെയാണ്.

നിശ്ശബ്ദത പലപ്പോഴും അപകടകരമാണ്. കാരണം നിങ്ങൾ എന്താണ് ചിന്തിക്കുന്നത്, എന്താണ് ആഗ്രഹിക്കുന്നത്, സമൂഹത്തിനായി എന്താണ് ചെയ്യാൻ തയ്യാറുള്ളത് എന്നൊന്നും മറ്റുള്ളവർക്ക് അറിയാൻ കഴിയില്ല. സംസാരിക്കുമ്പോഴും പങ്കെടുക്കുമ്പോഴും മാത്രമാണ് സമൂഹം നിങ്ങളെ തിരിച്ചറിയുന്നത്.

അമേരിക്കയിൽ പൊതുസേവനത്തിന് നിരവധി അവസരങ്ങളുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഇലക്ഷൻ ജഡ്ജായി സേവനം ചെയ്യുക എന്നത്. തെരഞ്ഞെടുപ്പ് ദിനത്തിൽ വോട്ടിംഗ് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും വോട്ടർമാരെ സഹായിക്കാനും തെരഞ്ഞെടുപ്പ് നടപടികൾ കൃത്യമായി നടപ്പിലാക്കാനും ഇലക്ഷൻ ജഡ്ജസ് നിർണായക പങ്കു വഹിക്കുന്നു. കൗണ്ടി ബോർഡ് ഓഫ് ഇലക്ഷൻസ് നടത്തുന്ന പരിശീലനം പൂർത്തിയാക്കിയാൽ ഏത് സാധാരണ പൗരനും ഈ സേവനത്തിന്റെ ഭാഗമാകാം. പല കൗണ്ടികളും ഇതിനായി പ്രതിഫലവും നല്കുന്നുണ്ട്.

നമ്മുടെ യുവജനങ്ങളും മലയാളി സമൂഹാംഗങ്ങളും ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

അതിലുപരി, നമ്മുടെ മക്കളെ മുഖ്യധാരയിലേക്ക് നയിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അവർ സ്കൂളുകളിലും സർവകലാശാലകളിലും സാമൂഹിക സംഘടനകളിലും പ്രാദേശിക ഭരണസംവിധാനങ്ങളിലുമെല്ലാം നേതൃപങ്ക് വഹിക്കണം.

നാളെയുടെ കൗൺസിൽ അംഗങ്ങളും മേയർമാരും നിയമനിർമ്മാതാക്കളും നയരൂപീകരരും നമ്മുടെ കുടുംബങ്ങളിൽ നിന്നാകണം ഉയർന്നുവരേണ്ടത്. അതിന് ഇന്ന് നാം തന്നെ മാതൃക കാണിക്കണം.

അതിനാൽ, അമേരിക്കൻ മലയാളികളോടുള്ള എന്റെ ഹൃദയസ്പർശിയായ അഭ്യർത്ഥന ഇതാണ്: വോട്ട് ചെയ്യൂ, സമൂഹത്തിന്റെ ഭാഗമാകൂ, പൊതുപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ. നിങ്ങളുടെ ശബ്ദം കേൾപ്പിക്കൂ, നിങ്ങളുടെ മക്കളെ മുഖ്യധാരയിലേക്ക് നയിക്കൂ.

അമേരിക്ക നമ്മൾ താമസിക്കുന്ന രാജ്യം മാത്രമല്ല, നമ്മുടെ ഭാവി നിർമ്മിക്കപ്പെടുന്നനാടാണ്. ജനാധിപത്യത്തിന്റെ കാഴ്ചക്കാരായി മാറിനിൽക്കാതെ അതിന്റെ സജീവ പങ്കാളികളാകാം.

നമ്മുടെ മക്കൾ അമേരിക്കൻ സമൂഹത്തിന്റെ മുഖ്യധാരയിൽ നേതൃപദവികൾ അലങ്കരിക്കുന്ന ഒരു ഭാവിയാണ് നാം സ്വപ്നം കാണേണ്ടത്. അതിനായി ഇന്ന് നാം തന്നെ മുന്നോട്ടിറങ്ങണം. ജനാധിപത്യത്തിന്റെ പ്രേക്ഷകരല്ല, പങ്കാളികളാകണം. നമ്മുടെ സമൂഹത്തെ അറിയുക, സമൂഹം നമ്മേ അറിയട്ടെ. അതാണ് ശക്തമായ സമൂഹനിർമ്മാണത്തിന്റെ യഥാർത്ഥ വഴി. അതാണ് വിജയകരമായ ഒരു തലമുറയുടെയും അടിത്തറ.



ലേഖകൻ

# ആലിസ് മഞ്ചേരിക്ക് ദൈവശാസ്ത്ര പഠനത്തിൽ ഉന്നത ബിരുദം

**പിന്റോ കണ്ണംപള്ളി**

ഫ്ളോറിഡ: വിശ്വാസ ജീവിതത്തോടും സാമൂഹിക പ്രതിബദ്ധതയോടും ചേർന്നു നിൽക്കുന്ന മാതൃകാപരമായ സേവനങ്ങൾക്ക് പേരുകേട്ട ഫ്ളോറിഡയിലെ ഒർലാന്റോ സ്വദേശിനി ആലിസ് മഞ്ചേരി തിയോളജിയിൽ ബിരുദം നേടി ശ്രദ്ധേയയായി. അമേരിക്കൻ മലയാളി സമൂഹത്തിനാകെ അഭിമാനമായി മാറിയ ഈ നേട്ടം, ആത്മീയ വളർച്ചയ്ക്കും സാമൂഹികസേവനത്തിനും ഒരുപോലെ പ്രാധാന്യം നൽകുന്ന ഒരു ജീവിതയാത്രയുടെ അംഗീകാരമായാണ് വിലയിരുത്തപ്പെടുന്നത്.




ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസ് (Alpha Institute of Theology and Science) ആണ് ആലിസ് മഞ്ചേരിക്ക് തിയോളജി ബിരുദം നൽകിയത്. 2026 ജൂൺ 15-ന് ടെക്സാസിലെ ഡാളസിലുള്ള സെന്റ് അൽഫോൻസാ സീറോ മലബാർ കത്തോലിക്കാ ദേവാലയത്തിൽ നടന്ന ഭംഗിയാർന്ന കോൺവൊക്കേഷൻ ചടങ്ങിലായിരുന്നു ബിരുദദാനം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വൈദികരും വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിലെ പ്രമുഖരും കുടുംബാംഗങ്ങളും വിശ്വാസി സമൂഹവും സാക്ഷികളായ ചടങ്ങ് ആത്മീയതയും അക്കാദമിക മികവും സമന്വയിച്ച ഒരു ആഘോഷമായി മാറി.

തൃശൂർ ജില്ലയിലെ ചാലക്കുടി സ്വദേശിനിയായ ആലിസ് മഞ്ചേരി, വർഷങ്ങളായി ഫ്ളോറിഡയിലെ ഒർലാന്റോയിൽ താമസിച്ചു വരികയാണ്. ഒർലാന്റോയിലെ സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ ദേവാലയത്തിലെ സജീവ അംഗവും വിവിധ ശുശ്രൂഷാ പ്രവർത്തനങ്ങളിലെ നിറസാന്നിദ്ധ്യവുമാണ് അവർ. സഭയുടെ ആത്മീയ-സാമൂഹിക പ്രവർത്തനങ്ങളിൽ അവർ പുലർത്തുന്ന ആത്മാർത്ഥ പങ്കാളിത്തം സമൂഹത്തിന്റെ ആദരവും സ്നേഹവും നേടിയെടുത്തിട്ടുണ്ട്.

അതോടൊപ്പം, വേൾഡ് മലയാളി കൗൺസിൽ (WMC) വനിതാ ഫോറത്തിന്റെ സജീവ പ്രവർത്തകയായും ആലിസ് മഞ്ചേരി ശ്രദ്ധേയയാണ്. കേരളത്തിലും അമേരിക്കയിലുമായി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും, വിദ്യാഭ്യാസ സഹായം, നിർദ്ധന കുടുംബങ്ങൾക്ക് പിന്തുണ, ചികിത്സാ സഹായം, വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നിസ്വാർത്ഥ സേവനവും മാനവിക മൂല്യങ്ങളും ജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ച വ്യക്തിത്വമാണ് അവർ.

ആത്മീയ വിദ്യാഭ്യാസത്തിലൂടെ വിശ്വാസത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാനും പഠനത്തിലൂടെ ലഭിച്ച അറിവ് സമൂഹത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്താനുമുള്ള ആലിസ് മഞ്ചേരിയുടെ പ്രതിബദ്ധതയാണ് ഈ ബിരുദ നേട്ടത്തിന് പിന്നിലെ പ്രചോദനമെന്ന് അടുത്തറിയുന്നവർ അഭിപ്രായപ്പെട്ടിരുന്നു.

കുടുംബജീവിതം, സഭാപ്രവർത്തനങ്ങൾ, സാമൂഹിക സേവനം എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് ദൈവശാസ്ത്ര പഠനത്തിൽ ഉന്നത വിജയം കൈവരിച്ച ആലിസ് മഞ്ചേരി, അമേരിക്കൻ മലയാളി വനിതകൾക്ക് മാത്രമല്ല, പുതുതലമുറയ്ക്കാകെ പ്രചോദനമായി മാറുകയാണ്.

വിശ്വാസത്തിന്റെ വെളിച്ചവും സേവനത്തിന്റെ കരുതലും ചേർത്ത് ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്ന ഈ നേട്ടത്തിന് വിവിധ സാമൂഹിക, സാംസ്കാരിക, മത സംഘടനകളുടെ നേതാക്കൾ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

# സ്വാമി വിവേകാനന്ദ സ്മാരക അനുസ്മരണ ചടങ്ങ് ഇന്ത്യൻ കോൺസുലേറ്റിൽ

**പ്രവീൺ തോമസ്**

ചിക്കാഗോ: ഇന്ത്യൻ കോൺസുലേറ്റ് ചിക്കാഗോയിൽ സംഘടിപ്പിച്ച സ്വാമി വിവേകാനന്ദ സ്മേരക അനുസ്മരണ ചടങ്ങിൽ വിവിധ സാമൂഹ്യ-സാംസ്കാരിക-സംഘടനാ നേതാക്കൾ പങ്കെടുത്തു.

ചടങ്ങിൽ അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ വിനയ് മോഹൻ ക്വാത്ര മുഖ്യാതിഥിയായി സന്നിഹിതനായിരുന്നു. ഇന്ത്യൻ കോൺസുൽ ജനറൽ സോമനാഥ് ഘോഷ് ഉൾപ്പെടെ നിരവധി പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

ഫൊക്കാന നാഷണൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, മുൻ ഫോമാ നാഷണൽ വൈസ് പ്രസിഡണ്ട് സണ്ണി വള്ളക്കളം, എഐഇഎഒ പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ് എന്നിവർ ചടങ്ങിൽ പങ്കെടുത്ത് സ്വാമി വിവേകാനന്ദന്റെ ജീവിതവും സന്ദേശങ്ങളും അനുസ്മരിച്ചു.

1863-ൽ ജനിച്ച സ്വാമി വിവേകാനന്ദൻ ഭാരതത്തിന്റെ ആത്മീയ പൈതൃകം ലോകവേദിയിൽ ഉയർത്തിക്കാട്ടിയ മഹാനായ സന്യാസിയും ചിന്തകനുമായിരുന്നു. 1893-ൽ ചിക്കാഗോയിൽ നടന്ന ലോകമത സമ്മേളനത്തിൽ നടത്തിയ ചരിത്രപരമായ പ്രസംഗത്തിലൂടെ അദ്ദേഹം ലോകശ്രദ്ധ നേടി. മതസൗഹാർദ്ദം, മനുഷ്യസേവനം, യുവജനശക്തി, ആത്മവിശ്വാസം എന്നിവയുടെ പ്രാധാന്യം അദ്ദേഹം ലോകത്തിന് മുന്നിൽ അവതരിപ്പിച്ചു.

സ്വാമി വിവേകാനന്ദന്റെ ആശയങ്ങൾ ഇന്നും യുവജനങ്ങൾക്ക് പ്രചോദനമായി തുടരുകയാണ്. മനുഷ്യസേവനമാണ് ദൈവസേവനമെന്ന അദ്ദേഹത്തിന്റെ സന്ദേശം സമൂഹനിർമ്മാണത്തിനും രാഷ്ട്രപുരോഗതിക്കും വഴികാട്ടിയായി നിലകൊള്ളുന്നു. വിദ്യാഭ്യാസം, ആത്മീയത, സാമൂഹിക പ്രതിബദ്ധത എന്നിവയുടെ സമന്വയത്തിലൂടെ വ്യക്തിയുടെയും സമൂഹത്തിന്റെയും ഉന്നമനമാണ് അദ്ദേഹം ലക്ഷ്യമിട്ടത്.

ചടങ്ങിൽ പങ്കെടുത്തവർ സ്വാമി വിവേകാനന്ദന്റെ മഹത്തായ സംഭാവനകളെ അനുസ്മരിക്കുകയും, അദ്ദേഹത്തിന്റെ സന്ദേശങ്ങൾ പുതിയ തലമുറകളിലേക്ക് എത്തിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു.

പരിപാടിക്ക് ശേഷം വിശിഷ്ടാതിഥികൾക്കായി ഒരുക്കിയ പ്രത്യേക അത്താഴവിരുന്നും കലാപരിപാടികളും നടന്നു. തുടർന്ന് നടന്ന സൗഹൃദസംഗമത്തോടെയാണ് ചടങ്ങുകൾ സമാപിച്ചത്.







# ഐ.ഒ.സി. പെൻസിൽവേനിയ ചാപ്റ്ററിന്റെ പുതിയ ഭാരവാഹികൾ

**കോര ചെറിയാൻ**

ഫിലാഡൽഫിയാ: ഇൻഡ്യൻ ഓവർസീസ് കോൺഗ്രസ്സ് പെൻസിൽവേനിയ ചാപ്റ്ററിന്റെ പമ്പ ഓഫീസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ 2026-2027-ലേയ്ക്കുള്ള ഭരണസമിതിയുടെ പൊതു തെരഞ്ഞെടുപ്പ് നടത്തി. ഭരണാധികാരത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട സംഘടനാ നേതാക്കൾ ഏവരും സാമൂഹ്യ സാംസ്കാരിക നിലകളിൽ സുദീർഘമായ കാലഘട്ടം സേവനം അനുഷ്ഠിച്ചു പരിചയസമ്പന്നരായതിനാൽ ഐ.ഒ.സി. ചാപ്റ്ററിന്റെ ഭാവി സുരക്ഷിതവും ഉന്നമന പാതയിലും നിലകൊള്ളുമെന്ന പ്രതീക്ഷ സഫലമായിരിക്കും.



ചെയർമാനായി സാബു സ്കറിയായും, പ്രസിഡന്റായി സുമോദ് തോമസ് നെല്ലിക്കാലായും, ജനറൽ സെക്രട്ടറിയായി നൈനാൻ മത്തായിയും, ട്രഷററായി തോമസുകുട്ടി വർഗീസും ഐകൃകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുപ്പ് നടപടികൾ ജോർജ് ഓലിക്കലിനൊടൊപ്പം കുര്യൻ രാജന്റെയും സാബു സ്കറിയയുടെയും സുമോദ് നെല്ലിക്കാലായുടെയും അലക്സ് തോമസിന്റെയും നേതൃത്വത്തിൽ തികച്ചും ശാന്തമായും സമാധാനപരമായും നടന്നതിൽ സമ്മേളനത്തിൽ സംബന്ധിച്ച ജനത അതീവ സന്തോഷത്തിലാണ്. രാഷ്ട്രീയ സാമൂഹ്യ സംഘടന നേതൃത്വത്തിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പുകളിൽ സാധാരണമായിട്ടുള്ള അപസ്വരങ്ങളോ യുക്തിസഹജമായ വിവാദങ്ങളോ അശേഷം ഇല്ലാതെ സസന്തോഷം ഏവരും സഹകരിച്ച സമ്മേളനത്തിന്റെ അദ്ധ്യക്ഷപദവിയെ അർപ്പണബോധത്തോടെ നിർവ്വഹിച്ച ഓലിക്കലിന്റെ മാനസിക സംയമനവും വ്യക്തിപ്രഭയും അത്യധികം അഭിനന്ദനീയമായിരുന്നു.

ആത്മീയ തലത്തിൽ ഡയോസീസ് കൗൺസിൽ മെമ്പറായും മലയാളി അസ്സോസിയേഷൻ ഓഫ് ഫിലാഡൽഫിയ ബോർഡ് ഓഫ് ട്രസ്റ്റായും അമേരിക്കയിലും, കേരളത്തിൽ കോതമംഗലം എം.എ. കോളേജിലും അലൂമ്നി പ്രസിഡന്റായും സുദീർഘ സേവനം ചെയ്ത സാബു സ്കറിയായുടെ അനുഭവ സമ്പത്ത് തികച്ചും പ്രശംസനീയമാണ്.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സുമോദ് തോമസ് നെല്ലിക്കാലാ കോവിഡ്-19 പകർച്ചവ്യാധി കാലഘട്ടം തികച്ചും ത്യാഗമനസ്കനായി നിസ്വാർത്ഥം മലയാളികൾക്കുവേണ്ടിയും വിവിധ സാമൂഹ്യ സംഘടനകൾക്കുവേണ്ടിയും അനുഷ്ഠിച്ച സേവനങ്ങൾ ഫിലാഡൽഫിയ മലയാളികളുടെ മനസ്സിൽ മങ്ങാതെ ഇപ്പോഴും നിലനിൽക്കുന്നു. കോവിഡ് നിർമ്മാർജ്ജനത്തിനും നിവാരണത്തിനുമായി അനേകായിരം എൻ-95 മാസ്കുകളും സാനിറ്റൈസറുകളും സൗജന്യമായി വിതരണം ചെയ്ത സുമോദിന്റെ കർത്തവ്യബോധവും അർപ്പണ മനഃസ്ഥിതിയും അഭികാമ്യമാണ്. സുമോദിന്റെ സാമൂഹ്യ സേവനങ്ങളെ അഭിനന്ദിച്ച് ഫിലാഡൽഫിയ പോലീസ് കമ്മീഷണറിന്റെ സർവ്വീസ് അവാർഡ് കരസ്ഥമാക്കുവാനുള്ള സൗഭാഗ്യവും സുമോദിനു ലഭിച്ചു.

ഐ.ഒ.സി. ജനറൽ സെക്രട്ടറി പദവിയിൽ എത്തിയ നൈനാൻ മത്തായി, തകർച്ചയിൽ അമേരിക്കയിൽ എത്തിയ കുടിയേറ്റക്കാരായ റഷ്യൻ വൃദ്ധസമൂഹത്തിന്റെ ഉന്നതിക്കും പരിചരണത്തിനുമായി സ്പെഷ്യൽ അഡൾട്ട് ഡേ കെയർ ആരംഭിക്കുന്നതിനായി ശാരീരികമായും മാനസികമായും സാമ്പത്തികമായും ചെയ്ത സേവനങ്ങൾ തികച്ചും നിർലോഭം ആയിരുന്നു. വേൾഡ് മലയാളി ഗ്ലോബൽ കോ-ഓർഡിനേറ്ററായും ഇന്ത്യൻ കമ്മ്യൂണിറ്റിയിലെ കുട്ടികളുടെ ഭൗതിക ആത്മീയ ഉന്നമനത്തിനായി സൺഡേസ്കൂൾ പ്രിൻസിപ്പാൾ അടക്കമുള്ള വിവിധ മേഖലകളിൽ തുടർച്ചയായി മത്തായി സേവനം അനുഷ്ഠിക്കുന്നു.



ലേഖകൻ

വേൾഡ് മലയാളി കൗൺസിലിലും വിവിധ ക്രൈസ്തവ മലയാളി അസ്സോസിയേഷനുകളിലും ഹാർദ്ദവമായി പ്രവർത്തിച്ചതിനോടൊപ്പം പല ജീവകാരുണ്യ സംഘടനകൾക്കും സാമ്പത്തികമായി സഹായിക്കുകയും ചെയ്യുന്ന തോമസ്കുട്ടി വറുഗീസ് ഐ.ഒ.സിയുടെ ട്രഷററായി നിയമിതനായി.

ഐ.ഒ.സി.യുടെ സുഖമമായ നടത്തിപ്പിനും സംഘടനയുടെ സമൃദ്ധരായ തത്വജ്ഞാനികൾക്കും പാമരനും തുല്യമായി പകരുവാനുള്ള അഭിനിവേശമുള്ള മുൻകാല പ്രസിഡന്റ് ഡോ. ഈപ്പൻ ഡാനിയേൽ അടക്കമുള്ള വിശാലമായ ഒരു ഭരണസമിതി ഐ.ഒ.സി.യെ നേരായി നയിക്കുവാനുള്ള ഭാവുകങ്ങൾ.

# പിതൃദിനാഘോഷം

**എൽസി ബേബി**

**മാ**തൃദിനാഘോഷം പോലെ പിതൃദിനാഘോഷവും അമേരിക്കയിലെ ആഘോഷങ്ങളിലൊന്നാകുന്നു. തന്റെ മാതാവിന്റെ വേർപാടിനു ശേഷം Sonora smart dodd എന്ന പെൺകുട്ടി തന്നോടൊപ്പം തന്റെ അഞ്ച് സഹോദരങ്ങളേയും സ്നേഹിച്ച് പോറ്റിപ്പുലർത്തിയ സ്നേഹനിധിയായ പിതാവിന്റെ ഓർമ്മക്കായി അദ്ദേഹത്തിന്റെ ജന്മദിനത്തോടനുബന്ധിച്ച് ആഘോഷിച്ചാരംഭിച്ചതാകുന്നു ഇന്നും ഫാദേഴ്സ് ഡേ എന്ന പേരിൽ ആഘോഷിക്കുന്നത്. 1910 ജൂൺ 19-നാണ് അവൾ തന്റെ പിതാവിനോടുള്ള ആദരവോടെ പിതൃദിനം എന്ന പേരിൽ ആദ്യം ആഘോഷിച്ചതെങ്കിലും പ്രസിഡണ്ട് റിച്ചാർഡ് നിക്സനാണ് നിയമപരമായി ജൂൺ മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച പിതൃദിനമായി പ്രഖ്യാപിച്ചത്.

ഒരു യുദ്ധവീര പടയാളിയായിരുന്ന തന്റെ പിതാവ് അദ്ദേഹത്തിന്റെ ഭാര്യയുടെ അകാലമരണശേഷം തന്നെ ഏല്പിച്ചിട്ടുപോയ ആറു കുഞ്ഞുങ്ങളെ എത്ര ത്യാഗത്തോടും സ്നേഹത്തോടും കൂടെയാണ് പോറ്റിപ്പുലർത്തിയതെന്ന് കണ്ടും അനുഭവിച്ചും അറിഞ്ഞ തന്റെ മകൾ സൊണോറ സ്മാർട്ട് തന്റെ പിതാവിനോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും നന്ദിയുടെയും സൂചനയായി ആരംഭിച്ച പിതൃദിനാഘോഷം ഇന്ന് മിക്ക രാജ്യങ്ങളിലും മാതൃദിനം പോലെ തന്നെ ആദരിക്കുന്നു എന്നതാകുന്നു വാസ്തവം. അമേരിക്കയിലെ ജൂൺ മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ചയാണ് പിതൃദിനം ആഘോഷിക്കുന്നത്. അന്ന് മക്കൾ എല്ലാവരുംകൂടി വന്ന് മധുരപലഹാരങ്ങളും പുഷ്പങ്ങളും കാർഡുകളും വിശിഷ്ട ഭക്ഷണങ്ങളും നല്കി പിതാവിനെ ആദരിക്കുന്നു. മക്കളെ വളർത്തുന്നതിൽ മാതാവിനും പിതാവിനും ഒരുപോലെ പങ്കുണ്ട് എന്നത് വിസ്മരിച്ചുകൂടാ. ഒരു കുടുംബത്തിന്റെ കുടുംബനാഥൻ എന്ന നിലയിൽ പിതാവ് തന്റെ സ്വഭാവത്തിലും പ്രവൃത്തികളിലും മക്കൾക്ക് മാതൃക കാണിച്ചു ജീവിക്കേണ്ടതാകുന്നു. പണ്ടൊക്കെ പിതാക്കന്മാർ-കുടുംബനാഥൻ പുറത്തുപോയി ജോലി ചെയ്തു കുടുംബം പുലർത്തുമ്പോൾ ഭാര്യമാർ വീട്ടിലിരുന്ന് മക്കളെ പ്രസവിച്ച് വളർത്തിയും കുടുംബകാര്യങ്ങളിൽ ശ്രദ്ധിച്ചും മറ്റും മാതൃകാപരമായ കുടുംബങ്ങളായി ജീവിച്ചിരുന്നു. കാലക്രമേണ സാഹചര്യങ്ങളും സംസ്കാരങ്ങളും മറ്റും പുരോഗമിച്ചതോടെ സ്ത്രീകളും പുറത്തുപോയി ജോലി ചെയ്തു കുടുംബം പുലർത്തുന്ന ഒരവസ്ഥയായി മാറി.



ലേഖിക

മാതാ-പിതാ-മക്കൾ ബന്ധം പരിശുദ്ധനും സർവ്വശക്തനുമായ ദൈവത്താൽ സ്ഥാപിതമായ കുടുംബബന്ധമാകുന്നു. പിതാവും മാതാവും മക്കളും അവരവരുടെ ചുമതലകൾ മനസ്സിലാക്കി, അന്യോന്യം സ്നേഹിച്ചും ബഹുമാനിച്ചും ആദരിച്ചും അനുസരിച്ചും ജീവിക്കുമ്പോഴാണ് ഒരു കുടുംബം സന്തുഷ്ട കുടുംബമായി മാറുന്നത്. അതുപോലെതന്നെ കുടുംബഭരണം ഒരു ഭാരിച്ച ഭരണകൂടമാകുന്നു. കുടുംബനാഥൻ എന്ന നിലയിൽ പിതാവിന്റെ ചുമതലകൾ തന്റെ കുടുംബത്തെ ഒരു സന്തുഷ്ട കുടുംബമായി രൂപീകരിച്ച്, പാലിച്ച് ഒരു ശ്രേഷ്ഠകുടുംബമായി നിലനിർത്തുക എന്നതാകുന്നു. അതിൽ വീഴ്ച വരുത്തുവാൻ പാടില്ല. മാതാവും മക്കളും ഒന്നിച്ചുനിന്ന് പിതാവിനെ ഒരു കുടുംബനാഥൻ എന്ന നിലയിൽ സ്നേഹിച്ചും ആദരിച്ചും സഹകരിച്ചും സഹായിക്കേണ്ട ചുമതലയുണ്ട്. മാതാവിന്റെ സ്ഥാനം ഒരു പുണ്യസ്ഥാനമാകുന്നു. ഒരു സ്ത്രീ ഭാര്യയായി, അമ്മയായി. വലിയമ്മയായി മുത്തശ്ശിയായി കുടുംബത്തിന്റെ വിളക്കായി ശോഭിക്കേണ്ടവളാകുന്നു.

ഒരു കുടുംബം മാതൃകാപരമായി പ്രകാശിച്ച് സമൂഹത്തിന്റെ വിളക്കായി തീരുമ്പോഴാണ് ആ സമൂഹം മാതൃകാപരമായ ഒരു സമൂഹമായി, രാജ്യമായി, രാഷ്ട്രമായി തീരുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഒരു രാജ്യത്തിന്റെ ശക്തികേന്ദ്രം ഒരു സന്തുഷ്ട കുടുംബമാകുന്നു എന്നു സാരം. മാതാപിതാക്കളെ അനുസരിച്ചും ആദരിച്ചും സ്നേഹിച്ചും വളരുന്ന മക്കളാണ് സമൂഹത്തിൽ മാതൃകാ സ്ത്രീപുരുഷന്മാരായി വിളങ്ങേണ്ടത്. ഈ ക്രമങ്ങളിൽ വന്നുപോയിട്ടുള്ള മാറ്റങ്ങളും ക്രമക്കേടുകളുമാണ് ഇന്നു നമ്മുടെയൊക്കെ സമൂഹങ്ങളിൽ കാണുന്ന ക്രമക്കേടുകളും സാമൂഹ്യവിരുദ്ധ പ്രവൃത്തികളും. ചുരുക്കിപ്പറഞ്ഞാൽ പിതൃദിനം ആഘോഷിക്കുന്നത് ഇത്തരുണത്തിൽ പിതാക്കന്മാർ തങ്ങളേത്തന്നെ ഒന്നു പരിശോധിക്കുവാനും തങ്ങളുടെ ചുമതലകൾ വിഘ്നം കൂടാതെ ചെയ്യുന്നുണ്ടോ എന്ന് സ്വയം ശോധന ചെയ്യുവാനും ഇടയാകട്ടെ. അതോടൊപ്പം മക്കൾ മാതാപിതാക്കന്മാരെ അനുസരിച്ചും സ്നേഹിച്ചും ജീവിക്കാനിടയാകണം. കുടുംബത്തിന്റെ വിളക്കായി ശോഭിക്കേണ്ട അമ്മമാർ തങ്ങളുടെ വിളക്ക് കെട്ടുപോകാതെ കൂടുതൽ പ്രകാശം പരത്തി ശോഭിക്കുവാനിടയാകണം. അങ്ങനെയുള്ള സന്തുഷ്ട കുടുംബങ്ങൾ പടുത്തുയർത്തുവാൻ നമുക്കോരോരുത്തർക്കും ദൈവം കൃപ ചെയ്യട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാവർക്കും പിതൃദിനാശംസകൾ നേരുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 94.61 |
| യൂറോ | 108.45 |
| സ്റ്റെർലിംഗ്പൗണ്ട് | 125.26 |
| സ്വിസ് ഫ്രാങ്ക് | 117.13 |
| സിംഗപ്പൂർ ഡോളർ | 73.22 |
| കനേഡിയൻ ഡോളർ | 66.79 |
| ഒമാൻ റിയാൽ | 246.12 |
| ബഹ്റൈൻ ദിനാർ | 251.01 |
| സൗദി റിയാൽ | 25.21 |
| യു.എ.ഇ. ദിർഹം | 25.71 |
| കുവൈത്ത് ദിനാർ | 306.50 |

# ജോർജ് മണ്ണിക്കരോട്ട് – ഒരനുസ്മരണം

**സാംസി കൊടുമൺ**

**ജോ**ർജ് മണ്ണിക്കരോട്ടിന്റെ മരണവാർത്ത അപ്രതീക്ഷിതമായിരുന്നു എന്നൊന്നു പറയുന്നില്ല. അതു പ്രതീക്ഷിരുന്നുവെങ്കിലും ആ വാർത്ത കേട്ടപ്പോൾ അനല്പമായ ദുഃഖം തോന്നാതിരുന്നില്ല. കുറെ നാളുകളായി അദ്ദേഹം ചികിത്സയിൽ ആയിരുന്നു. അവസാനമായി അദ്ദേഹത്തെ വിളിക്കുമ്പോൾ ഫോൺ എടുത്തില്ല എന്നു മാത്രമല്ല തിരിച്ചുവിളിയും വന്നില്ല. സാധാരണ ഫോൺ എടുത്തില്ലെങ്കിൽ തിരിച്ചു വിളിക്കുക പതിവായിരുന്നതിനാൽ ഏറെക്കുറെ അദ്ദേഹത്തിന്റെ അവസ്ഥ ഗുരുതരം എന്നു ഞാൻ ഊഹിച്ചിരുന്നു.

ജോർജ് മണ്ണിക്കരോട്ടിനെ പരിചയപ്പെടുന്നത് 2010-നു ശേഷം എന്നു പറയുന്നതാകും ഏറെ ശരി. അദ്ദേഹത്തിന്റെ 'അമേരിക്കൻ മലയാള സാഹിത്യ ചരിത്രം' എന്ന ഗ്രന്ഥം പുറത്തിറങ്ങിയതിനു ശേഷം അദ്ദേഹം ഒരു ദിവസം എന്നെ വിളിക്കുകയും വിചാരവേദിയിൽ അദ്ദേഹത്തിന്റെ സാഹിത്യ ചരിത്രം പ്രകാശനം ചെയ്യണം എന്ന് താല്പര്യപ്പെടുകയും ചെയ്തു. ഞാൻ സമ്മതിച്ചെങ്കിലും പിന്നീട് എന്തെന്നറിയില്ല അദ്ദേഹം എന്നോട് അതിനെപ്പറ്റി ഒന്നും തന്നെ പറയുകയുണ്ടായിട്ടില്ല. അമേരിക്കൻ മലയാള സാഹിത്യ ചരിത്രത്തിന്റെ പേരിലായിരിക്കും ശ്രീ. മണ്ണിക്കരോട്ട് ഓർക്കപ്പെടുക എന്നെനിക്കു തോന്നുന്നു. ആ പുസ്തകത്തിനു വേണ്ടി അദ്ദേഹം അഹോരാത്രം പണിപ്പെട്ടു എന്ന കാര്യം പലപ്പോഴും പറയുകയുണ്ടായിട്ടുണ്ട്. ഓരോ എഴുത്തുകാരേയും രണ്ടും മൂന്നും വട്ടം ബന്ധപ്പെടുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നതിനൊപ്പം, ആനുകാലികങ്ങളിൽ വരുന്ന ഒറ്റപ്പെട്ട ഒന്നോ രണ്ടോ ലേഖനങ്ങൾ എഴുതിയ എഴുത്തുകാരേപ്പോലും അദ്ദേഹം അവഗണിച്ചില്ല എന്ന കാര്യം പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. അതിന്റെ രണ്ടാം പതിപ്പ് അദ്ദേഹം ആധുനിക അമേരിക്കൻ മലയാള സാഹിത്യ ചരിത്രം എന്ന പേരിൽ പുറത്തിറങ്ങുമ്പോൾ പുതിയ എഴുത്തുകാരേയും കൂട്ടിച്ചേർക്കാൻ മറന്നില്ല. ഒരിക്കലും തീരാത്ത ഒരു ജോലി എന്നദ്ദേഹം പലവട്ടം പറഞ്ഞിട്ടുണ്ട്.



എന്റെ 'പ്രവാസികളുടെ ഒന്നാം പുസ്തകം' എന്ന നോവൽ പുറത്തിറങ്ങിയപ്പോൾ ഇവിടെയുള്ള രണ്ടുമൂന്ന് എഴുത്തുകാർക്ക് എന്നോട് കലഹം ഉണ്ടായി. അവരാണ് അമേരിക്കയിൽ ആദ്യമായി നോവൽ പ്രസിദ്ധീകരിച്ചതെന്നു സ്ഥാപിക്കാനായി അവരുടെ കൃതികൾ വീണ്ടും ഈ-മലയാളിയിൽ പ്രസിദ്ധീകരിക്കയുണ്ടായി.

(ശേഷം 28-ാം പേജിൽ)



# മൂന്ന് യുദ്ധക്കപ്പലുകൾ നാവികസേനയ്ക്ക്

കൊൽക്കത്ത: നാവികസേനയ്ക്കു കരുത്തു പകരാൻ മൂന്ന് യുദ്ധക്കപ്പലുകൾ കൂടി. തദ്ദേശീയമായി നിർമിച്ച ഐഎൻഎസ് ദുനാഗിരി, ഐഎൻഎസ് സംശോധക്, ഐഎൻഎസ് അഗ്രയ് എന്നീ കപ്പലുകൾ ഇവിടെ നടന്ന



ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി കമ്മീഷൻ ചെയ്തു. ശക്തമായ സമുദ്രശേഷി ഒരു രാജ്യത്തിന്റെ സാമ്പത്തിക, തന്ത്രപരമായ സ്വാധീനത്തിനു നിർണായക ഘടകമാണെന്നു പ്രധാനമന്ത്രി പറഞ്ഞു.

നാവികസേനയുടെ വാർഷിപ് ഡിസൈൻ ബ്യൂറോയാണ് ഐഎൻഎസ് ദുനാഗിരി രൂപകൽപന ചെയ്തത്. ഐഎൻഎസ് സംശോധക്, ഐഎൻഎസ് അഗ്രയ് എന്നിവയുടെ രൂപകൽപന നടത്തിയത് കൊൽക്കത്തയിലെ ഗാർഡൻ റീച്ച് ഷിപ് ബിൽഡേഴ്സ് ആണ്.

കപ്പലുകളുടെ 75 ശതമാനവും തദ്ദേശീയമായി നിർമിച്ചതാണ്. ഇന്ത്യയിലെ 200-ൽ ഏറെ ചെറുകിട സംരംഭങ്ങൾ നിർമാണത്തിൽ ഭാഗമായതായി പ്രതിരോധ മന്ത്രാലയം വിശദീകരിച്ചു.

നാവികസേനയുടെ പ്രോജക്ട് 17 എ പ്രോഗ്രാമിലെ അഞ്ചാമത്തെ യുദ്ധക്കപ്പലായ ദുനാഗിരി യുദ്ധസാഹചര്യങ്ങളിൽ ആക്രമണശേഷിയുള്ള സ്റ്റെൽത്ത് ഫ്രിഗേറ്റ് വിഭാഗത്തിൽപ്പെട്ടതാണ്. ബ്രഹ്മോസ് സൂപ്പർസോണിക് മിസൈലുകൾ ഉൾപ്പെടുത്തിയിരിക്കുന്ന അത്യാധുനിക ആയുധങ്ങളും സെൻസർ സംവിധാനങ്ങളും ഉൾപ്പെടുന്ന കപ്പലാണിത്. തീരദേശത്തും ആഴക്കടലിലുമുള്ള സർവേ കപ്പലാണ് സംശോധക്. ഇന്ത്യയുടെ ഇത്തരത്തിലുള്ള നാലാമത്തെ കപ്പൽ. ആന്റി സബ്മറൈൻ യുദ്ധക്കപ്പലാണ് അഗ്രയ്.

ഈ മാസം രണ്ട് യുദ്ധക്കപ്പലുകൾ കൂടി കമ്മീഷൻ ചെയ്തേക്കും.

# അവയവക്കടത്ത്: നിർണായക രേഖകൾ ഇഡി കണ്ടെടുത്തു

കൊച്ചി: അവയവക്കടത്ത് കേസിൽ നിർണായക രേഖകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കണ്ടെടുത്തതായി വിവരം. ഇഡി നടത്തിയ പരിശോധനകളിലാണ് വ്യാജരേഖകളും സാമ്പത്തിക ഇടപാടുകളുടെ രേഖകളും അടക്കം കണ്ടെടുത്തത്. അവയവക്കടത്തു സംബന്ധിച്ച കൂടുതൽ വിവരങ്ങളിലേക്കും പ്രതികളുടെ ഇടപാടുകളുടെ വിശദാംശങ്ങളിലേക്കും ഇത് സൂചനയാകും. പ്രതികളുടെ ബാങ്ക് അക്കൗണ്ട്കൾ മരവിപ്പിക്കാനും നീക്കമുണ്ട്.

കൊച്ചിയിലെ സ്വകാര്യ ആശുപത്രികളിലും കോട്ടയത്തെയും തിരുവനന്തപുരത്തെയും ഓരോ ആശുപത്രിയിലും അവയവക്കടത്തിലെ ഇടനിലക്കാരെന്ന് ആരോപിക്കപ്പെടുന്ന കൊല്ലം പുളിയത്തുമുക്ക് ശ്രീജ, സുധീർ എന്നിവരുടെ വീടുകളിലുമാണ് ഇഡി പരിശോധന നടത്തിയത്. അവയവക്കടത്തുമായി ബന്ധപ്പെട്ട് കള്ളപ്പണ ഇടപാടുകൾ നടന്നിട്ടുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. കേസിൽ നേരത്തെ അറസ്റ്റിലായ പ്രതികളെ ചോദ്യം ചെയ്തതിൽ നിന്നും സാമ്പത്തിക ഇടപാടുകളുടെ രേഖകൾ പരിശോധിച്ചതിൽ നിന്നുമാണ് സ്വകാര്യ ആശുപത്രികളിലേക്ക് അന്വേഷണം നീണ്ടത്.

കേസിലെ സൂത്രധാരന്മാരിൽ ഒരാളെന്നു വിശ്വസിക്കപ്പെടുന്ന നജീബിന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് വൻതോതിൽ പണം എത്തിയിട്ടുണ്ടെന്ന് ഇഡി കണ്ടെത്തിയിട്ടുണ്ട്. കൊച്ചിയിൽ റെയ്ഡ് നടന്ന ഒരു പ്രമുഖ സ്വകാര്യ ആശുപത്രിയിൽനിന്ന് നജീബിന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് വലിയ തുക കമ്മീഷനായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് വിവരം.

# തിരുശേഷിപ്പ് വണങ്ങി മാർപാപ്പ



പാവിയ സെന്റ് പീറ്റർ ബസിലിക്കയിൽ വിശുദ്ധ അഗസ്റ്റിന്റെ തിരുശേഷിപ്പിനുമുന്നിൽ പ്രാർത്ഥിക്കുന്ന ലെയോ പതിനാലാമൻ മാർപാപ്പ.

റോം: വേദപാരംഗതനായ വിശുദ്ധ അഗസ്റ്റിന്റെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന വടക്കൻ ഇറ്റലിയിലെ പാവിയയിലുള്ള സെന്റ് പീറ്റർ ബസിലിക്കയിൽ ലെയോ പതിനാലാമൻ മാർപാപ്പ സന്ദർശനം നടത്തി. 722 മുതൽ വിശുദ്ധ അഗസ്റ്റിന്റെ ഭൗതികദേഹം സൂക്ഷിച്ചിരിക്കുന്ന പള്ളിയാണിത്. 504-ൽ അൾജീരിയയിലെ ഹിപ്പോയിൽനിന്ന് ഇറ്റലിയിലെ സാർഡീനിയയിലെ കാലിയാരിയിലേക്കു കൊണ്ടുവന്ന ഭൗതികശരീരം പിന്നീട് പാവിയ ബസിലിക്കയിൽ അടക്കം ചെയ്യുകയായിരുന്നു.

ബസിലിക്കയിലെത്തിയ മാർപാപ്പയെ അഗസ്റ്റീനിയൻ സന്യാസസമൂഹം പ്രിയോർ ജനറൽ ഫാ. ജോസഫ് എൽ. ഫാരെൽ, പ്രൊവിൻഷ്യൽ ഫാ. ഗബ്രിയേൽ പെദിചിനോ എന്നിവർ സ്വീകരിച്ചു. വത്തിക്കാനിൽനിന്നു ഹെലികോപ്റ്ററിലെത്തിയ മാർപാപ്പ ആദ്യം ഇവിടത്തെ കാൻസർ ആശുപത്രിയിൽ രോഗികളെ സന്ദർശിച്ച ശേഷമാണു ബസിലിക്കയിലെത്തിയത്. വിശുദ്ധ അഗസ്റ്റിന്റെ കബറിടത്തിനുമുന്നിൽ പ്രാർഥിച്ച മാർപാപ്പ തുടർന്ന് പള്ളിക്കുള്ളിൽ ബിഷപ്പുമാർ, അഗസ്റ്റീനിയൻ സന്യാസിമാർ, വൈദികർ, വൈദികവിദ്യാർഥികൾ, വിശ്വാസികളുടെ പ്രതിനിധികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. സാന്റ് ആഞ്ചെലോ ലൊജിജിയാനോയിലെ സെന്റ് ആന്റണി ആബട്ട് ആൻഡ് സെന്റ് ഫ്രഞ്ചെസ്ക കാബ്രിനി ഇടവകപ്പള്ളിയും മാർപാപ്പ സന്ദർശിച്ചു.

അഗസ്റ്റിനീയൻ സന്യാസ സമൂഹത്തിന്റെ പ്രിയോർ ജനറൽ എന്നനിലയിൽ പാവിയ ബസിലിക്ക സന്ദർശിച്ചിട്ടുണ്ടെങ്കിലും സാർവത്രികസഭയുടെ അധ്യക്ഷൻ എന്നനിലയിൽ നടത്തുന്ന ആദ്യ സന്ദർശനമാണിത്.

# രഞ്ജിത്തിനെതിരെ കുറ്റപത്രം സമർപ്പിച്ചു

തിരുവനന്തപുരം: ലൈംഗികാതിക്രമക്കേസിൽ സംവിധായകൻ രഞ്ജിത്തിനെതിരെ എറണാകുളം മജിസ്ട്രേറ്റ് കോടതിയിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചു. ഷൂട്ടിങ് ലോക്കേഷനിൽ നടിയെ ലൈംഗികമായി ഉപദ്രവിച്ചെന്നാണ് കേസ്. ലൈംഗികമായി ഉപദ്രവിച്ചെന്നാണ് അതിജീവിതയുടെ പരാതി. കേസിൽ ഡിജിറ്റൽ തെളിവുകളടക്കം അന്വേഷണസംഘം വിശദമായി പരിശോധിച്ചിരുന്നു. കാരവൻ പിടിച്ചെടുത്തും പരിശോധന നടത്തി. കേസിൽ ഇപ്പോൾ രഞ്ജിത്ത് ജാമ്യത്തിലാണ്. നടിയുടെ അഭിനയത്തെ സംവിധായകനെന്ന നിലയിൽ വിമർശിച്ചതിന്റെ വൈരാഗ്യംമൂലമുള്ള വ്യാജപരാതിയെന്നായിരുന്നു ജാമ്യഹർജിയിൽ രഞ്ജിത്തിന്റെ വാദം. എന്നാൽ രഞ്ജിത്ത് സമാനമായകേസിൽ മുമ്പും പ്രതിയായിരുന്നെന്നു പ്രോസിക്യൂഷൻ വാദിച്ചു. അന്വേഷണോദ്യോഗസ്ഥൻ ബിജു ജോൺ ലൂക്കോസാണ് കൊച്ചി സിറ്റി വനിതാപോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 04/2026 കേസിൽ രഞ്ജിത്ത് ബാലകൃഷ്ണൻ എന്ന രഞ്ജിത്തിനെതിരെ കുറ്റപത്രം സമർപ്പിച്ചത്. രഞ്ജിത്തിനെതിരെ സാക്ഷിമൊഴികളും സാഹചര്യത്തെളിവുകളുമുണ്ടെന്ന് കുറ്റപത്രത്തിൽ ചൂണ്ടിക്കാട്ടുന്നു. കൊച്ചി ഡിസിപി അശ്വതി ജിജിയുടെ മേൽനോട്ടത്തിൽ പ്രത്യേകസംഘമാണ് കേസന്വേഷിക്കുന്നത്.

# ഫൊക്കാന കൺവൻഷൻ

(24-ാം പേജിൽനിന്നും)

ഗിന്നസ് റെക്കോർഡ് പരിപാടികളിൽ പങ്കെടുക്കുന്ന കലാകാരന്മാർക്ക് സൗജന്യ പ്രവേശനവും (പ്രോഗ്രാമുള്ള ദിവസം) ഭക്ഷണവും നല്കാൻ ഫൊക്കാന തീരുമാനിച്ചതായും സജിമോൻ ആന്റണി അറിയിച്ചു. നൂറുകണക്കിനു കലാകാരന്മാർ ദൂരെ സ്ഥലങ്ങളിൽ നിന്ന് എത്തുന്നതിനാൽ അവരുടെ പങ്കാളിത്തം സുഗമമാക്കുകയാണ് ലക്ഷ്യമെന്നും അതിനാവശ്യമായ എല്ലാ ലോജിസ്റ്റിക് സംവിധാനങ്ങളും ഒരുക്കിവരുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

കൺവൻഷനിൽ നിന്ന് സാമ്പത്തിക ലാഭമല്ല, മറിച്ച് മലയാളി സമൂഹത്തിന്റെ കൂട്ടായ്മയും സാംസ്കാരിക പൈതൃകവും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയാണ് ഫൊക്കാനയുടെ ലക്ഷ്യം. ഇത്ര വലിയൊരു മാമാങ്കത്തിൽ സ്പോൺസർഷിപ്പ് എടുക്കാൻ സാധിക്കുന്നത് ഒരു സുവർണ്ണാവസരമായിരിക്കുമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.

ചെണ്ടമേളത്തിലൂടെ റെക്കോർഡ് സൃഷ്ടിക്കാൻ ഒരുങ്ങുന്ന കലാകാരന്മാർക്ക് വസ്ത്രം സ്പോൺസർ ചെയ്യുന്ന കോട്ടയം ലക്ഷ്മി സിൽക്സിന്റെ പേര് അദ്ദേഹം എടുത്തു പറഞ്ഞു.

ചരിത്രം സൃഷ്ടിക്കുന്ന കൺവൻഷനിലേക്ക് എല്ലാ മലയാളികളെയും സ്വാഗതം ചെയ്യുന്നതായി ഫൊക്കാന നേതാക്കൾ അറിയിച്ചു.

ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് സജി ഏബ്രഹാം, മുതിർന്ന മാധ്യമപ്രവർത്തകൻ ജോർജ് ജോസഫ്, കൈരളി ടിവിയുടെ ജോസ് കാടാപ്പുറം, ഏഷ്യാനെറ്റ് ന്യൂസിന്റെ ഷിജോ പൗലോസ്, ഫ്ളവേഴ്സ് ടിവിയുടെ ബിനു തോമസ് എന്നിവരും പങ്കെടുത്തു.

പ്രസ്ക്ലബിനുവേണ്ടി ജോസ് കാടാപ്പുറം നന്ദി പറഞ്ഞു.

# ജോർജ് മണ്ണിക്കരോട്ട് – ഒരനുസ്മരണം

(27-ാം പേജിൽനിന്നും)

അതിൽ ഒരാൾ മണ്ണിക്കരോട്ടായിരുന്നു. ആ തെറ്റിധാരണക്ക് കാരണമായതോ 'ഒന്നാം പുസ്തകം' എന്ന ശീർഷകമായിരുന്നു. പിന്നീട് പ്രവാസികളുടെ ഒന്നാം പുസ്തകം എന്നത് പുസ്തകത്തിന്റെ തലക്കെട്ടാണെന്നു തിരിച്ചറിഞ്ഞ് അവർ നല്ല സുഹൃത്തുക്കൾ ആയി. എന്നുമാത്രമല്ല, ആ പുസ്തകത്തെപ്പറ്റി നല്ല ഒരു റിവ്യൂ എഴുതുകയും ചെയ്തു എന്നത് പ്രത്യേകമായി ഓർക്കുന്നു. എന്റെ രചനകൾ കണ്ടാൽ വായിക്കയും വിളിച്ച് അതിനേപ്പറ്റിയുള്ള ആത്മാർത്ഥമായ അഭിപ്രായം പറയുകയും ചെയ്യുക പതിവായി. മാസത്തിൽ ഒരു തവണയെങ്കിലും പരസ്പരം വിളിക്കുകയും അമേരിക്കയിലെ സാഹിത്യ കൃതികളെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചും ഒക്കെ ദീർഘമായി സംസാരിക്കുകയും പതിവായിരുന്നു. അവസാനകാലം വരേയും പുതിയ സാഹിത്യ സംരംഭങ്ങളെക്കുറിച്ച് പറയുമായിരുന്നു. അസുഖവിവരം അറിയാൻവിളിച്ചാലും അവസാനിക്കുന്നത് സാഹിത്യത്തിൽ ആയിരിക്കും. അദ്ദേഹത്തിന്റെ ഹൃദയങ്ങളിൽ സാഹിത്യം അത്രമാത്രം നിറഞ്ഞു നിന്നിരുന്നു.

ഞാൻ ലാനയുടെ സെക്രട്ടറി ആയിരുന്ന സമയത്ത് ന്യൂയോർക്കിൽ നടന്ന പ്രാദേശിക സമ്മേളനത്തിൽ അദ്ദേഹത്തിന് അമേരിക്കൻ മലയാള സാഹിത്യ ചരിത്ര രചയിതാവ് എന്ന നിലയിലുള്ള ആദരവും അവർഡും കൊടുക്കാൻ കഴിഞ്ഞു എന്നുള്ളത് അഭിമാനത്തോടെ ഓർക്കുന്നു. അദ്ദേഹം ചെയ്ത പ്രവൃത്തിയെ ലാന അംഗീകരിച്ചല്ലോ എന്ന സന്തോഷം അദ്ദേഹം പലപ്പോഴും ഞാനുമായി പങ്കുവെച്ചിട്ടുണ്ട്. അദ്ദേഹം പ്രസിഡണ്ടായിട്ടുള്ള മലയാളം സൊസൈറ്റിയുടെ സാഹിത്യ സമ്മേളനത്തിൽ എന്റെ ഒന്നിൽ കൂടുതൽ കഥകൾ അവതരിപ്പിക്കാനായി എന്നെ ക്ഷണിച്ചിട്ടുണ്ടെന്നതും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കട്ടെ.

ജീവിതത്തിന്റെ അവസാനം വരേയും സാഹിത്യത്തെ ചേർത്തുപിടിച്ചു നടന്ന സ്നേഹിതാ വിട- പ്രണാമം!

# വൈപ്പിനിൽ കപ്പലിനു തീപിടിച്ചു

കൊച്ചി: വൈപ്പിനിൽ അറ്റകുറ്റപ്പണിനടക്കുന്ന കപ്പലിനു തീപിടിച്ചു. കാളമുക്കിൽ പ്രവർത്തിക്കുന്ന സ്വകാര്യ കപ്പൽ യാർഡിലാണ് തീപിടുത്തമുണ്ടായത്. സംഭവത്തിൽ ആളപായമില്ല. തീ നിയന്ത്രണ വിധേയമാക്കാനുള്ള ശ്രമം തുടരുകയാണ്. ഇന്ന് പുലർച്ചയോടെയാണ് തീപിടിത്തമുണ്ടായത്.

തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ല. വിവിധ യൂണിറ്റുകളിൽ നിന്നും ഫയർഫോഴ്സ് എത്തിയാണ് രക്ഷാപ്രവർത്തനം പുരോഗമിക്കുന്നത്. യാർഡിന്റെ മറുഭാഗത്തേക്ക് കടക്കാനാകാത്തതിനാൽ ഒരു ഭാഗത്തു മാത്രമാണ് രക്ഷാപ്രവർത്തനം നടക്കുന്നത്.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## രാജു ജോൺ

**മാമ്മൂട്:** മറ്റത്തിൽ രാജു ജോൺ (69) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ: കുഴിമറ്റം വാഴച്ചിറയിൽ സൂസമ്മ. മക്കൾ: ലവീന, നെവിൽ, ബിനിൽ.

**ആർപ്പൂക്കര:** കോട്ടയം എസ്ബിഐ റിട്ട. മാനേജർ ചാവറ സി.എൽ. കുഞ്ഞച്ചൻ (79) അന്തരിച്ചു.

**അതിരമ്പുഴ:** ഗവ. മെഡിക്കൽ കോളജ് റിട്ട. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് മറ്റംഭാഗം പൈമറ്റത്തിൽ പി.എം. ഇക്ബാൽ (66) അന്തരിച്ചു.

**ന്യൂഡൽഹി:** മലങ്കര യാക്കോബായ സഭ ഡൽഹി ഭദ്രാസനത്തിലെ ഡോ. സി.എം. മർക്കോസ് കോച്ചേരിൽ കോർ എപ്പിസ്കോപ്പ (65) അന്തരിച്ചു.

**കോതമംഗലം:** റിട്ട. അദ്ധ്യാപികയും സി.എം.സി. പാവനാത്മാ പ്രോവിൻസ് കോതമംഗലം മഠാംഗവുമായ സിസ്റ്റർ ആഗ്നറ്റ് (എം.പി. സെലിൻ-83) അന്തരിച്ചു.

**കോട്ടയം:** മലയാള മനോരമ മുൻ അസി. എഡിറ്റർ വൈക്കം മധുവിന്റെ ഭാര്യ ചാലുകുന്ന് കിങ്ങിണിയിൽ രാധാമണിയമ്മ (83) അന്തരിച്ചു.

**വാകത്താനം:** കണ്ണൻചിറപ്ലാപ്പറമ്പിലായ തുമ്പത്ത് ജോർജ് വർഗീസ് (78) അന്തരിച്ചു.

**മണർകാട്:** മുണ്ടക്കയം ചിറ്റടി മാറാമ്പടത്തിൽ മറിയാമ്മ വർഗീസ് (87) അന്തരിച്ചു.

## റോസമ്മ ദേവസ്യ

**കിഴപറയാർ:** കാപ്പിൽ പുത്തൻപുരക്കൽ റോസമ്മ ദേവസ്യ (82) അന്തരിച്ചു. കൂട്ടിക്കൽ തുരുത്തിക്കിഴക്കേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ദേവസ്യാച്ചൻ. മക്കൾ: സിസ്റ്റർ ജിൽസി, പരേതയായ ആനി ബാബു (റിട്ട. ടീച്ചർ), ജോസഫ് സെബാസ്റ്റ്യൻ (യുഎസ്), സണ്ണി സെബാസ്റ്റ്യൻ, ഡോളി ജോസ്. മരുമക്കൾ: ബാബു കുന്നത്തേത്ത് പടിഞ്ഞാറ്റിൻകര, ആലീസ് ജോയ് വലിയവീട്ടിൽ ചങ്ങനാശേരി (യുഎസ്), മോളി സണ്ണി കൊള്ളിക്കൊളവിൽ തിടനാട്, ജോസ് കോലോത്ത് പെരിങ്ങുളം.

**കുര്യനാട്:** കൊത്തുമലയിൽ ഏലിയാമ്മ ജോൺ (83) അന്തരിച്ചു.

**കോത്തല:** പുള്ളോലിക്കൽ മറിയാമ്മ (കുഞ്ഞൂഞ്ഞമ്മ-86) അന്തരിച്ചു.

**അയർക്കുന്നം:** നെടുങ്കരിയിൽ നാരായണൻ നായർ (102) അന്തരിച്ചു.

**കിടങ്ങൂർ:** ഗവ. എൽപിബിഎസ് റിട്ട. ടീച്ചർ കാമുണ്ടയിൽ ആനന്ദവല്ലിയമ്മ (89) അന്തരിച്ചു.

**പുതുപ്പള്ളി:** കൊച്ചീപറമ്പിൽ കെ. അനിൽ മാത്യു (അനിയൻ-63) അന്തരിച്ചു.

**കാഞ്ഞിരം:** അറയ്ക്കൽപറമ്പിൽ എ.പി. ജോർജ് (65) അന്തരിച്ചു.

## തോമസ് പണിക്കർ

**നാട്ടകം:** ബിന്ദു നഗർ പണിക്കേഴ്സ് വില്ലയിൽ തോമസ് പണിക്കർ (സലി-73) അന്തരിച്ചു. ഭാര്യ പിറവന്തൂർ വയലിൽ ജയ പി. തോമസ്. മക്കൾ: സജിത (ബെംഗ്ളൂരു), സജന (അമേരിക്ക). മരുമക്കൾ: മുളന്തുരുത്തി ചാലിയിൽ പ്രമോദ്, കാച്ചോരമോഡിവിളയിൽ റോബിൻ അലക്സ്.

## ഏലിയാമ്മ ചാണ്ടി

**കരികുന്നം:** കുന്നത്ത് ഏലിയാമ്മ ചാണ്ടി (76) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.യു. ചാണ്ടി (റിട്ട. എസ്ഐ). മക്കൾ: ജോബി, ജെബി (ഇരുവരും യുകെ), ജൂബി (യുഎസ്). മരുമക്കൾ: മോനിപ്പള്ളി ഊന്നുകല്ലേൽ സിജി ജോബി, കൈപ്പുഴ മണ്ണൂപ്പറമ്പിൽ ജോബി, കുമരകം മരുതച്ചിക്കൽ ജയ്മോൻ (കുമരകം പഞ്ചായത്ത് മുൻ അംഗം).

## ഫിലിപ്പ് ലൂക്കോസ്



**കൈപ്പുഴ:** ചാമക്കാലായിൽ ഫിലിപ്പ് ലൂക്കോസ് (സന്തോഷ്-62) യുഎസിൽ അന്തരിച്ചു. ഭാര്യ പേരൂർ പുലിക്കത്തൊട്ടിയിൽ മേഴ്സി മാത്യു. മകൻ: സ്റ്റീവ് ലൂക്കോസ് (ചിക്കാഗോ). മരുമകൾ: ജെസ്‌ലിൻ (ചിക്കാഗോ).

**പൊൻകുന്നം:** ചിറക്കടവ് എസ്ആർ.വി.എസ് എസ്എസ്വിഎച്ച്എസ് റിട്ട. അദ്ധ്യാപകൻ വടക്കുംഭാഗം ചവനാൽ (രോഹിണി) സി. സുകുമാരൻ നായർ (82) അന്തരിച്ചു.

**നീർപ്പാറ:** എഎസ്എംഐ സെന്റ് ജോസഫ് എറണാകുളം പ്രോവിൻസിന് കീഴിലുള്ള നീർപ്പാറ കോൺവന്റ് അംഗം സിസ്റ്റർ ഉർസുല മേരി (91) അന്തരിച്ചു.

**പാലാ:** റിട്ട. വിങ് കമാൻഡർ വൈപ്പന കെ.വി. ജോർജ് (85) അന്തരിച്ചു.

**പട്ടാഴി:** താഴത്ത വടക്ക് കോടിയാട്ട് സി. ജോൺ (101) അന്തരിച്ചു.

**തിരുവല്ല:** തെങ്ങനാംകുളത്ത് ഹൗസിൽ ടി.വി. വർഗീസ് (94) അന്തരിച്ചു.

**മണർകാട്:** പാടത്തുമാപ്പിള കുടുംബാംഗം ഈരേച്ചേരിൽ കരോട്ട് കെ.കെ. കുര്യാക്കോസ് (തങ്കച്ചൻ-81) അന്തരിച്ചു.

**ചങ്ങനാശേരി:** ചെത്തിപ്പുഴ കൊച്ചുപറമ്പിൽ (കറുകക്കളം) ഇത്തമ്മ തോമസ് (90) അന്തരിച്ചു.

**കണ്ണഞ്ചിറ:** പുന്നച്ചേരി എം.കെ. രേഷ്മമോൾ (27) അന്തരിച്ചു.

## ജോർജ് മാത്യു

**അതിരമ്പുഴ:** പോത്തനാംതടത്തിൽ ജോർജ് മാത്യു (വക്കച്ചൻ-75) യുഎസിൽ അന്തരിച്ചു. ഭാര്യ തെള്ളകം കൊച്ചുപറമ്പിൽ ആഗ്നസ് ജോർജ്. മക്കൾ: നിധിൻ ജോർജ്, നീതു ജോർജ്. മരുമക്കൾ: സ്നേഹ നിതിൻ, ഡോ. അരുൺ തോമസ് (എല്ലാവരും യുഎസ്).

**ഞാറക്കാട്:** റിട്ട. ഹെഡ്മാസ്റ്റർ തെക്കേപ്പുരയ്ക്കൽ (കല്ലറയ്ക്കൽ) ടി.വി. ജോസഫ് (80) അന്തരിച്ചു.

**കോട്ടയം:** എംടിഎൻഎൽ മുൻ ഉദ്യോഗസ്ഥൻ അണ്ണാൻകുന്ന് റോഡ് ചെറുവള്ളിക്കുന്നേൽ സാറാമ്മ കുരുവിള (81) അന്തരിച്ചു.

## അച്ചാമ്മ തോമസ്

**പൂവത്തോട്:** പോർക്കാട്ടിൽ അച്ചാമ്മ തോമസ് (87) അന്തരിച്ചു. പെരിങ്ങുളം കോനൂർ കുടുംബാംഗമാണ്. ഭർത്താവ്: പോർക്കാട്ടിൽ പരേതനായ തൊമ്മച്ചൻ. മക്കൾ: ജോസ് (കാളിയാർ), ജോർജ് (യുഎസ്), കുട്ടിയമ്മ, ലില്ലിക്കുട്ടി, റാണി, ജെയിസമ്മ, മോളി, മിനി, രാജൻ തോമസ്, റെനി തോമസ് (ടീച്ചർ ചെമ്മലമറ്റം എൽഎഫ്എച്ച്എസ്). മരുമക്കൾ: മേരി വിളക്കുന്നേൽ (ചോലത്തടം), ജിൻസി എരമംഗലത്ത് (കോതമംഗലം), മോനച്ചൻ കണ്ണമുണ്ടയിൽ (പാതാംപുഴ), അപ്പച്ചൻ ഇടയാൽ (ചേന്നാട്), ജോസ് കല്ലുപുരയ്ക്കകത്ത് (തീക്കോയി), ജോസുകുട്ടി തുരുത്തിക്കിഴക്കേൽ (കാവാലി), സിബി വരകുകാലായിൽ (പെരിങ്ങുളം), ഡെൽമി കൊല്ലംപറമ്പിൽ (ചേന്നാട്), ജോബി വിളയാനിക്കൽ അരുവിത്തുറ (തിടനാട് സർവീസ് സഹകരണ ബാങ്ക്),

**മന്ദമരുതി:** കുടിയേറ്റകർഷകൻ പെരുവന്താനം കണിയങ്കവയൽ കൊയിനാട് കൊക്കാട്ടു കണ്ടത്തിൽ കെ.കെ. ഭാർഗവൻ (98) അന്തരിച്ചു.

**കടപ്പൂർ:** ചെന്നൈ മൈലാപ്പൂർ രൂപതാംഗമായ ഫാ. പോൾ മൂശാരിയേട്ട് (85) അന്തരിച്ചു.

**പാമ്പാടി:** പനന്തോട്ടത്തിലായ മണലുമാക്കൽ വർഗീസ് വർഗീസ് (പാപ്പച്ചൻ-103) അന്തരിച്ചു.

**തെള്ളകം:** കാരിത്താസ് മുൻ സ്റ്റാഫ് പന്തനാനിയിൽ ഫിലോമിന മാത്യു (67) അന്തരിച്ചു.

**തൊടുപുഴ:** ആരാധനാമഠം കോതമംഗലം പ്രോവിൻസ് ചേർത്തല മരുത്തോർവട്ടം പഞ്ചിക്കാരൻ മൂലയിൽ സിസ്റ്റർ സെലിൻ (80) അന്തരിച്ചു.

**തടിയൂർ;** പറമ്പിൽ മേമ്മുറിയിൽ സിസിലി ജോസഫ് (87) അന്തരിച്ചു.

**കുമരകം:** മരുതുപ്പറമ്പിൽ എം.കെ. പുരുഷോത്തമൻ (96) അന്തരിച്ചു.

**കുമ്മനം:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ വാഴൂർ കിഴക്കേ ഇല്ലത്ത് കെ.എൻ. നീലകണ്ഠൻ ഇളയത് (90) അന്തരിച്ചു.

## ലീലാമ്മ പറമ്പുകാട്ടിൽ



**ചിക്കാഗോ:** ചിക്കാഗോ സീറോമലബാർ രൂപതയുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഫാ. ജേക്കബ് ക്രിസ്റ്റി പറമ്പുകാട്ടിലിന്റെ മാതാവ് ലീലാമ്മ പറമ്പുകാട്ടിൽ (86) അന്തരിച്ചു.

**വടക്കഞ്ചേരി:** കുടിയേറ്റ കർഷകൻ കണക്കൻതുരുത്തി പല്ലാറോഡ് അഴിക്കണ്ണിക്കൽ വീട്ടിൽ എ.ജെ. അഗസ്റ്റിൻ (90) അന്തരിച്ചു.

**ചിങ്ങവനം:** കുഴിമറ്റം ചിറയിൽ മാക്കോന്ത്ര മറിയാമ്മ സ്കറിയ (കുഞ്ഞുമോൾ-80) അന്തരിച്ചു.

**ഇത്തിത്താനം:** ചങ്ങനാശേരി സിഎംസി ഹോളി ക്വീൻസ് പ്രോവിൻസിലെ ഇത്തിത്താനം ലിസ്യു കാർമൽ മഠാംഗം സിസ്റ്റർ കനീഷ്യ (ത്രേസ്യാമ്മ-80)) അന്തരിച്ചു.

**ചങ്ങനാശേരി:** ചീരഞ്ചിറ തുരുത്തിമറ്റം ട്രീസ ചെറിയാൻ (റബർ ബോർഡ് പുതുപ്പള്ളി റിട്ട.) (61) അന്തരിച്ചു.

**മീനച്ചിൽ:** വട്ടമല വി.എം. ഏബ്രഹാം (അപ്പച്ചൻ-79) അന്തരിച്ചു.

## ഗ്രേസ് ജോസ്

**കളത്തിൽപടി:** സിൻഡിക്കേറ്റ് ബാങ്ക് റിട്ട. ഡെപ്യൂട്ടി മാനേജർ നെസ്റ്റ് ഓർക്കിഡ് പാർക്ക് അപ്പാർട്ട്മെന്റിൽ ഗ്രേസ് ജോസ് (80) അന്തരിച്ചു. കൊഴുവനാൽ തെക്കേക്കുറ്റ് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ് മാടപ്പള്ളി (റിട്ട. പ്രഫ. എസ്.ബി. കോളജ് ചങ്ങനാശേരി). മക്കൾ: ആൻസൻ (ന്യൂഡൽഹി), ആൽബിൻ (യുഎസ്). മരുമക്കൾ: സവിത (ബെംഗ്ളൂരു), ദീപ (യുഎസ്).

**വാഴത്തോപ്പ്:** എള്ളിൽ ഏലിക്കുട്ടി (86) അന്തരിച്ചു.

**കല്ലൂപ്പാറ:** അമ്പാട്ടുഭാഗം കൊച്ചുപറമ്പിൽ ദേവകിയമ്മ (96) അന്തരിച്ചു.

**പാമ്പാടി:** എംജിഎം ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക നെല്ലിക്കൽ പി.ടി. റെയ്ച്ചൽ (തങ്കമ്മ-96) അന്തരിച്ചു.

**പാലാ:** കൂടല്ലൂർ ആരാധനാമഠാംഗമായ സിസ്റ്റർ തെരേസ് കണ്ടനാട്ട് (76) അന്തരിച്ചു.

**ചങ്ങനാശേരി:** തൃക്കൊടിത്താനം പതാരംചിറ മറിയക്കുട്ടി കുര്യാക്കോസ് (91) അന്തരിച്ചു.

**കുഴിമറ്റം:** കൈതാരം സുകുമാരിയമ്മ (64) അന്തരിച്ചു.

## തങ്കമ്മ ശിവരാമൻ

**രാമപുരം:** മേതിരി വെളുത്തേടത്തുകര (ആലപ്പാട്ട്) തങ്കമ്മ ശിവരാമൻ (85) അന്തരിച്ചു. മക്കൾ: സുമം, പരേതനായ വിജയൻ, ജയലളിത (റിട്ട. അദ്ധ്യാപിക, രാമചന്ദ്രൻ (റിട്ട. സ്പെഷ്യൽ ബ്രാഞ്ച് എസ്ഐ), ബിന്ദു (ഡൽഹി), ഹരി (യുഎസ്). മരുമക്കൾ: രാഘവൻ നായർ, അംബിക, ഉണ്ണികൃഷ്ണൻ, പ്രിയ, കൃഷ്ണകുമാർ, സുനിത.

**പള്ളം:** കണ്ണംപുറത്ത് നെടുംപറമ്പിൽ കോട്ടയം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് റിട്ട. മാനേജർ മേരി ഏബ്രഹാം (മേരിക്കുട്ടി-75) അന്തരിച്ചു.

**എസ്.എൻ.പുരം:** പുതുപ്പറമ്പിലായ കരിമ്പിച്ചിറയിൽ അമയന്നൂർ ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ കെ.കെ. ചാക്കോ (ബേബി-85) അന്തരിച്ചു.

**കണ്ണൂർ:** അമലോത്ഭവ മാതാവിന്റെ ഉറുസുലൈൻ സന്യാസിനി സഭാംഗം സിസ്റ്റർ ജൂഡി ഫ്രാൻസിസ് (90) അന്തരിച്ചു.

## ഡോ. ജോസ് കോശി

**അടൂർ:** കുരമ്പാല ആലുമ്മൂട്ടിൽ ഗ്രേസ് വില്ലയിൽ ഡോ. ജോസ് കോശി (67) അന്തരിച്ചു. ഭാര്യ പുതുപ്പള്ളി വഴിപ്പറമ്പിൽ പ്രഫ. അനിത തോമസ് (മുൻ പ്രിൻസിപ്പൽ സെ. സിറിൾസ് കോളജ് അടൂർ). മക്കൾ: ഐറിൻ, സെറിൻ. മരുമക്കൾ: കൊച്ചി മുഴുവന്നൂർ കഴിക്കാംപാറയിൽ അരുൺ (കാനഡ), തുമ്പമൺ മാലേത്ത് ജെറിൻ (ഡാളസ്).

**കുമ്മനം:** കോട്ടയം മെഡിക്കൽ കോളജ് റിട്ട. നേഴ്സിങ് സൂപ്രണ്ട് പുളിമൂട്ടിൽ മേരി വർഗീസ് (മേരിക്കുട്ടി-90) അന്തരിച്ചു.

**ഏറ്റുമാനൂർ:** ചൂരക്കുളങ്ങര ഐക്കരയിൽ കെ.ആർ. ശശിധരൻ നായർ (81) അന്തരിച്ചു.

**ഇളംകാട്:** ഇന്ത്യൻ എയർ ഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ മുക്കുളം താഴെ നെല്ലോല പൊയ്കയിൽ എൻ.ജെ. അഗസ്റ്റിൻ (80) അന്തരിച്ചു.

**മാമംഗലം:** കിഴക്കമ്പലം സെ. ജോസഫ്സ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക തപസ്യ നഗർ നെടുങ്കല്ലേൽ ചിന്നമ്മ ജോസഫ് (91) അന്തരിച്ചു.

**മാടപ്പള്ളി:** കൊരണ്ടിത്തറ മേരിക്കുട്ടി ഫിലിപ്പ് (75) അന്തരിച്ചു.

**കുറവിലങ്ങാട്:** കോയിക്കൽ ഓരത്ത് കെ.ജെ. ജോസഫ് (കുട്ടപ്പൻ-86) അന്തരിച്ചു.

**റാന്നി:** മന്ദിരം ലക്ഷ്മിഭവൻ കൊട്ടാരത്തിൽ കാലായിൽ എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ പി.എൻ. സുകുമാരൻ നായർ (മണി-83) അന്തരിച്ചു.

വൈക്കം: വടയാർ ചോലങ്കേരിൽ ലീന ജോളി (56) അന്തരിച്ചു.

**ഇരവിനല്ലൂർ:** കൊച്ചാലുമൂട് കരിമ്പന്നൂരായ കളങ്ങര അന്നമ്മ ഈശോ (തങ്കമ്മ-90) അന്തരിച്ചു.

## വി.ടി. ജേക്കബ്

**പെരുമ്പാവൂർ:** റിട്ട. പഞ്ചായത്ത് ഓഫീസർ (പീരുമേട്) ഇരിങ്ങോൾ വരമ്പത്ത് വി.ടി. ജേക്കബ് (തങ്കച്ചൻ-86) അന്തരിച്ചു. ഭാര്യ ഐമുറി കാഞ്ഞിരത്തിങ്കൽ അന്നമ്മ. മക്കൾ: റിനി മാത്യു (യുഎസ്), റിജി ജേക്കബ്. മരുമക്കൾ: തോമസ് മാത്യു (യുഎസ്) ഡെബി ലിൻഡ.

## ഏലിയാമ്മ ഈപ്പൻ

**വിഴിക്കത്തോട്:** പുറത്തയിൽ ഏലിയാമ്മ ഈപ്പൻ (95) അന്തരിച്ചു. പാലമ്പ്ര വേലിക്കകത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എസ്. ഈപ്പൻ. മക്കൾ: പി.ഇ. സ്കറിയ, മെറീന ജോസ്, വത്സമ്മ തോമസ് (യുഎസ്), സിസമ്മ ചെറിയാൻ, പരേതനായ ജെയിംസുകുട്ടി. മരുമക്കൾ: വിത്സമ്മ സ്കറിയ കുറ്റുവേലിൽ കൊരട്ടി, പരേതനായ ജോസുകുട്ടി വരിക്കമുണ്ടയിൽ ആനിക്കാട്, തോമാച്ചൻ പൂവക്കുളത്ത് കൊഴുവനാൽ (യുഎസ്), കുഞ്ചെറിയ അരീക്കുന്നേൽ പൊൻകുന്നം.

**ഇരവിമംഗലം:** മുംബൈ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ആൻ സഭാംഗം സിസ്റ്റർ തെരേസാ മാഞ്ഞൂരാൻ (തെയ്യാമ്മ-94) അന്തരിച്ചു.

## തോമസ് വർഗീസ്

**ആലുവ:** യുസി കോളജ് ഡോക്ടേഴ്സ് ലെയിനിൽ വയലിപ്പറമ്പിൽ തോമസ് വർഗീസ് (കൊച്ചുമോൻ-72) അന്തരിച്ചു. ഭാര്യ കാക്കനാട് പനയ്ക്കലോടിയിൽ ബീന. മക്കൾ: ആഷിഷ് തോമസ്, രോഹിത് തോമസ് (ഇരുവരും യുഎസ്), മരുമക്കൾ: മൂവാറ്റുപുഴ കൊട്ടരത്തിൽ മറിയ, അങ്കമാലി തേലപ്പിള്ളിൽ രേഷ്മ.

**ചങ്ങനാശേരി:** വിദേശകാര്യ മന്ത്രാലയം റിട്ട. ഉദ്യോഗസ്ഥൻ (ജനീവ) ചെമ്പ്ലായിൽ ജോസഫ് മാത്യു (76) അന്തരിച്ചു.

**ഇലന്തൂർ:** കോഴഞ്ചേരി സെന്റ് തോമസ് കോളജ് റിട്ട. പ്രഫസർ ദീപ്തി വില്ലയിൽ ജെ. ജോൺസൺ (82) അന്തരിച്ചു.

**അടിമാലി:** പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് റിട്ട. ഓവർസീയർ ഇരുനൂറേക്കർ പാസ്റ്റർ പി.വി. ദേവസ്യ (82) അന്തരിച്ചു.

**പൊൻകുന്നം:** മൈസൂർ സഹലേഷ്പുർ നെറ്റർലി കോഫി എസ്റ്റേറ്റ് ഉടമ പുതുമന ജോൺ ടി. പുതുമന (95) അന്തരിച്ചു.

**വാകത്താനം:** മംഗലപ്പള്ളിയിലായ പുന്നശ്ശേരിൽ സാറാമ്മ ജോർജ് (ആലീസ്കുട്ടി-73) അന്തരിച്ചു.

**തിടനാട്:** വെള്ളുക്കുന്നേൽ കല്ലങ്കാട്ട് മേരി ജോർജ് (85) അന്തരിച്ചു.

**ആമ്പല്ലൂർ:** കോൺഗ്രസ് മുളന്തുരുത്തി ബ്ലോക്ക് ജനറൽ സെക്രട്ടറി ചെറുതോട്ടിൽ സി.വി. ബെന്നി (58) അന്തരിച്ചു.

# വീടും സ്ഥലവും വില്പനയ്ക്ക്

തിരുവനന്തപുരം പട്ടം എൽഐസി ഓഫീസിന് സമീപം ലക്ഷ്മി നഗറിൽ അഞ്ചു സെന്റ് സ്ഥലത്ത് 2600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉള്ള എല്ലാവിധ സൗകര്യമുള്ള രണ്ടുനില വീട്, നാല് ബെഡ്റൂം, നാല് ബാത്ത്റൂം, ലിവിങ് റൂം, കിച്ചൻ ഡൈനിങ് റൂം, എന്റർടൈൻമെന്റ് റൂം, ബാൽക്കണി, 2 കാറിടത്തക്ക രീതിയിലുള്ള ഗ്യാരേജ്, 3 മുറികൾ എയർ കണ്ടീഷൻ ചെയ്ത വീടാണ്. അലൂമിനിയം ഷീറ്റ് റൂഫിലുണ്ട് ഫർണിച്ചർ സഹിതം ആണ് വിൽക്കുന്നത്. ആവശ്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Mob: 91 999 544 8337**

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, Atlanta*

**Visit Our Website: www.keralaexpress.com for Classified Advt.**

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**


**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**


***Part transaction can be arranged in foreign currency.***

## ഉപകാരസ്മരണ




*Inserted by: Firm Believer, New York*

## ഉപകാരസ്മരണ




*Inserted by: Firm Believer, New York*

## *Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Chicago*

## *Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



## ഉപകാരസ്മരണ







# 'ബാലൻ – ദി ബോയ്' സിനിമയുടെ ക്യാമറയ്ക്ക് പിന്നിലെ കഥ

# സംവിധായകൻ ചിദംബരം സംസാരിക്കുന്നു



ഒരു കൊച്ചു ഫീൽ ഗുഡ് ചിത്രമെന്നു തോന്നിപ്പിച്ച ഫസ്റ്റ്ലുക്ക് പോസ്റ്റർ. കഥയിലും കഥപറച്ചിലിലും ഞെട്ടിക്കൽ ചേരുവകളുണ്ടെന്നു തിരുത്തിയെഴുതി ട്രെയിലർ. 88 വർഷം മുമ്പ് ആദ്യ മലയാളം ശബ്ദസിനിമയെന്നു ചരിത്രമെഴുതിയ 'ബാലനു'ശേഷം മറ്റൊരു 'ബാലന്റെ' വരവായി; ജിത്തു മാധവന്റെ രചനയിൽ ചിദംബരം സംവിധാനം ചെയ്ത 'ബാലൻ – ദി ബോയ്' രോമാഞ്ചത്തിനും ആവേശത്തിനും ശേഷം ജിത്തുവിന്റെ രചന. 'ജാൻ എ



മനി'നും 'മഞ്ഞുമ്മൽ ബോയ്സി'നും ശേഷം ചിദംബരത്തിന്റെ സംവിധാനം. ഒരമ്മയുടെയും മകന്റെയും നിഗൂഢയാത്രകളിലേക്ക് കാമറ തിരിച്ച 'ബാലൻ – ദി ബോയ്' 19–നു തിയറ്ററുകളിലെത്തി. ചിദംബരം സാസാരിക്കുന്നു.

ബാലൻ, മഞ്ഞുമ്മലിനുശേഷം സംവിധാനം ചെയ്യുന്ന ചിത്രമായത് എങ്ങനെയെന്നാൽ 'മഞ്ഞുമ്മൽ ബോയ്സി'നുശേഷം ധാരാളം അവസരങ്ങൾ വന്നു. ഏതാണു ചെയ്യേണ്ടതെന്നു കൺഫ്യൂഷനായി. ലോക്കായ പ്രോജക്ടുകളൊക്കെ വലുതും ഏറെ സമയമെടുക്കുന്നവയുമായിരുന്നു. 'ഒരു ദുരൂഹസാഹചര്യത്തിൽ' അഭിനയിക്കുമ്പോഴാണ് സുഹൃത്തും നടനുമായ സജിൻഗോപു, ജിത്തു മാധവന്റെ പക്കൽ കഥയുണ്ടാകുമെന്ന് എന്നോടു പറഞ്ഞത്. അങ്ങനെ ജിത്തു പറഞ്ഞ കഥ എനിക്കിഷ്ടമായി. അങ്ങനെ മുൻകൂട്ടി പ്ലാൻ ചെയ്യാതെയുണ്ടായ സിനിമയാണിത്.

'ബാലൻ – ദി ബോയ്' പറയുന്നത് ഒരമ്മയുടെയും മകന്റെയും കഥയാണ്. അവരുടെ യാത്രയാണ്. ഇമോഷണൽ ഡ്രാമയാണ്. ട്രെയിലറിൽ കണ്ടതുപോലെ ചെറിയൊരു ത്രില്ലറാണ്. സ്‌ളോ ബേൺ ത്രില്ലർ. വലിയ വയലൻസൊന്നുമില്ല. അമ്മയും മകനും തമ്മിലുള്ള ബന്ധവും അവരുടെ കൊച്ചുകൊച്ചു കള്ളത്തരങ്ങളുമൊക്കെയാണ് ഇതിന്റെ കഥവഴി. മകന്റെ കുറേ ചോദ്യങ്ങളും അമ്മയുടെ മറുപടികളും. അവർ തമ്മിലുള്ള സംഭാഷണം തന്നെയാണു കഥ.

കഥയിൽ ആകർഷകമായി തോന്നിയത് ഇതിന്റെ മൊത്തത്തിലുള്ള പശ്ചാത്തലം തന്നെയാണ്. അമ്മയും മകനും കടന്നുവന്ന വഴികൾ ഏറെ കൗതുകകരമായ ഒരു പശ്ചാത്തലമാണ്. കുറേക്കാലം അതു ഫ്രഷായിരിക്കും. സംവിധായകനെന്ന രീതിയിൽ അങ്ങനെയുള്ള ഒരു സ്പേസ് ഷൂട്ട് ചെയ്യുന്നത് രസകരമായിരിക്കുമെന്നും തോന്നി. യഥാർത്ഥ സംഭവത്തിൽനിന്നാണോ ഈ സിനിമയെന്നു ചോദിച്ചാൽ ഇങ്ങനെയുള്ള അമ്മയും മക്കളും അസാധാരണമല്ല. കേരളത്തിലെ ജയിൽ സിസ്റ്റത്തിൽ ധാരാളമുണ്ട്. നമ്മുടെ സമൂഹത്തിലും പത്രവാർത്തകളിലുമൊക്കെ ഇത്തരം കേസുകൾ കാണാനാകും. പക്ഷേ, ഈ കഥ പൂർണമായും സാങ്കല്പികമാണ്.

ടൈറ്റിലിനു പിന്നിലുള്ളത് കഥയെല്ലാം കേട്ടപ്പോൾ ഇതൊരു ബാലന്റെ കഥയാണല്ലോ, ബാലൻ എന്നു തന്നെയാവാം ടൈറ്റിൽ എന്നു തോന്നി. ആൾക്കാർക്ക് ഓർമയുള്ളതും എല്ലാവരുടെയും മനസിലുള്ളതുമായ ഒരു ടൈറ്റി




ലാണ്. പ്രേക്ഷകരിലേക്ക് എത്താൻ എളുപ്പമായിരിക്കുമെന്നു തോന്നി. ആദ്യ ശബ്ദ സിനിമ ബാലനുള്ള ഒരു ആദരം എന്ന നിലയിലും കാണാം.

ഈ സിനിമയിൽ അമ്മയായി വേഷമിട്ടത് ഫർസാന പാലത്തിങ്കലാണ്. പരസ്യങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. മുംബൈ ബേസ്ഡ് മലയാളിയാണ്. അവരുടെ ആദ്യ സിനിമയാണ്. പക്ഷേ, പെർഫോമൻസിൽ അവരുടെ ആദ്യത്തെ പടമെന്ന് ആരും പറയില്ല. എഴുന്നൂറോളം ആക്ടേഴ്സിനെ ഓഡിഷൻ ചെയ്താണ് കാസ്റ്റിംഗ് ഡയറക്ടർ ഗണപതി ഫർസാനയിലേക്ക് എത്തിയത്. ഓഡിഷനിൽ നമ്മൾ കൊടുത്ത സീൻ ഫർസാന ഏറെ ഭംഗിയായി ചെയ്തു. ആ കഥാപാത്രത്തിനു പുതിയൊരാൾ വേണമെന്നുണ്ടായിരുന്നു. കാരണം, സിനിമയ്ക്കും ആ മുഖത്തിനും ഒരു പ്രവചനസ്വഭാവം പാടില്ലെന്നുണ്ടായിരുന്നു.

ബാലനായി വേഷമിട്ടത് ആലപ്പുഴക്കാരൻ ആദിശേഷനാണ്. പത്തു ദിവസം കേരളത്തിലങ്ങോളമിങ്ങോളം കുറേ സ്കൂളുകളിൽ കയറിയിറങ്ങി, പല ഗ്രാമങ്ങളിൽ പോയി, അങ്ങനെ പണിയെടുത്തു കണ്ടെടുത്തതാണ്. ആദിയുടെ ആദ്യ ചിത്രമാണ്. നല്ല ആക്ടറാണ്. പ്രായത്തിൽ കവിഞ്ഞ പക്വതയുള്ള, കാര്യങ്ങളും കോൺസപ്റ്റുമൊക്കെ പറഞ്ഞാൽ മനസിലാക്കുന്ന ഒരു കുട്ടി.

ഞാൻ പണ്ടേ അറിയുന്ന ഏറെ സീനിയർ, അടിപൊളി ആർട്ടിസ്റ്റാണു ബീന ആന്റണി. ഇതിലെ ഒരു കഥാപാത്രത്തിനുവേണ്ടി ആളുകൾക്ക് അറിയുന്നതും എന്നാൽ ഫ്രഷായതുമായ ഒരു മുഖം നോക്കി. അങ്ങനെയാണ് ബീനാ ആന്റണി വീണ്ടും പ്രധാന വേഷത്തിലേക്ക് എത്തിയത്.

കാസ്റ്റിംഗിൽ ഫ്രഷ്നെസ് വേണമെന്ന് ഉറപ്പിക്കാൻ കാരണം അപ്പോഴാണ് ഈ കഥയ്ക്കു കുറച്ചുകൂടി പ്രവചനാതീത സ്വഭാവം ഉണ്ടാവുക. സംവിധായകൻ ഗിരീഷ് എ.ഡി. പോലീസ് വേഷത്തിലെത്തുന്നു. കഥാപാത്രവുമായി റിലേറ്റബിലിറ്റിയുള്ള പുതിയ ആളുകളെ നോക്കി. അങ്ങനെ കണ്ടുപിടിച്ചതാണ് ഗിരീഷിനെ. നടൻ ലാലിന്റെ മകൻ ജീൻ പോൾ ലാലിനും പോലീസ് വേഷമാണ്. മുഹമ്മദ് സിനാനും ഒരു പ്രധാന വേഷത്തിൽ അഭിനയിക്കുന്നു.

ട്രെയിലറിൽ അവിടവിടെ ടൊവിനോ മിന്നിമറയുന്നുണ്ട്, പ്രധാന വേഷമാണോ എന്നു ചോദിച്ചാൽ ട്രെയിലറിൽ കാണിച്ചതിന്റെ അത്രയുമേ ഇപ്പോൾ പറയാനാവുകയുള്ളൂ. ബാക്കിയെല്ലാം സിനിമയിൽക്കൂടി ആളുകൾ കാണണമെന്നാണ് ആഗ്രഹം.

ഷൂട്ടിംഗ് അനുഭവങ്ങളിലൂടെ പോയാൽ കഥാപരമായി പല നാടുകളിലൂടെയുള്ള സഞ്ചാരമുണ്ട്. അങ്ങനെ കേരളത്തിലെ പല ജില്ലകളിലും ഷൂട്ട് ചെയ്തിട്ടുണ്ട്. പക്ഷേ, ഭൂരിഭാഗവും വയനാട്, തിരുനെല്ലി ഭാഗത്താണ്. വലിയ മരങ്ങളും മറ്റുമുള്ള പ്രകൃതിദൃശ്യ സമ്പന്നമായ, മനോഹാരിതയുള്ള സ്ഥലമാണ്.

ഇതു സിനിമയാക്കിയപ്പോൾ നേരിട്ട വെല്ലുവിളി എന്തെന്നാൽ ഇമോഷണൽ ഡ്രാമയാണല്ലോ. ഇമോഷനും ആളുകൾ തമ്മിലുള്ള റിലേഷൻഷിപ്പും... അതു കാണിക്കുക എന്നതായിരുന്നു ശ്രമകരമായ ദൗത്യം. മഞ്ഞുമ്മലിൽ ഗുണ കേവ് എന്നു പറയുമ്പോൾ കിട്ടുന്ന ഒരു വലുപ്പമുണ്ടല്ലോ. പക്ഷേ, ഇതിൽ ആളുകളുടെ മുഖത്താണല്ലോ എല്ലാം. ഇതു വളരെ പേഴ്സണലായ ഒരു സിനിമയാണ്. അഭിനേതാക്കളുടെ ആക്ടിംഗ് എടുക്കുകയും അതു വിശ്വാസ്യമായി പ്രേക്ഷകരിലേക്ക് എത്തിക്കുകയും വേണമല്ലോ. ഫർസാന ഉൾപ്പെടെ എല്ലാ നടീനടന്മാരിൽനിന്നും നല്ല പെർഫോമൻസുണ്ടായി.

സിങ്ക്സൗണ്ട് ഷൂട്ടിംഗ് സൗകര്യപ്രദമാണോ എന്നു ചോദിച്ചാൽ വയനാട് വലിയ ബഹളവും മറ്റുമില്ലാത്ത സ്ഥലമായതിനാൽ സിങ്ക്സൗണ്ടിൽ ഷൂട്ടിംഗ് വളരെ എളുപ്പമാണ്. ഈ പടത്തിൽ മിക്കവരും പുതിയ ആളുകളായതിനാൽ അവർ ഷൂട്ടിംഗ് സമയത്തു പെർഫോം ചെയ്യുന്നത് അപ്പോൾത്തന്നെ ഒപ്പിയെടുക്കുകയാണ്. പിന്നീട് അവരെ ഡബ്ബിംഗിലേക്കു കൊണ്ടുവന്നാൽ അതുപോലെ കിട്ടിയെന്നുവരില്ല. ഷിജിൻ, അഭിഷേക്, വൈശാഖ്... മഞ്ഞുമ്മലിന്റെ അതേ ടീം തന്നെയാണ് സിങ്ക്സൗണ്ട് ചെയ്തത്.

ടെക്നിക്കൽ വിഭാഗത്തിലും മഞ്ഞുമ്മൽ ടീം തന്നെ. ഷൈജു ഖാലിദ്, സുഷിൻ ശ്യാം, വിവേക് ഹർഷൻ, അജയൻ ചാലിശ്ശേരി... കോസ്റ്റ്യൂമിലൊഴികെ മഞ്ഞുമ്മൽ ടീം തന്നെ ഇതിലും. സിനിമ വലുതാണെങ്കിലും ചെറുതാണെങ്കിലും എല്ലാ ഫ്രെയിമിലും പ്രൊഡക്ഷൻ ഡിസൈനറുടെയും കയ്യുണ്ടാവും. സാധാരണ മുറിയോ കടയോ കാണിക്കുന്ന സീനിൽ പോലും അതിന്റെ കൃത്യമായ കളറുകളും അതിന്റെ അടുക്കിവയ്ക്കലുമെല്ലാം ആ കൈകളിലാണ്.

ഇതിൽ സുഷിൻ മ്യൂസിക് ചെയ്ത മൂന്നു പാട്ടുകളുണ്ട്. ഇമോഷണൽ ഡ്രാമയായതുകൊണ്ടുതന്നെ ഇമോഷനുകളെ സപ്പോർട്ട് ചെയ്യുക, ആളുകളെ ആ തലത്തിലേക്ക് എത്തിക്കുക... അതിലൊക്കെ സുഷിന്റെ ബാക്ക് ഗ്രൗണ്ട് സ്കോർ പ്രധാനമാണ്.

ബാലൻ കാൻസിൽ എത്തിയത് എങ്ങനെയെന്നാൽ കാൻസിൽ മത്സരവിഭാഗത്തിലായിരുന്നില്ല, അവിടെ ഫിലിം മാർക്കറ്റിൽ. വിവിധ സിനിമാ മാർക്കറ്റുകൾ, ഡിസ്ട്രിബ്യൂട്ടേഴ്സ്... വിവിധ നാടുകളിൽനിന്നും സംസ്കാരങ്ങളിൽ നിന്നുമെത്തിയവർ നമ്മുടെ പടംകണ്ട് എങ്ങനെ പ്രതികരിക്കുന്നുവെന്നതു നേരിട്ടു കാണാനായി. വിവിധ ഫെസ്റ്റിവലുകളിലേക്കു ക്ഷണം, പല നാടുകളിൽ ഡിസ്ട്രിബ്യൂഷൻ... അത്തരം ഗുണങ്ങളുണ്ടായി.




## ലർക്ക് ജൂലൈ 24–ന് തിയറ്ററുകളിൽ

കേരളാ ടാക്കീസിന്റെ ബാനറിൽ എം.എ. നിഷാദ് രചനയും സംവിധാനവും നിർവഹിക്കുന്ന ലർക്ക് ജൂലൈ 24-ന് തിയറ്ററുകളിലെത്തുന്നു. സൈജു കുറുപ്പ്, അജു വർഗീസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എം.എ. നിഷാദ് സംവിധാനം ചെയ്ത ലർക്ക് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റുകളിൽ തെരഞ്ഞെടുക്കപ്പെടുകയും നിരവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുമുണ്ട്.

എലൈറ്റ് ഗ്രൂപ്പ് ഓഫ് കമ്പനീസ്, ബ്രിക്ക് സ്ട്രീറ്റ് ആൻഡ് കോ, സെൻസ് അഡ്വഞ്ചർ ടൂർസ്, അരുൺ കുമാർ ടി.വി, മനോജ് രത്നാകരൻ എന്നിവരാണ് കേരള ടാക്കിസിന്റെ ബാനറിൽ നിർമിക്കുന്ന ഈ ചിത്രത്തിന്റെ സഹ നിർമാതാക്കൾ. ആർ. ഹരികുമാർ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ ടി.ജി. രവി, പ്രശാന്ത് അലക്സാണ്ടർ, എം.എ. നിഷാദ്, ജാഫർ ഇടുക്കി, സുധീർ കരമന, പ്രശാന്ത് മുരളി, വിജയ് മേനോൻ, സജി സോമൻ, ബിജു സോപാനം, സോഹൻ സീനുലാൽ, വിനോദ് കെടാമംഗലം, കുമാർ സുനിൽ, രെജു ശിവദാസ്, ബിജു




കാസിം, ഫിറോസ് അബ്ദുള്ള, അച്ചൽ മോഹൻദാസ്, കൃഷ്ണരാജ്, ഷാക്കിർ വർക്കല, അഖിൽ നമ്പ്യാർ, ഡോക്ടർ സജീഷ്, റഹീം മാർബൺ, അനുമോൾ, മഞ്ജു പിള്ള, മുത്തുമണി, സരിത കുക്കു, സന്ധ്യാ മനോജ്, സ്മിനു സിജോ, രമ്യാ പണിക്കർ, ബിന്ദു പ്രദീപ്, നീതാ മനോജ്, ഷീജാ വക്കപ്പാടി, അനന്തലക്ഷ്മി, ബീനാ സജി കുമാർ, ഭദ്ര തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. തിരക്കഥ, സംഭാഷണം-ജുബിൻ ജേക്കബ്, ഛായാഗ്രഹണം-രജീഷ് രാമൻ, എഡിറ്റിംഗ്-വിപിൻ മണ്ണൂർ, പശ്ചാത്തല സംഗീതം-പ്രകാശ് അലക്സ്, ഓഡിയോഗ്രാഫി-ഗണേശ് മാരാർ, സംഗീതം-മിനീഷ് തമ്പാൻ, ഗാനരചന-മനു മഞ്ജിത്ത്, ഗായകർ-സുധീപ് കുമാർ, നസീർ മിന്നലെ, എം.എ. നിഷാദ്, സൗണ്ട് ഡിസൈൻ-ജുബിൻ രാജ്, പ്രൊഡക്ഷൻ കൺട്രോളർ-എസ്. മുരുകൻ, കലാസംവിധാനം-ത്യാഗു തവനൂർ, മേക്കപ്പ്-സജി കാട്ടാക്കട, കോസ്റ്റ്യൂം-ഇർഷാദ് ചെറുകുന്ന്, അസോസിയേറ്റ് ഡയറക്ടർ-ഷെമീർ പായിപ്പാട്, ഫിനാൻസ് കൺട്രോളർ-നിയാസ് എഫ്.കെ, ഗ്രാഫിക്സ്-ഷിറോയി ഫിലിം സ്റ്റുഡിയോ എൽഎൽസി, വിതരണം-മാൻ മീഡിയ, സ്റ്റുഡിയോ-ചിത്രാഞ്ജലി, ഡോൾബി അറ്റ്മോസ്-ഏരീസ് വിസ്മയ, സ്റ്റിൽസ്-അജി മസ്കറ്റ്, ഡിസൈൻ-യെല്ലോ ടൂത്ത്സ്, മാർക്കറ്റിംഗ്-ടാഗ് 360.

## തമിഴ് സിനിമ ബ്ലാസ്റ്റ് നൽകിയ അനുഭവങ്ങളെക്കുറിച്ച് അഭിരാമി

കയ്യിലും കാലിലുമെല്ലാം ഇടികൊണ്ടു നീലിച്ച അടയാളങ്ങൾ, അസഹ്യമായ മുട്ടുവേദന, പഞ്ച് ചെയ്യുന്നതിനിടയിലെ കടുത്ത മസിൽ പെയിൻ... ഇങ്ങനെയൊക്കെ സംഭവിച്ചില്ലെങ്കിലല്ലേ അദ്ഭുതമുള്ളൂ. അമ്മാതിരി ഫൈറ്റല്ലേ സിനിമയിൽ മുഴുവൻ. ബ്ലാസ്റ്റ് എന്ന തമിഴ് സിനിമ തിയറ്ററിൽ ഇടിപൂരം തീർക്കുമ്പോൾ അഭിരാമി അതിന്റെ ഒത്ത നടുവിലുണ്ട്. ഭർത്താവിനെയും മകളെയും സംരക്ഷിക്കുന്ന ഫൈറ്റർ റാണിയായി. 25 ദിവസത്തെ ഷൂട്ടിൽ 20 ദിവസവും ഫൈറ്റ് സീനുകളായിരുന്നു. രാത്രിയിലും മഴയത്തുമെല്ലാം ഷൂട്ടിങ്. കഠിനമായിരുന്നു ആ ദിവസങ്ങളെങ്കിലും നന്നായി ആസ്വദിച്ചെന്ന് അഭിരാമി. ഇപ്പോൾ കേരളത്തിലെ തിയറ്ററുകളിൽ പോലും ജനം ബ്ലാസ്റ്റ് നന്നായി ആസ്വദിക്കുമ്പോൾ മലയാളി പ്രേക്ഷകർ ഇങ്ങനെ ചോദിക്കുന്നുണ്ടാകും... എന്നിട്ടുമെന്തേ അഭിരാമി മലയാളത്തിൽ വല്ലപ്പോഴുമെത്തുന്ന 'അതിഥി താരം' മാത്രമായി മാറുന്നു.



ഹൈ ക്വാളിറ്റിയിൽ നിൽക്കുന്ന മലയാളം സിനിമയിൽ അഭിനയിക്കാൻ എനിക്ക് അതിയായ മോഹമുണ്ട്. പക്ഷേ, എന്തുകൊണ്ടോ ഓഫർ വരുന്നില്ല. ഞാൻ ആർക്കും ഒരു ഉപദ്രവവും ചെയ്തിട്ടില്ല. ആരോടും മോശമായി പെരുമാറിയിട്ടില്ല. ആരെങ്കിലും എന്നെ മനഃപൂർവം ഒഴിവാക്കുന്നതാണോ? അറിയില്ല. അങ്ങനെ തോന്നിയിട്ടില്ല. പക്ഷേ, എന്നിട്ടും... ആരെങ്കിലും ഇനി അവസരങ്ങൾ തരുമെന്നു കരുതാം. കാത്തിരിക്കാൻ തയാറാണ്. ഞാൻ ഇവിടെയൊക്കെത്തന്നെയുണ്ട്.

ബ്ലാസ്റ്റിലേക്ക് എത്തിയത് എങ്ങനെയെന്നാൽ 29 വയസ്സുള്ള സുഭാഷ് കെ. രാജ് ആണ് ഈ സിനിമ സംവിധാനം ചെയ്തത്. സൂമിലൂടെയാണ് എന്നോട് കഥ പറഞ്ഞത്. തികച്ചും വ്യത്യസ്തമായ നരേറ്റീവാണ് സുഭാഷ് തന്നത്. തുടക്കം മുതൽ ഒടുക്കം വരെ വിശദീകരിച്ചു. വിഷ്വൽ ലാംഗ്വേജിനെക്കുറിച്ചുള്ള അറിവും ബോധ്യപ്പെട്ടു. പിന്നെ നിർമാണം തമിഴിലെ പ്രമുഖരായ എജിഎസ് എന്റർടെയ്ൻമെന്റും. അവർ ഈ ചെറുപ്പക്കാരനിൽ വിശ്വാസം അർപ്പിക്കണമെങ്കിൽ അതിനു തക്കതായ കാരണമുണ്ടാകുമെന്ന് ഉറപ്പായിരുന്നു. അപ്പോൾ തന്നെ ഞാൻ ഓക്കെ പറഞ്ഞു. പക്ഷേ, പടം ഇത്ര വലിയ ഹിറ്റാകുമെന്ന് കരുതിയില്ല.

സിനിമയുടെ കഥ കേട്ടപ്പോൾ ഞാൻ തന്നെ പറഞ്ഞിരുന്നു കരാട്ടെയിൽ കൃത്യമായ പരിശീലനം വേണമെന്ന്. കാരണം നീലവേണി എന്ന ഇടിക്കാരി അമ്മയായി മാറാൻ കരാട്ടെ അറിഞ്ഞിരിക്കണം. അതുണ്ടായി. പഞ്ചും ബ്ലോക്കുമെല്ലാം എങ്ങനെ വേണമെന്ന് പഠിച്ചെടുത്തു. സ്റ്റണ്ട് മാസ്റ്റർ ഏറെ സഹായിച്ചു. ഓരോ ഷോട്ടിനു മുൻപും റിഹേഴ്സൽ ഉണ്ടായിരുന്നു. പിന്നെ നായകൻ അർജുൻ കരാട്ടെക്കാരൻ കൂടിയാണല്ലോ. എന്നെയും മകളായി അഭിനയിച്ച പ്രിതി മുകുന്ദനെയുമെല്ലാം അദ്ദേഹവും ഫൈറ്റ് സീനിൽ ഒരുപാടു സഹായിച്ചു.

സ്ത്രീ കേന്ദ്രീകൃത സിനിമയെന്നതാണോ ബ്ലാസ്റ്റിലേക്ക് ആകർഷിച്ച ഘടകം എന്നു ചോദിച്ചാൽ അങ്ങനെയൊരു ചിന്ത ആദ്യം ഉണ്ടായിരുന്നില്ല. സംവിധായകൻ അങ്ങനെ കരുതിയിരുന്നോയെന്നും അറിയില്ല. പക്ഷേ, എപ്പോഴും സ്ത്രീകളെ രക്ഷിക്കാൻ പുരുഷനേ കഴിയൂ എന്ന സങ്കൽപം പൊളിച്ചെഴുതുകയാണ് ലക്ഷ്യം എന്നു വ്യക്തമായിരുന്നു. അത്തരത്തിലൊരു കുടുംബചിത്രം എന്നതായിരുന്നു പ്രാഥമികമായി സംവിധായകൻ ഉദ്ദേശിച്ചതെന്നു കരുതുന്നു. അച്ഛനോടുചേർന്നു ഫൈറ്റ് ചെയ്യാൻ മകൾ. മകളെയും അച്ഛനെയും രക്ഷിക്കാൻ അതിലും ശക്തയായ അമ്മ. സിനിമ ഇറങ്ങിയപ്പോൾ ഇതിന്റെ അർത്ഥതലങ്ങൾ വിപുലമായി. സ്ത്രീകൾ എങ്ങനെയായിരിക്കണം, മക്കളെ ശാരീരികമായും മാനസികമായും ശക്തരാക്കാൻ എന്തു ചെയ്യണം എന്നീ ചിന്തകളിലേക്കും കൂടി പ്രേക്ഷകരെ സിനിമ കൊണ്ടുചെന്നെത്തിച്ചു എന്നതാണ് വിജയം. അറിഞ്ഞോ അറിയാതെയോ അങ്ങനെയൊരു സാമൂഹിക ചിന്തയിലേക്കു കൂടി ബ്ലാസ്റ്റ് നീണ്ടു എന്നതിൽ ഇപ്പോൾ അഭിമാനം. സന്തോഷം.

## 'അരയനും അമരക്കാരനും' പ്രദർശനത്തിനൊരുങ്ങുന്നു

രാജ്യാന്തര തീർഥാടന കേന്ദ്രമായി ലോക പൈതൃകപട്ടികയിൽ ഇടംനേടി, സഹ്യന്റെ നെറുകയിൽ പ്രശോഭിക്കുന്ന വെള്ളറട തെക്കൻ കുരിശുമലയുടെ ചരിത്രവും പോരാട്ടങ്ങളുടെ കുടുംബജീവിതവും എന്നും വിശ്വാസജീവിതത്തിനു പ്രചോദനമേകുന്ന തരത്തിൽ ഒരുക്കിയ ചിത്രമാണ് അരയനും അമരക്കാരനും. ചിത്രം പ്രദർശനത്തിന് തയാറായിക്കൊണ്ടിരിക്കുന്നു.

ഇന്ദ്രൻസ്, ചെമ്പിൽ അശോകൻ, ബോബൻ ആലുംമൂടൻ, കുമരകം രഘുനാഥ്, മനുരാജ്, കോട്ടയം രമേഷ്, സജി സൂര്യ, ഹരി കൊല്ലം, റ്റി. ബിനു, രാജമണി, ബ്രൈറ്റ് തോംസൺ, ഇഗ്നേഷ്യസ്, പ്രമോദ് മണി, ഡോ. ദിവ്യ നായർ, വിജയകുമാരി, സേതുലക്ഷ്മി, രഹ്ന, കല്യാണി, കെസിയ എന്നിവർ പ്രധാന കഥാപാത്രങ്ങൾക്കു ജീവൻ പകരുന്നു.

സമന്വയ വിഷന്റെ ബാനറിൽ ബ്രൈറ്റ് പ്രൊഡക്ഷൻസ് നിർമിക്കുന്ന ചിത്രത്തിന്റെ ക്രിയേറ്റീവ് ഹെഡ്, റവ. മോൺ. ഡോ. വിൻസെന്റ് കെ. പീറ്ററാണ്. നിർമാണം-ബ്രൈറ്റ് തോംസൺ, സംവിധാനം-വി.വി. വിൽഫ്രഡ്, കഥ, തിരക്കഥ, സംഭാഷണം-ഷാജി മതിലകം, ഛായാഗ്രഹണം-ഗുണ അനുരാഗ്, അലക്സ്, വിനോദ്, എഡിറ്റിംഗ്-പി.സി. മോഹനൻ, പ്രൊഡക്ഷൻ കൺട്രോളർ-കിച്ചി പൂജപ്പുര.



## വെള്ളാപ്പള്ളിക്കെതിരായ കുറ്റപത്രത്തിന് വിജിലൻസ് അംഗീകാരം



തിരുവനന്തപുരം: എസ്എൻഡിപി യോഗം മൈക്രോ ഫിനാൻസ് സാമ്പത്തിക തട്ടിപ്പ് കേസിൽ വെള്ളാപ്പള്ളി നടേശൻ അടക്കമുള്ളവർക്കെതിരായ ആദ്യ കുറ്റപത്രത്തിന് വിജിലൻസിന്റെ അംഗീകാരം. വിജിലൻസ് ഡയറക്ടർ ഡിജിപി മനോജ് ഏബ്രഹാം കുറ്റപത്രത്തിന് അംഗീകാരം നല്കിയതോടെ ഇത് വൈകാതെ കോടതിയിൽ സമർപ്പിക്കാനുള്ള നടപടിയിലേക്ക് അന്വേഷണസംഘം കടന്നു. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളിക്കു പുറമെ പ്രസിഡണ്ട് എം.എൻ. സോമൻ, പിന്നാക്ക വികസന കോർപ്പറേഷൻ മുൻ എംഡി ദിലീപ്കുമാർ തുടങ്ങിയവരാണ് പ്രതിപ്പട്ടികയിലുള്ളത്. അഴിമതി നിരോധന നിയമപ്രകാരമുള്ള വകുപ്പുകളാണ് ചുമത്തുകയെന്നാണ് വിവരം.

ക്രമക്കേടിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഇടപെടൽ കൂടി വ്യക്തമായതിനാൽ പ്രോസിക്യൂഷൻ സർക്കാരിന്റെ അനുമതി വിജിലൻസ് തേടും. അന്വേഷണം നീണ്ടുപോകുന്നതിൽ പലതവണ ഹൈക്കോടതിയിൽ നിന്ന് വിമർശനം നേരിട്ടതിനു ശേഷമാണ് കേസിൽ നിർണായകമായ തുടർനടപടിക്കുള്ള നീക്കം. തട്ടിപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് രജിസ്റ്റർ ചെയ്ത 124 കേസുകളിൽ അംഗീകാരം ലഭിക്കുന്ന ആദ്യ കുറ്റപത്രമാണിത്. എസ്എൻഡിപി യോഗം വയനാട് യൂണിയനുമായി ബന്ധപ്പെട്ട കേസിലാണ് കുറ്റപത്രം തയ്യാറാക്കിയത്. അതേസമയം, മൈക്രോ ഫിനാൻസ് തട്ടിപ്പെന്നത് തനിക്കെതിരായ വെറും ആരോപണം മാത്രമാണെന്നും തെളിവുണ്ടെങ്കിൽ ശിക്ഷിക്കട്ടെയെന്നും വെള്ളാപ്പള്ളി നടേശൻ കൊച്ചിയിൽ പറഞ്ഞു.

## തെരഞ്ഞെടുപ്പുവർഷം; നികുതി പിരിക്കുന്നതിൽ വൻ വീഴ്ച

തിരുവനന്തപുരം: കഴിഞ്ഞ സർക്കാരിന്റെ അവസാന സാമ്പത്തിക വർഷം ബാർ ഹോട്ടലുകളിൽനിന്നു നികുതി പിരിക്കുന്നതിൽ വൻ വീഴ്ച. നികുതിപ്പിരിവ് ഉഴപ്പിയതിനാൽ മുൻവർഷത്തെക്കാൾ നഷ്ടം 100.61 കോടി രൂപ. കേരളത്തിലെ മൊത്തമദ്യവിതരണക്കാരായ ബവ്റിജസ് കോർപറേഷന്റെ വിറ്റുവരവു നികുതി 982.59 കോടി (6.61 ശതമാനം) വർധിച്ചപ്പോഴാണ്, പെഗ് അടിസ്ഥാനത്തിൽ മദ്യം വിൽക്കുന്ന ബാർ ഹോട്ടലുകൾ സർക്കാരിനു നൽകേണ്ട നികുതിയിലെ വൻ ഇടിവ് (17.74 ശതമാനം).

കഴിഞ്ഞ വർഷം (2025-26) ബാർ ഹോട്ടലുകളിൽനിന്നു ലഭിച്ച വിറ്റുവരവു നികുതി 466.32 കോടി മാത്രമാണെന്നാണു ജിഎസ്ടി രേഖകൾ. അഞ്ച് വർഷത്തിനിടെ പിരിച്ച ഏറ്റവും കുറഞ്ഞ തുകയാണിത്. കഴിഞ്ഞ സാമ്പത്തികവർഷം ബാറും ബീയർ പാർലറും ചേർത്ത് 1070 മദ്യശാലകളാണു കേരളത്തിലുണ്ടായിരുന്നത്. നിർണായകമായ തെരഞ്ഞെടുപ്പു വർഷത്തിലാണ് ബാർ ഹോട്ടലുകൾക്കു 100 കോടിയിലധികം രൂപയുടെ ലാഭമുണ്ടായതെന്നത് ഒട്ടേറെ രാഷ്ട്രീയ ചോദ്യങ്ങൾ ഉയർത്തും.

കെജിഎസ്ടി (കേരള ജനറൽ സെയിൽസ് ടാക്സ്) നിയമപ്രകാരം ബാർ അല്ലെങ്കിൽ ബീയർ പാർലർ പ്രവർത്തിക്കുന്ന ഹോട്ടലുകൾ മദ്യ വിറ്റുവരവിന്റെ 10 ശതമാനം നികുതി അടയ്ക്കണം. ഹോട്ടലുടമകളുടെ നികുതി റിട്ടേൺ, ബുക്സ് ഓഫ് അക്കൗണ്ട്സ് എന്നിവ പരിശോധിച്ചാണിതു നിശ്ചയിക്കുന്നത്. ഹോട്ടലുടമകൾ തന്നെയാണു നികുതി തീരുമാനിക്കുന്നതെന്നു ചുരുക്കം. ഈ നികുതി സ്വീകരിക്കുന്നതല്ലാതെ കൃത്യമായ പരിശോധന നടത്തുന്നില്ലെന്ന ആക്ഷേപം കഴിഞ്ഞ സർക്കാരിന്റെ കാലത്തു പ്രതിപക്ഷം പലതവണ ഉന്നയിച്ചിരുന്നു.

2017-18 മുതൽ 2023-24 വരെ ആകെ 109 ബാറുകളിൽ മാത്രമാണു പരിശോധന നടത്തിയിരുന്നതെന്നും രണ്ട് സാമ്പത്തിക വർഷത്തിൽ ഒറ്റ ബാറിലും പരിശോധന നടത്തിയില്ലെന്നും മുൻധനമന്ത്രി കെ.എൻ. ബാലഗോപാൽതന്നെ നിയമസഭയിൽ അറിയിച്ചിരുന്നു.

നികുതി അടച്ചില്ലെങ്കിൽ പിഴ ചുമത്താനും രജിസ്ട്രേഷൻ റദ്ദാക്കാനും കഴിയും. എന്നാൽ, കഴിഞ്ഞ വർഷം കാര്യമായ പരിശോധന പോലുമുണ്ടായില്ല.

പെട്രോളിയം ഉൽപന്നം, ബവ്കോ, ബാർ ഹോട്ടൽ, അദർ ലിക്കർ (ഡിസ്റ്റിലറി, ക്ലബ്) എന്നിവയുടെ വിറ്റുവരവു നികുതിയാണു പ്രധാന കെജിഎസ്ടി വരുമാനം. 2025-26-ൽ ആകെ കെജിഎസ്ടി വരുമാനം 2024-25-ലെ 27767.35 കോടിയിൽനിന്ന് 29425.71 കോടിയായി. 1658.36 കോടി (5.97 ശതമാനം) അധികം.

## ജി. സുകുമാരൻ നായർ വീണ്ടും എൻഎസ്എസ് ജനറൽ സെക്രട്ടറി



ചങ്ങനാശേരി: നായർ സർവീസ് സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയായി ജി. സുകുമാരൻ നായരെ (86) വീണ്ടും തെരഞ്ഞെടുത്തു. തുടർച്ചയായി ആറാംതവണയാണ് അദ്ദേഹം ജനറൽ സെക്രട്ടറി പദവിയിലെത്തുന്നത്. ബോർഡ് ഓഫ് ഡയറക്ടേഴ്സിലേക്കും അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡണ്ടായി എം. സംഗീത് കുമാറിനെയും (69) ട്രഷററായി എൻ.വി. അയ്യപ്പൻ പിള്ളയെയും (75) വീണ്ടും തെരഞ്ഞെടുത്തു. ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ ഒഴിവുവന്ന 9 സ്ഥാനങ്ങളിലേക്കുള്ള പ്രതിനിധികളെയും തെരഞ്ഞെടുത്തു. പെരുന്ന എൻ.എസ്.എസ് ആസ്ഥാനത്തെ പ്രതിനിധി സമ്മേളനത്തിൽ നടന്ന ബജറ്റ് സമ്മേളനത്തിലായിരുന്നു തെരഞ്ഞെടുപ്പ്. 175 കോടി രൂപയുടെ ബജറ്റ് അവതരിപ്പിച്ചു. കാലാവധി പൂർത്തിയായതിനെ തുടർന്ന് മുൻമന്ത്രി കെ.ബി. ഗണേഷ്കുമാറിനെ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ നിന്ന് ഒഴിവാക്കി. വീണ്ടും തെരഞ്ഞെടുക്കപ്പെടാനുള്ള നോമിനേഷൻ സമർപ്പിച്ചിരുന്നില്ല. ആറു പതിറ്റാണ്ടിലേറെയായി എൻ.എസ്.എസിൽ പ്രവർത്തിക്കുന്ന സുകുമാരൻ നായർ 2011 ജൂൺ 25-നാണ് ആദ്യം ജനറൽ സെക്രട്ടറിയായത്. എൻ.എസ്.എസ് അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി പദവികൾ വഹിച്ചിരുന്നു. എൻ.എസ്.എസിന്റെ പത്താമത്തെ ജനറൽ സെക്രട്ടറിയാണ് സുകുമാരൻ നായർ.

## പാസ്പോർട്ട് സേവാ കേന്ദ്ര മാതൃകയിൽ എംവിഡി സേവാ കേന്ദ്രങ്ങൾ

കോഴിക്കോട്: പാസ്പോർട്ട് സേവാ കേന്ദ്ര മാതൃകയിൽ 'എംവിഡി സേവാ കേന്ദ്രങ്ങൾ' തുടങ്ങാനുള്ള മോട്ടർ വാഹന വകുപ്പിന്റെ നീക്കം അപേക്ഷകർക്കു തിരിച്ചടിയാകുമെന്ന് ആശങ്ക. സർവീസ് ചാർജ് കുത്തനെ ഉയരുമെന്നു മാത്രമല്ല, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാകുമെന്നും വകുപ്പിലെ ജോലി സാധ്യത കുറയ്ക്കുമെന്നുമാണ് ആശങ്ക. പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മാതൃകയിൽ, പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ പൂർണമായി എംവിഡി സേവാകേന്ദ്രങ്ങളിലേക്കു മാറ്റാനുള്ള ട്രാൻസ്പോർട്ട് കമ്മീഷണറുടെ പദ്ധതി നിർദേശം ഗതാഗതവകുപ്പിന്റെ പരിഗണനയിലാണ്.

ഡ്രൈവിങ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, നികുതി, പെർമിറ്റ്, ഇ ചലാൻ, ഉപയോക്താക്കളുടെ പരാതി എന്നിവ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ സ്ഥാപിക്കുന്ന സേവാ കേന്ദ്രങ്ങൾ വഴി നൽകുകയാണു ലക്ഷ്യം. നിലവിൽ ആർടി ഓഫീസുകളിൽ പോകാതെ തന്നെ അപേക്ഷകനു നേരിട്ടു ചെയ്യാവുന്ന, ആധാർ അധിഷ്ഠിത സേവനങ്ങളടക്കം സേവാ കേന്ദ്രങ്ങളിലേക്കു മാറ്റും. ഡ്രൈവിങ് ലൈസൻസ്, വാഹന ഉടമസ്ഥത മാറ്റൽ, ഹൈപ്പോത്തിക്കേഷൻ, ഹൈപ്പോത്തിക്കേഷൻ ഒഴിവാക്കൽ, പെർമിറ്റ് എന്നിവ സംബന്ധിച്ച സേവനങ്ങൾ ആധാർ ബന്ധപ്പെടുത്തിയ മൊബൈൽ നമ്പർ വഴി നിലവിൽ അപേക്ഷകനു പരിവാഹൻ സൈറ്റിലൂടെ നേരിട്ടും അക്ഷയ കേന്ദ്രം വഴിയും ചെയ്യാം. ആധാറുമായി ബന്ധിപ്പിക്കാത്ത മൊബൈൽ നമ്പർ ആണ് ഉപയോഗിക്കുന്നതെങ്കിൽമാത്രം അപേക്ഷകൻ ആർടി ഓഫീസിലെത്തിയാൽ മതി. പുതിയ പദ്ധതി നടപ്പായാൽ, എല്ലാ അപേക്ഷകരും നേരിട്ടു സേവാ കേന്ദ്രങ്ങളിലെത്തേണ്ടി വരും. ഫീസിനു പുറമേ സർവീസ് ചാർജും അടയ്ക്കേണ്ടി വരും.

തത്കാൽ പാസ്പോർട്ട് പോലെ, എംവിഡി സേവാ കേന്ദ്രയിൽ തത്കാൽ സേവനത്തിനും നിർദേശമുണ്ട്. ഇതിന് അധികം സർവീസ് ചാർജ് നൽകണം. നിലവിൽ ആർടി, സബ് ആർടി ഓഫീസുകളിൽ, ചെറിയ സർവീസ് ചാർജ് വാങ്ങി സേവനം നൽകുന്ന കുടുംബശ്രീ ഇ സേവാ കേന്ദ്രങ്ങളുണ്ട്. ഇവർക്കും പുതിയ പദ്ധതി തിരിച്ചടിയാകും.

ഡിജിറ്റൽ ടോക്കൺ, സെൽഫ് സർവീസ് കിയോസ്ക്, ഓൺലൈൻ പേയ്മെന്റ് സിസ്റ്റം, സിസിടിവി, പരാതി പരിഹാര കൗണ്ടറുകൾ, കാത്തിരിപ്പിനുള്ള സ്ഥലം തുടങ്ങിയ സൗകര്യങ്ങൾ സേവാ കേന്ദ്രത്തിൽ സ്വകാര്യ കമ്പനി ഒരുക്കണം. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാമെന്നും അക്ഷയ കേന്ദ്രങ്ങളുമായും കംപ്യൂട്ടർ സർവീസ് കേന്ദ്രങ്ങളുമായും ഏകോപിപ്പിച്ചു കൊണ്ടുപോകാമെന്നും ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്രങ്ങൾ തുടങ്ങാമെന്നും നിർദേശത്തിലുണ്ട്.

## പുതിയ സർക്കാരിന്റെ ആദ്യ ബജറ്റ്

(3-ാം പേജിൽനിന്നും)

വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുമെന്നതിനാൽ സ്വകാര്യമേഖലയ്ക്ക് ഏറെ പ്രാധാന്യം നൽകാനും അതുവഴി നിക്ഷേപം സമാഹരിക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതടക്കമുള്ള നടപടികളിലേക്കു സർക്കാർ കടക്കുമെന്ന സൂചനയാണിതു നൽകുന്നത്.

എൽഡിഎഫ് സർക്കാരിന്റെ ബജറ്റിനെക്കാൾ നികുതി വരുമാനത്തിൽ 5000 കോടി രൂപയുടെയെങ്കിലും വർധനയുണ്ടാകുമെന്നാണ് യുഡിഎഫ് സർക്കാർ കണക്കുകൂട്ടുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിൽ തന്നെ കഴിഞ്ഞവർഷം ഇതേ കാലയളവിനെക്കാൾ 5629 കോടി രൂപ അധികം ലഭിച്ചു. നികുതിയിതര വരുമാനത്തിലും 1000 കോടിയുടെ വർധന പ്രതീക്ഷിക്കുന്നു. എന്നാൽ, കേന്ദ്ര വിഹിതത്തിൽ ഒറ്റയടിക്ക് 19,326 കോടി രൂപയുടെ കുറവുണ്ടായതായി പുതിയ ബജറ്റിലെ കണക്കുകൾ സൂചിപ്പിക്കുന്നു.

## പി.ടി. ഉഷയ്ക്കും അഞ്ജുവിനും എഎഫ്ഐ പുരസ്കാരം

ന്യൂഡൽഹി: അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എഎഫ്ഐ) ഏർപ്പെടുത്തിയ സമഗ്ര സംഭാവനയ്ക്കുള്ള പ്രഥമ പുരസ്കാരം ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷൻ പ്രസിഡന്റ് ഒളിംപ്യൻ പി.ടി. ഉഷയ്ക്കും ഒളിംപ്യൻ അഞ്ജു ബോബി ജോർജിനും ലഭിച്ചു. ഇന്ത്യയിലെ അത്‌ലീറ്റുകൾ, പരിശീലകർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവരുടെ സമഗ്ര സംഭാവനയ്ക്കുള്ള അംഗീകാരമായാണ് എഎഫ്ഐ പുരസ്കാരം ഏർപ്പെടുത്തിയത്. ഡെക്കാത്‌ലൺ താരമായിരുന്ന ഗുർബച്ചൻ സിങ് രൺധാവ, ദേശീയ ടീമിന്റെ പരിശീലകനായിരുന്ന ബഹാദുർ സിങ് ചൗഹാൻ എന്നിവർക്കും സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം നൽകി. കഴിഞ്ഞവർഷത്തെ മികച്ച പുരുഷ താരമായി ജാവലിൻ ത്രോ താരം നീരജ് ചോപ്രയെയും വനിതാ താരമായി സ്റ്റിപ്പിൾ ചേസ് താരമായ പാരുൽ ചൗധരിയെയും തെരഞ്ഞെടുത്തു.

## മലേറിയക്കെതിരെ സുപ്രധാന കണ്ടെത്തലുമായി ബ്രിക് ആർജിസിബി ഗവേഷക സംഘം

തിരുവനന്തപുരം: മലേറിയയ്ക്കെതിരെ ലോകവ്യാപകമായി ഉപയോഗിക്കുന്ന മരുന്നായ ആർട്ടെമിസിനിനെ മലേറിയ പാരസൈറ്റുകൾ അതിജീവിക്കുന്നതുമായി ബന്ധപ്പെട്ട മെക്കാനിസത്തെക്കുറിച്ചുള്ള കണ്ടെത്തലുമായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ (ബ്രിക്ആർജിസിബി) ശാസ്ത്രജ്ഞർ. ഭാവിയിൽ മലേറിയ ചികിത്സകൾക്കു പ്രയോജനപ്രദമാകുന്ന സുപ്രധാന കണ്ടെത്തലാണിത്. ആർജിസിബിയിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. രാജേഷ് ചന്ദ്രമോഹനദാസിന്റെ നേതൃത്വത്തിൽ നടന്ന പഠനത്തിന്റെ റിപ്പോർട്ട് ജേണൽ ഓഫ് ഇൻഫെക്ഷ്യസ് ഡിസീസസിൽ എഡിറ്റേഴ്സ് ചോയ്സ് ലേഖനമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. റെറ്റിക്യുലോസൈറ്റുകൾ എന്നറിയപ്പെടുന്ന പുതുതായി രൂപംകൊള്ളുന്ന ചുവന്ന രക്താണുക്കൾ സൃഷ്ടിക്കുന്ന സംരക്ഷിത ബയോകെമിക്കൽ അന്തരീക്ഷം കാരണം മലേറിയ പാരസൈറ്റുകൾക്ക് ഈ മരുന്നിനെ പ്രതിരോധിക്കാൻ കഴിയുമെന്നാണു കണ്ടെത്തൽ. ചികിത്സ നൽകിയിട്ടും ചിലരിൽ മലേറിയ അണുബാധ ഭേദമാക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നു വിശദീകരിക്കാൻ ഈ കണ്ടെത്തലുകൾ സഹായകമാകുമെന്ന് ബ്രിക്ആർജിസിബി ഡയറക്ടർ ഡോ. ബീന പിള്ള പറഞ്ഞു. തിരുവനന്തപുരം ഐസർ, തിരുവനന്തപുരം കോസ്മോ പൊളിറ്റൻ ആശുപത്രി, പൂനയിലെ സിഎസ്ഐആർ നാഷണൽ കെമിക്കൽ ലബോറട്ടറി (എൻസിഎൽ) എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരുമായി സഹകരിച്ചാണ് ബ്രിക്ആർജിസിബിയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയത്. ആർജിസിബിയിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. രാജേഷ് ചന്ദ്രമോഹനദാസ്, ക്രിസ്റ്റീൻ ഡേവിസ്, ലക്ഷ്മി എന്നിവരടങ്ങുന്ന ഗവേഷക സംഘമാണു പഠനം നടത്തിയത്.

# ഡബ്ല്യു.എം.സി വാൻകൂവർ പ്രൊവിൻസ് സ്ഥാനാരോഹണവും അവാർഡ് നിശയും ശ്രദ്ധേയമായി

**ബ്ലെസ്സൻ മണ്ണിൽ**

വാൻകൂവർ, കാനഡ: വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി) വാൻകൂവർ പ്രൊവിൻസ് സ്ഥാനാരോഹണ ചടങ്ങും അവാർഡ് നിശയും വിപുലമായ ജനപങ്കാളിത്തത്തോടെയും ആഘോഷപൂർവവുമായ അന്തരീക്ഷത്തിലും നടന്നു.

സമൂഹത്തിലെ പ്രമുഖർ, അംഗങ്ങൾ, സ്പോൺസർമാർ, വിവിധ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്ത ചടങ്ങ് ശ്രദ്ധേയമായി.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ ഔദ്യോഗികമായി വാൻകൂവർ പ്രവിശ്യ ഉദ്ഘാടനം ചെയ്തു. തുടർന്ന് അമേരിക്കൻ റീജിയൻ പ്രസിഡണ്ട് ബ്ലെസ്സൻ മണ്ണിൽ പുതിയ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അമേരിക്ക റീജിയൻ വിമൻസ് ഫോറം പ്രസിഡണ്ട് ലക്ഷ്മി പീറ്റർ ആശംസാപ്രസംഗം നടത്തി.



ലിറ്റി ജോർജ് പ്രസിഡണ്ടായും ആനി ഫിലിപ്പ് ചെയർപേഴ്സണായും ഉല്ലാസ് മാത്യു സെക്രട്ടറിയായും നേതൃത്വം നല്കുന്ന പുതിയ പ്രവിശ്യാ കമ്മിറ്റി ചടങ്ങിൽ ഔദ്യോഗികമായി സ്ഥാനമേറ്റു.

സുനിൽ തോമസ് (ട്രഷറർ), ജോജോ കുര്യൻ (വിപി ഓർഗ്), പ്രിസ്കില്ല ഓമ്മൻ (ജോയിന്റ് സെക്രട്ടറി), റോഷിൻ റോയ് (ജോയിന്റ് ട്രഷറർ), ആൽബിൻ ജോർജ് (വി.പി. അഡ്മിൻ), ജോർജ് വർഗീസ്, നീന ചെറിയാൻ, സജ്ന കരീം, സനൽ ജോൺ, അനൂപ് രാജശേഖരൻ, ജെയിംസ് തെക്കേക്കര എന്നിവർ ഉൾപ്പെടെയുള്ള ഭാരവാഹികളും സ്ഥാനമേറ്റു.



സാംസ്കാരിക പരിപാടികൾ, അവാർഡ് വിതരണങ്ങൾ, സാമൂഹിക സേവനരംഗത്ത് മികവ് തെളിയിച്ച വ്യക്തികൾക്കുള്ള ആദരവുകൾ എന്നിവ ചടങ്ങിന്റെ പ്രധാന ആകർഷണങ്ങളായിരുന്നു.

അമേരിക്ക റീജിയൻ നേതൃത്വവും വിവിധ സാമൂഹിക-സാംസ്കാരിക സംഘടനകളുടെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ നേതൃത്വത്തിന്റെ പേരിൽ ഗ്ലോബൽ ചെയർമാൻ തോമസ് മൊട്ടയ്ക്കൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി ഷാജി മാത്യു, ഗ്ലോബൽ ട്രഷറർ സണ്ണി വലിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡണ്ട് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ട് (അമേരിക്ക-ഇൻ ചാർജ്)ഡോ. തങ്കം അരവിന്ദ് എന്നിവർ പുതുതായി സ്ഥാനമേറ്റ വാൻകൂവർ പ്രവിശ്യാ നേതൃത്വത്തിന് ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ അറിയിച്ചു.

അമേരിക്ക റീജിയൻ ചെയർമാൻ ഡോ. ഷിബു സാമുവൽ, റീജിയൻ ജനറൽ സെക്രട്ടറി മഞ്ജു നീലിവീട്ടിൽ, റീജിയൻ ട്രഷറർ മോഹൻ ആറുമുഖം എന്നിവരും ആശംസകൾ നേർന്നു.




വാൻകൂവർ പ്രവിശ്യയുടെ രൂപീകരണവും സ്ഥാനാരോഹണവും വേൾഡ് മലയാളി കൗൺസിലിന്റെ ആഗോള വളർച്ചയ്ക്കുള്ള മറ്റൊരു സുപ്രധാന ചുവടുവെപ്പാണ്.

ഉത്തര അമേരിക്കയിലെ മലയാളി സമൂഹത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ ഈ പ്രവിശ്യ നിർണായക പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു: ജെയിംസ് കൂടൽ പറഞ്ഞു.

ചടങ്ങിന്റെ അവസാനം മലയാളി സമൂഹത്തിന്റെ ക്ഷേമത്തിനും ഡബ്ല്യുഎംസിയുടെ ലക്ഷ്യങ്ങൾക്കും മൂല്യങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുമെന്ന് പുതിയ പ്രവിശ്യാ നേതൃത്വം പ്രതിജ്ഞാബദ്ധത അറിയിച്ചു.






Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**